
# ക്നാനായ ദീപം

KNANAYADEEPAM

SINCE 1989

Vol: 33 / Issue: 2 February 2022 ₹ :10/-



**നീതിമാന്റെ ഓർമ്മ**
**അനുഗ്രഹത്തിനായിത്തീരട്ടെ**

**40th Day of Demise**

**06 February 2022**



# K. C. Abraham (Kunjavarachen)

**Kallamparambil, Ranni**

*"Appa, we miss you every single day, but you have given us beautiful memories to cherish forever. We are sure you are in a better and safer place, can't wait to meet you there."*

Lots of love, Beloved Family.

Advt - O

# ക്നാനായ ദീപം

SINCE 1989

2022 ഫെബ്രുവരി    പുസ്തകം 33    ലക്കം 2

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

വിത്തുകൾക്കുവേണ്ടി ദൈവമാതാവിന്റെ പെരുന്നാൾ 09
ലീലാമ്മ ഏബ്രഹാം പാലക്കുടി

തിരുവചനം 10
ഓമന സഖറിയ

വിവാഹം-ജീവിതം-ഒരുക്കം 15
സുനിൽ ഡി. കുരുവിള

മാതൃകാ കുടുംബജീവിതം 17
ഫാ. ഡോ. ജയിംസ് തോടത്തിൽ

മൽപാനോടു ചോദിക്കാം 20

ആരാണ് മല്ല സുഹൃത്ത് 21
റ്റി.സി. തോമസ് തോപ്പിൽ

ഏവൻഗേലിയോൻ ദീപം 22
ഡീ. ചിക്കു ബേബി കാരിമറ്റത്തിൽ

സ്പോക്കൺ ഇംഗ്ലീഷ് 24
കുര്യൻ ജോസഫ് മുട്ടത്തുകടവിൽ

ആ യാത്ര 25
നീതു അനൂബ്

വിമോചനം 26
ജയിനമ്മ മർക്കോസ് നടുവിലേപ്പറമ്പിൽ

27 നോമ്പ് സ്നേഹത്തിലുള്ള ശിക്ഷണം
ഡോ. കുര്യാക്കോസ് കോർ എപ്പിസ്ക്കോപ്പാ മൂലയിൽ

37 മലർവാടിക്കൂട്ടം, ബാലദീപം ക്വിസ്

37 കരയുന്ന മാനസം
പുളിങ്കുന്ന് ലൂക്കാ

38 പരി. ഏലിയാസ് ത്രിതീയൻ ബാവാ
ഫാ. മോനായി കെ. ഫിലിപ്പ്, കർക്കടകം പള്ളിൽ

39 ജലസംരക്ഷണം

40 കാൽപ്പാടുകൾ
എബി

41 യാക്കോബ്
റ്റി. കെ തോമസ് തൈകുറിഞ്ഞിയിൽ

43 മാട്രിമോണിയൽ


SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യൂആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.


**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Jacob Thomas Mattackattu
(Acting Trustee)

T. O. Abraham Thottathil
(Samudaya Secretary)

Visit www.
knanayadeepam.in

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com



**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
0481-2961213
Mob. 85475 84440
E-mail:
**kna.deepam@gmail.com**



ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




**രാജാധിരാജാവിന്റെ വരവിന്റെ കാഹളധ്വനി കേൾക്കാറായി. അതേ അവൻ ആരംഭവും അവസാനവുമാണ്, ആദിയും അന്തവും അവനിൽ സമന്വയിക്കുന്നു.**

കർത്താവിൽ പ്രിയരെ,

വിശ്വാസികളും അവിശ്വാസികളും ഒരുപോലെ ഉരുവിടുന്ന ഒരു സത്യമാണ് ലോകം അതിന്റെ അന്ത്യത്തിലേക്ക് ത്വരിതഗമനം ചെയ്തുകൊണ്ടിരിക്കുന്നു എന്നുള്ളത്. വെളിപാടു പുസ്തകത്തിൽ എല്ലാറ്റിന്റെയും അവസാനത്തെക്കുറിച്ച് ആധികാരികമായി അവതരിപ്പിച്ചിരിക്കുന്നത് ശ്രദ്ധിക്കുക. വെളി. 1:8-ൽ ഞാൻ ആദിയും അന്തവുമാകുന്നു എന്നും വെളി. 22:13 ൽ ഞാൻ ആൽഫയും ഒമേഗയും ഒന്നാമനും ഒടുക്കത്തവനും ആദിയും അന്തവും ആകുന്നു എന്നുമാണല്ലോ. യേശുക്രിസ്തു തന്നെ ആദിയും അന്തവും. ആദിയിൽ ദൈവം എന്നുള്ള ഉറച്ച പ്രഖ്യാപനത്തോടു കൂടിയാണല്ലോ തിരുവചനം ആരംഭിക്കുന്നത്. സൃഷ്ടാവും സംരക്ഷകനുമായ യേശുക്രിസ്തു സകലത്തേയും അതിന്റെ പൂർണ്ണതയിൽ എത്തിക്കുകയും ചെയ്യുന്ന മഹാദൈവംതന്നെ. യേശുക്രിസ്തു ആണ് ആരംഭം, അവൻതന്നെയാണ് അവസാനവും പാപപങ്കിലമായ ഇന്നത്തെ ലോകത്തിൽ നിന്ന് ഒരു പുതിയ ലോകത്തിലേക്ക് അതായത് നിത്യതയിലേക്ക് അവൻ നമ്മെ എത്തിക്കും. എങ്ങനെ മനുഷ്യന് നിത്യതയോടെ നിർവൃതിയടയുവാൻ കഴിയും. മോക്ഷപ്രാപ്തിക്കുവേണ്ടിയുള്ള മനുഷ്യന്റെ അന്വേഷണം ഇന്നും തുടരുകയല്ലേ. ദൈവത്തെ അന്വേഷിക്കുന്നവൻ ആരുമില്ല എന്നുള്ള തിരുവചനം നാം വായിക്കുന്നു. എന്നിട്ടും ദൈവം മനുഷ്യനെ കൈവിടുന്നില്ല. മോക്ഷപ്രാപ്തിക്കുള്ള മനുഷ്യന്റേതായ എല്ലാ അന്വേഷണങ്ങളും കേവലം പരാജയത്തിന്റെ പടുകുഴിയിൽ എത്തുന്നു. ആത്മീയ വിശപ്പും ദാഹവും ശമിപ്പിക്കുവാൻ മനുഷ്യൻ ചെയ്യുന്ന സകല പ്രവൃത്തികളും പരാജയമാണ്. ജീവജലത്തിന്റെ ദാതാവായ യേശുനാഥൻ നൽകുന്ന ജീവജലത്തിൽ നിന്ന് കുടിക്കുന്നവന് ഒരു നാളും ദാഹിക്കുകയില്ല. സാക്ഷാൽ ജീവന്റെ അപ്പവും അവൻ തന്നെ 1.കോരി. 10:16 -18. നാം അനുഗ്രഹിക്കുന്ന കാസാ യേശുവിന്റെ രക്തവും നാം നുറുക്കുന്ന അപ്പം യേശുവിന്റെ ശരീരവും ആകുന്നു. അപ്പം ഒന്നാകകൊണ്ട് പലരായ നാം ഒരു ശരീരമാകുന്നു. 1. കോരി 3:3-5 വരെ നിങ്ങളുടെ ഇടയിൽ ഈർഷ്യയും പിണക്കവും ഇരിക്കെ നിങ്ങൾ ജഡീകരാകുന്നു. അങ്ങനെയുള്ളവർ ഞാൻ പൗലോസിന്റെ കക്ഷി, ഞാൻ അപ്പല്ലോസിന്റ കക്ഷി എന്നൊക്കെ പറഞ്ഞ് ഒരേ അപ്പത്തിന്റെ അംശികളായ നാം വിവിധ കക്ഷികളായി പിരിഞ്ഞ് തമ്മിൽ കലഹിക്കുന്നു. യേശുക്രിസ്തുവിന്റെ ശരീരത്തിലെ വിവിധ അവയവങ്ങൾ മാത്രമാണ് നിങ്ങൾ എന്നവർ മനസ്സിലാക്കുന്നില്ല. കർത്താവ് യോഹന്നാന്റെ സുവിശേഷം 17-ൽ പ്രാർത്ഥിക്കുകയാണ്, നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കണം എന്ന്, പിതാവും പുത്രനും ഒന്നായിരിക്കുന്നതുപോലെയുള്ള ഏകത നമ്മുടെ മദ്ധ്യേ നിലനിൽക്കുന്നുണ്ടോ? നീ ക്രിസ്തുവിലായി എന്നഭിമാനിക്കുന്നുവെങ്കിൽ നിന്റെ സഹോദരനോട് ഈ ഐക്യത പാലിക്കുവാൻ അതിന്റെ സന്തോഷം അനുഭവിക്കുവാൻ നിനക്ക് ഇടയാകേണ്ടതാണ്. അതാണ് നമ്മിൽ നിന്നും ദൈവം ആഗ്രഹിക്കുന്നത്. സമൂഹത്തെ മതത്തിന്റെ പേരിൽ വിഭജിച്ച് സംഘർഷമുണ്ടാക്കി നേട്ടമുണ്ടാക്കുക എന്ന ഏകലക്ഷ്യത്തോടുകൂടി മതത്തിനു വേണ്ടി വാളെടുത്ത് വാളാൽ മരിക്കുന്നവർക്ക് പരലോകം വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്നു എന്ന് അവരെ പഠിപ്പിച്ച് കലഹങ്ങൾ സൃഷ്ടിക്കുകയാണ്. സഭയിലും കക്ഷിപക്ഷങ്ങൾ ഉണ്ടാക്കിക്കൊണ്ട് സ്വന്തം കീശ വീർപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് വൈകാരികാന്തരീക്ഷം സൃഷ്ടിച്ച് കലാപമുണ്ടാക്കാൻ ശ്രമിക്കുന്ന സംവിധാനങ്ങളെ കൃത്യമായി വിലയിരുത്തി വിമർശിക്കേണ്ട സമയമാണിത്. ഒരു കക്ഷിയുടെ കൂടെ ഉറച്ചു നിന്ന് അവർക്കു വേണ്ടി അക്ഷീണം പ്രയത്നിച്ചാലും അവർക്ക് ഹിതകരമല്ലാത്തത് പ്രവർത്തിച്ചാൽ കൊല്ലാൻ പോലും ഈ കൂട്ടർ മടിക്കില്ല എന്ന സത്യം നാം ഇനിയും മനസ്സിലാക്കി ക്രിസ്തുവിൽ നാം എല്ലാവരും ഒന്നാണ് എന്ന സത്യം തിരിച്ചറിയുക. ഏതു പക്ഷക്കാരാണെങ്കിലും അവരുടെ ആരാധന ദൈവം സ്വീകരിക്കും എന്നും സഭയിൽ പലരായ നാം ഒരു ശരീരത്തിന്റെ അംശികളാണെന്ന് ഓർക്കണം. കുടുംബത്തിൽ ഭാര്യാഭർത്താക്കന്മാർ, മാതാപിതാക്കന്മാർ, പുത്രീപുത്രന്മാർ ദൈവകൃപയുടെ വാഗ്ദത്തത്തിന്റെ കൂട്ടവകാശികളാണെന്ന് അറിഞ്ഞ് ഒരുമിച്ച് ഈ ദേശത്ത് ഐക്യതയിൽ പാർക്കാം - പലരായ നാം ഒന്ന്. ഇന്നും എന്നും വേർപിരിയാത്ത ഈ ബന്ധം നിലനിൽക്കുന്നവർക്കു മാത്രമേ നിത്യതയിൽ അവകാശം ലഭിക്കുകയുള്ളൂ. മനുഷ്യരുടെ എല്ലാ പ്രവർത്തനങ്ങളും വഴിമുട്ടി നിരാശരാകുമ്പോൾ അവസാനം അവർ യേശു കർത്താവിന്റെ അടുത്തു വരുന്നു. അടുത്തുവരുന്നവർക്ക് അവരുടെ പാപപ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാകുന്നു.

കാറ്റും കോളും നിറഞ്ഞ സാഗര സമാനമാണ് ഇന്നത്തെ ലോകം. എവിടെ നോക്കിയാലും വിപ്ലവത്തിന്റെയും അനീതിയുടെയും പോർ വിളിയല്ലെ കേൾക്കുന്നത്. ഓരോ രാഷ്ട്രങ്ങളും മതങ്ങളും ഇളകി മറിയുന്ന സമുദ്രമാണ്. ഇതിനെല്ലാം അവസാനം വരുത്താൻ യേശുക്രിസ്തുവിനു മാത്രമേ സാധിക്കൂ. ഈ ഭൂമിയിൽ ആയിരുന്നപ്പോൾ കടലിനെ ശാന്തമാക്കിയവൻ യേശുക്രിസ്തുവാണ്. ആ സമാധാന പ്രഭു വന്ന് എല്ലാ അനീതിയും അസമാധാനവും അസ്വസ്ഥതയും അവസാനിപ്പിച്ച് ശാശ്വതമായ സമാധാനം സ്ഥാപിക്കും. ഈ രാജാധിരാജാവിന്റെ വരവിന്റെ കാഹളധ്വനി കേൾക്കാറായി. അതേ അവൻ ആരംഭവും അവസാനവുമാണ്, ആദിയും അന്തവും അവനിൽ സമന്വയിക്കുന്നു. ദൈവമക്കൾ അവനെ മുഖാമുഖം കാണും. നാം അവനെ ആരാധിക്കും. നിത്യത മുഴുവൻ നാം അവനോടും അവൻ നമ്മോടും കൂടെയായിരിക്കും. ആ ദൈവത്തിനു സ്തോത്രം.

എന്ന്

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**



# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം

കർത്താവിൽ അനുഗ്രഹീതരെ,

പഡേരേവ്സ്കി ലോക പ്രശസ്തനായ ഒരു പിയാനോ വായനക്കാരനായിരുന്നു. എൺപതു വയസ്സുകഴിഞ്ഞതിനു ശേഷമാണ് അദ്ദേഹം പിയാനോ പഠിക്കാൻ തുടങ്ങിയത്. വാർദ്ധക്യത്തിലും പിയാനോ പഠിക്കുക എന്ന സാഹസത്തിന് അദ്ദേഹത്തെ പ്രേരിപ്പിച്ചത് ഒരു ജീവിതാനുഭവമാണ്. നല്ലൊരു സംഗീത സംവിധായകനായിരുന്ന അദ്ദേഹം ഒരിക്കൽ കംപോസ് ചെയ്ത ഒരു കൃതി പ്രശസ്തനായ ഒരു പിയാനോ വായനക്കാരനു കൊടുത്തു. അത് പരിശോധിച്ച അയാൾ പറഞ്ഞു “താങ്കളുടെ കൃതികൾ പിയാനോയിൽ വായിക്കുക അത്ര എളുപ്പമല്ല, വളരെ നൈപുണ്യമുള്ള ഒരാൾക്കേ അതിനു സാധിക്കൂ” ഈ അഭിപ്രായം കേട്ട പഡേരേവ്സ്കി തനിക്കെന്തുക്കൊണ്ട് പിയാനോ വായിച്ചുകൂടാ എന്നു ചിന്തിക്കാൻ തുടങ്ങി. അദ്ദേഹം വിയന്നായിലുള്ള പ്രഗത്ഭനായ ലെഷേറ്റ്സ്കി എന്ന പിയാനോ അദ്ധ്യാപകന്റെ അടുത്തു ചെന്ന് തനിക്ക് പിയാനോ പഠിക്കാനുള്ള ആഗ്രഹമറിയിച്ചു. എന്നാൽ അദ്ധ്യാപകൻ അദ്ദേഹത്തെ നിരുത്സാഹപ്പെടുത്തുവാൻ ശ്രമിച്ചു. ഈ പ്രായത്തിൽ പിയാനോ പഠിക്കുക എളുപ്പമല്ല, അത് വെറുതെ സമയം കളയുന്നതിന് തുല്യമായിരിക്കുമെന്ന് അദ്ദേഹം പറഞ്ഞു നോക്കി. എന്നാൽ പഡേരേവ്സ്കിയുടെ തീക്ഷ്ണമായ ആഗ്രഹത്തിലും ആത്മവിശ്വാസത്തിലും മതിപ്പുതോന്നിയ അദ്ധ്യാപകൻ അദ്ദേഹത്തെ പഠിപ്പിക്കാം എന്നു സമ്മതിച്ചു. പാഠങ്ങൾ പരിശീലിക്കാൻ അദ്ദേഹം കഠിനാദ്ധ്വാനം ചെയ്തു. ഒടുവിൽ ഗുരുവിനെപ്പോലും അത്ഭുതപ്പെടുത്തിക്കൊണ്ട് ശിഷ്യൻ വളരെ പ്രാഗത്ഭ്യത്തോടെ പിയാനോ വായിക്കാൻ തുടങ്ങി. അങ്ങനെ വാർദ്ധക്യത്തിൽ പഡേരേവ്സ്കി ലോക മറിയപ്പെടുന്ന ഒരു പിയാനോ വായനക്കാരനായിത്തീർന്നു.

ചിലർക്ക് തുടക്കം എപ്പോഴും പ്രയാസമായിരിക്കും. എങ്കിലും അവർ മടിച്ചു നില്ക്കില്ല, ഒരിക്കൽ തുടങ്ങിക്കിട്ടിയാൽ എന്തു വില കൊടുത്തും അവർ ലക്ഷ്യം കണ്ടിരിക്കും. പഡേരേവ്സ്കി ഈ വിഭാഗത്തിൽപ്പെടും. അദ്ദേഹത്തിനു പിയാനോ വായന തുടക്കത്തിൽ പ്രയാസമായിരുന്നു, എന്നാലും തന്റെ പരിശ്രമം അദ്ദേഹം ഒട്ടും കുറച്ചില്ല. ഒടുവിൽ അദ്ദേഹം വിജയം കണ്ടെത്തി.

പഡേരേവ്സ്കിയുടെ അനുഭവം ദൈനംദിന ജീവിതത്തിൽ മാത്രമല്ല, ആത്മീയ മേഖലകളിലും ഏറെ പ്രസക്തമാണ്. ലൗകിക ലക്ഷ്യ പ്രാപ്തിക്കെന്നതുപോലെ തന്നെ ആത്മീയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും ഒരിക്കലും പതറാത്ത നിരന്തരമായ കഠിനാദ്ധ്വാനവും മന:ശക്തിയും ആവശ്യമാണ്. നമുക്ക് ആവശ്യമായ ആത്മീയ സമ്പത്ത് സംഭരിക്കുവാൻ ഒരു ഉത്തമ ക്രൈസ്തവ ജീവിതം നയിക്കുവാൻ അതിനായി അദ്ധ്വാനിക്കുവാൻ നമ്മെ സഹായിക്കുന്ന ഒരു വലിയ നോമ്പുകാലം കടന്നുവരുന്നുവല്ലോ. ഒരു ചെറുപ്പക്കാരൻ തനിക്കുണ്ടായ ഒരു ആത്മീയ അനുഭവം ഇപ്രകാരം പങ്കുവയ്ക്കുകയുണ്ടായി. അദ്ദേഹം അമിത മദ്യപനായിരുന്നു. തന്റെ മദ്യപാനശീലം മൂലം അദ്ദേഹത്തിന്റെ കുടുംബജീവിതം താറുമാറായി. മദ്യപാനാസക്തിമൂലം വലിയ നഷ്ടങ്ങൾ അയാൾക്ക് ഉണ്ടായിക്കൊണ്ടേയിരുന്നു. ഒടുവിൽ ദൃഢനിശ്ചയമെടുത്ത് ഒരു വലിയ നോമ്പുകാലത്ത് തീക്ഷ്ണതയോടെ പ്രാർത്ഥിച്ചു. നോമ്പ് എടുത്തതിന്റെ ഫലമായി പൂർണ്ണമായി മദ്യപാന ആസക്തിയിൽ നിന്നും അദ്ദേഹത്തിന് മോചനം ലഭിക്കുകയുണ്ടായി. ഈ ചെറുപ്പക്കാരനെപ്പോലെ ഓരോരുത്തരും ആഗ്രഹിക്കുന്ന ആത്മീയ ലക്ഷ്യങ്ങൾ മുന്നിൽക്കണ്ട് തീക്ഷ്ണതയോടെ വലിയ നോമ്പിലേക്ക് പ്രവേശിക്കുവാൻ സാധിക്കട്ടെ.

മാനവ വംശത്തോട് കരുണ കാണിക്കുവാനായി ദൈവം തന്നിരിക്കുന്ന കാലഘട്ടമാണ് നോമ്പുകാലം. അനുതപിച്ചുകൊണ്ട് പാപമോചനം നേടുവാനും പാപങ്ങൾക്കു പരിഹാരം ചെയ്ത് കർത്താവിനോടൊത്തു കുരിശിന്റെ പാതയിൽക്കൂടി ഉയർപ്പിന്റെ മഹത്വത്തിലേക്ക് പ്രവേശിക്കുവാനുമുള്ള ദൈവീകാഹ്വാനമാണ് ഈ കാലഘട്ടത്തിൽ മുഴങ്ങിക്കേൾക്കുക. പാപജീവിതം ഉപേക്ഷിക്കുന്നതിനും സൽപ്രവർത്തികളിലൂടെ യഥാർത്ഥ ക്രൈസ്തവ ജീവിതത്തിലേക്കു കടന്നുവരുവാനുമുള്ള സന്ദേശമാണ് ഈ അവസരത്തിൽ ദൈവം നമുക്ക് നൽകുന്നത്.

യേശുനാഥൻ തന്റെ സുവിശേഷ പ്രഘോഷണം ആരംഭിച്ചത് തന്നെ അനുതപിക്കുവാനുള്ള ആഹ്വാനത്തോടെയാണ്. “ദൈവരാജ്യം സമീപമായി, നിങ്ങൾ അനുതപിപ്പീൻ, സുവിശേഷത്തിൽ വിശ്വസിപ്പിൻ” (മർക്കോ. 1:5). നമ്മുടെ കഴിഞ്ഞകാല ജീവിതത്തിലേക്കു തിരിഞ്ഞുനോക്കി തെറ്റുകളെപ്പറ്റി പശ്ചാത്തപിക്കുന്നതിനും പരിഹാരം ചെയ്യുന്നതിനുമുള്ള നല്ല അവസരമാണ് നോമ്പുകാലം. അനുതാപത്തിന്റെ മാത്രമല്ല പരസ്പര സ്നേഹത്തിന്റെ ഫലം കൂടെ പുറപ്പെടുവിക്കുന്നതിനുമുള്ള അവസരംകൂടെയാണ് നോമ്പുകാലം, മനുഷ്യരോടുള്ള സ്നേഹത്തെ പ്രതിയാണ് യേശുനാഥൻ കുരിശിൽ ജീവൻ അർപ്പിച്ചത്. തിരുവചനം നമ്മെ ഓർമ്മപ്പെടുത്തുന്നു “സഹോദരങ്ങൾക്കുവേണ്ടി ജീവൻ പരിത്യജിക്കാൻ കടപ്പെട്ടിരിക്കുന്നു” (യോഹ.3:16). സഹോദരങ്ങളെ സ്നേഹിക്കുകയും അവർക്കുവേണ്ടി ത്യാഗങ്ങൾ

*(ശേഷം പേജ് 8-ൽ)*

# സമുദായ വാർത്തകൾ



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ട ക്നാനായ സമുദായ അംഗങ്ങളെ,

"റിപ്പബ്ലിക് ദിനം ജനുവരി 26-ന് ഇന്ത്യൻ ജനത മുഴുവൻ ആഘോഷിച്ച വേളയിൽ ഒരു ലേഖനം വായിക്കുവാൻ ഇടയായി. 72 വർഷമായി ഇന്ത്യ എങ്ങനെ തകരാതെ നിന്നു എന്ന് ചോദിച്ചാൽ ഒരു ഉത്തരം മാത്രമേ ഉള്ളൂ മഹത്തായ ഭരണഘടന. രണ്ടു വർഷവും 11 മാസവും 18 ദിവസവും എടുത്തു 299 അംഗങ്ങൾ അവിശ്രമം കഠിനാധ്വാനം ചെയ്തു 396 വകുപ്പുകളിലായി തയ്യാറാക്കിയ ഏറ്റവും ബൃഹത്തും വിശദവുമായ ഭരണഘടന ഉള്ളതുകൊണ്ടാണ്".

ഇത് ഇവിടെ പ്രതിപാദിക്കാൻ കാരണം ഏതൊരു രാജ്യത്തിനും, സമൂഹത്തിനും, പ്രസ്ഥാനത്തിനും നിലനിൽപ്പ് എന്ന് പറയുന്നത് അതിനായി ഉണ്ടാക്കിയിട്ടുള്ള ചട്ടക്കൂടും ഭരണ സംവിധാനവും ആണ്. അങ്ങനെ ശക്തയുക്തമായ ഒരു ഭരണഘടന ഇല്ലായെങ്കിൽ ഏത് പ്രസ്ഥാനമായാലും സ്ഥാപനമായാലും രാജ്യങ്ങളായാലും കാലാന്തരത്തിൽ അത് ഇല്ലാതെയാകും. അതിന് ലോകത്ത് ധാരാളം ഉദാഹരണങ്ങളുണ്ട്.

നമ്മൾ ക്നാനായക്കാർ എ.ഡി. 345-ൽ ഏഴില്ലം എഴുപത്തിരണ്ട് കുടുംബങ്ങളിലായി 400-ൽ പരം ആളുകൾ മലങ്കരയിൽ കുടിയേറിപ്പാർത്തവരാണ്. കൊടുങ്ങല്ലൂർ താമസം തുടങ്ങിയതു മുതൽ പല പല വൈതരണികളും നമുക്ക് തരണം ചെയ്യേണ്ടി വന്നിരുന്നു. 16 -ാം നൂറ്റാണ്ടിൽ നമ്മുടെ നിലനിൽപ്പിന് തന്നെ ഭീഷണി ഉയർത്തിയ പറങ്കിഅധിനിവേശം ഉണ്ടായി നമ്മെ ഉൻമൂലനം ചെയ്യാൻ ശ്രമം ഉണ്ടായി എങ്കിൽപോലും ഇട്ടിത്തൊമ്മൻ കത്തനാരെപ്പോലെയുള്ള നമ്മുടെ പൂർവ്വപിതാക്കൻമാരുടെ അവസരോചിതമായ ഇടപെടൽമൂലവും ദീർഘദൃഷ്ടിമൂലവും നമുക്ക് നിലനിൽപ്പ് ഉണ്ടായി. 1882 വരെയും നമുക്ക് ഒരു ഭരണ സംവിധാനം ഇല്ലായിരുന്നു. ഏറിയ പങ്ക് ആളുകളും മറ്റു മതസ്ഥരുമായി ചേർന്നു പ്രവർത്തിക്കുകയും അവരുമായി വിവാഹബന്ധത്തിൽ ഏർപ്പെടുകയും നമ്മുടെ ദൈവാലയങ്ങളിൽ ഇതരക്രിസ്ത്യാനികൾ പ്രവേശിച്ച് ഒരുമിച്ച് ആരാധന നടത്തുകയും ഒക്കെ ചെയ്തു. നമ്മളിൽ കൂടുതൽ ആളുകളും അന്യ ക്രൈസ്തവ സഭകളിൽ ലയിച്ചുപോയി. അതിന്റെ ഉദാഹരണമാണ് നമ്മൾ കൊടുങ്ങല്ലൂരിൽ സ്ഥാപിച്ച പള്ളികൾ നഷ്ടപ്പെട്ടത്. പിന്നീട് ഉദയംപേരൂർ, മട്ടാഞ്ചേരി, മുളന്തുരുത്തി, പിറവം തുടങ്ങിയ അനേകം സ്ഥലങ്ങളിൽ പള്ളികൾ സ്ഥാപിച്ചു, എങ്കിലും അതെല്ലാം നഷ്ടപ്പെടുകയാണുണ്ടായത്.

കാലക്രമേണ നമ്മുടെ ദീർഘകാല നിലനിൽപ്പിന് ഒരു ഭരണഘടന അനിവാര്യമാണ് എന്ന ബോധ്യം നമ്മുടെ മുൻഗാമികൾക്ക് ഉണ്ടാവുകയും അതെ തുടർന്ന് 1882 ധനു 10-ാം തീയതി നീലംപേരൂർ പള്ളിയിൽ മാലിത്ര ഏലിയാസ് കത്തനാരും, കോട്ടയം വലിയപള്ളിയിലെ ഇടവഴിക്കൽ ഗീവർഗീസ് കത്തനാരും, വെളിയനാട് പള്ളിയിൽ കണ്ണോത്തു ഏബ്രഹാം കത്തനാരും കൂടി മലങ്കരയിലെ സുറിയാനി ക്നാനായ പള്ളികളിലെ വൈദികർക്ക് അയച്ച ഒരു സംയുക്ത ലേഖനത്തിന്റെ അടിസ്ഥാനത്തിൽ മലങ്കരയിലുള്ള യാക്കോബായ സുറിയാനി സമുദായത്തിലെ ഒരു ശാഖയായി ചുരുങ്ങിയ ക്നാനായ സമുദായ അംഗങ്ങളെ കൂട്ടി യോജിപ്പിക്കുന്നതിനും ഒരു കെട്ടുറപ്പ് ഉണ്ടാക്കുന്നതിനും വേണ്ടി 1882 മകരം 8-ാം തീയതി വെളിയനാട് മോർ സ്തേഫാനോസ് പള്ളിയിൽ ഒരു യോഗം കൂടി, മലങ്കര സുറിയാനി ക്നാനായ കമ്മിറ്റി എന്ന പേര് നിശ്ചയിച്ച് ഒരു കമ്മിറ്റി ഉണ്ടാക്കി. ആയതിന്റെ സെക്രട്ടറിയായി ഇടവഴിക്കൽ മാത്യു ഫിലിപ്പോസിനേയും, മുതൽ പിടിക്കാരനായി കുമരൻകേരി പുത്തൻപുരയ്ക്കൽ ഉതുപ്പാൻ തോമായേയും നിശ്ചയിച്ചു. പ്രസിഡന്റായി ഇരിപ്പാൻ യാക്കോബായ സഭയിലെ മോർ അത്താനാസിയോസ് പൗലോസ് മെത്രാപ്പോലീത്തായോട് ആവശ്യപ്പെടുകയും, അദ്ദേഹം അത് സമ്മതിക്കുകയും, 22 വകുപ്പുകൾ അടങ്ങിയ ഒരു നിയമാവലി പ്രസ്തുത യോഗം പാസ്സാക്കുകയും ചെയ്തു.

അങ്ങനെ ക്നാനായ സമുദായത്തിന് ആദ്യമായി ഒരു ഭരണഘടന നിലവിൽ വന്നു. അവിടെ മുതൽ സമുദായം അഭിവൃദ്ധിപ്പെടുവാൻ തുടങ്ങി. കൊഴിഞ്ഞു പോക്ക് കുറഞ്ഞു ധാരാളം പള്ളികൾ ഉണ്ടായി. ഈ ഭരണഘടന പിന്നീട് പല പ്രാവശ്യം അമന്റ് ചെയ്തു ഇപ്പോഴത്തെ ഭരണഘടനയിൽ വന്നു നിൽക്കുന്നു. ഇതാണ് ക്നാനായ സമുദായത്തിന്റെ അടിസ്ഥാന മൂലക്കല്ല്. ഈ ഭരണഘടന അനുസരിച്ചാണ് സമുദായത്തിൽ മെത്രാപ്പോലീത്താമാർ ഉണ്ടായതും ആസ്ഥാനങ്ങൾ (പള്ളികൾ) ഉണ്ടായതും, സ്ഥാപനങ്ങൾ ഉണ്ടായതും ഇപ്പോൾ പുരോഗതിയിൽ എത്തി നിൽക്കുന്നതും. ഈ ഭരണഘടന ബഹു. സുപ്രീംകോടതി അംഗീകരിച്ചതാണ്. ഇത് ഇല്ലാതായാൽ ക്നാനായ സമുദായം തന്നെ ഇല്ലാതാകും. ഇന്ത്യൻ ഭരണഘടന ഉണ്ടാകുന്നതിനു മുമ്പുതന്നെ ക്നാനായ സമുദായത്തിന് ഭരണഘടന ഉണ്ടായിരുന്നു എന്നതു തന്നെ ദൈവഹിതമാണ്.

ഇത് അംഗീകരിക്കുവാൻ ചുരുക്കം ചിലർക്ക് വലിയ വിഷമമാണ്. ഭരണഘടന എന്ന് കേൾക്കുമ്പോൾ തന്നെ അവർക്ക് ഹാലിളകുന്നു. എന്നാൽ ക്നാനായ ഭരണഘടന അനുസരിച്ച് പ്രവർത്തിക്കുവാൻ ഓരോ ക്നാനായക്കാരനും ബാധ്യസ്ഥനാണ്. ഇതിനെ സംരക്ഷിച്ചു മാത്രമേ ക്നാനായ കമ്മിറ്റിയ്ക്ക് പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളൂ. ക്നാനായ സമുദായ ഭരണഘടനയുടെ കസ്റ്റോഡിയൻ സമുദായമെത്രാപ്പോലീത്തയും, അതിന്റെ സംരക്ഷകർ ക്നാനായ അസ്സോസിയേഷനും, ക്നാനായ കമ്മിറ്റിയും ആണ്. ആ സംരക്ഷണം ഓരോ ക്നാനായക്കാരിലും നിക്ഷിപ്തമാണ്.

ഇൻഡ്യയുടെ ഭരണഘടന നിലവിൽ വന്നദിവസത്തെ വലിയ ആഘോഷമായി മാറ്റി ഇന്ത്യൻ റിപ്പബ്ളിക്ദിനം നമ്മൾ അനുസ്മരിക്കുന്ന ഈ സന്ദർഭത്തിൽ ക്നാനായ ഭര

ണഘടനയുടെ പ്രസക്തി നാം വിസ്മരിക്കരുത് എന്ന് വളരെ വിനയത്തോടെ സമുദായ അംഗങ്ങളെ അറിയിക്കട്ടെ.

ക്നാനായ സമുദായ മെത്രാപ്പോലീത്തയെ നീചവും നികൃഷ്ടവുമായി അധിക്ഷേപിച്ചുകൊണ്ട് മോർ അപ്രേം സെമിനാരിയുടെ ഗേറ്റിന് മുമ്പിൽ വിരലിൽ എണ്ണാവുന്ന ആളുകൾ നടത്തിയ പ്രസംഗത്തിനെതിരായി ജനുവരി 9-ാം തീയതി ഞായറാഴ്ച ക്നാനായ മാനേജിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഒരു പ്രതിഷേധ മീറ്റിംഗ് കൂടുകയുണ്ടായി. ജനബാഹുല്യം കൊണ്ട് ഓൺലൈനിൽ കൂടി സംപ്രേക്ഷണം ചെയ്ത ഈ മീറ്റിംഗ് വളരെയധികം ശ്രദ്ധിക്കപ്പെട്ടു എന്ന് അഭിമാനത്തോടെ തന്നെ പറയട്ടെ. ബഹുഭൂരിപക്ഷം വരുന്ന നല്ലവരായ ക്നാനായ ജനം, ക്നാനായ സമുദായം ഒറ്റകെട്ടായി ഒന്നിച്ചു നമ്മുടെ ഭരണഘടനയിൽ ഉറച്ചു മുന്നോട്ടു പോകണം എന്ന നിശ്ചയത്തോടുകൂടി വിഘടിത വിലോപിതന്മാരോട് അരുത് എന്ന സന്ദേശം നൽകുന്നു.

ക്നായി തോമായുടെ പ്രതിമയുമായി ബന്ധപ്പെട്ട ഒരു വിവാദത്തിന്റെ ആവശ്യം ഇല്ല. നമ്മുടെ സഹോദരങ്ങളായ ക്നാനായ കത്തോലിക്കാ സമുദായാംഗങ്ങൾ കേരളത്തിന്റെ വടക്കുനിന്നും അവരുടെ ദേവാലയത്തിൽ സ്വീകരണം ഏറ്റു വാങ്ങി കോട്ടയത്ത് അവരുടെ സമുദായ ആസ്ഥാനത്തിൽ വന്നപ്പോൾ പ്രതിമ സ്ഥാപിക്കുന്നത് അൽമായ നേതൃത്വമാണോ അതോ അവരുടെ ആത്മീയനേതൃത്വം ആണോ എന്ന് ഉള്ള ഒരു തർക്കം ഉണ്ടാകുകയും പോലീസ് ഇടപെടുകയും അവരുടെ ചില സമുദായ അംഗങ്ങളെ അറസ്റ്റ് ചെയ്യുകയും ചെയ്തു. ഈ അവസരത്തിൽ ക്നായിതോമായുടെ പ്രതിമ ഇറക്കി വെയ്ക്കാൻ ഒരിടം ഇല്ലാതെ പ്രതിമ പോലീസ് സ്റ്റേഷനിൽ വയ്ക്കണമോ അല്ലെങ്കിൽ റോഡ് സൈഡിൽ ഉപേക്ഷിക്കണമോ എന്ന ഒരു സ്ഥിതിവിശേഷം ഉണ്ടാവുകയും അവർ നമ്മളുമായി ബന്ധപ്പെടുകയും ചെയ്തു.

ലഭ്യമായിരുന്ന ക്നാനായ കമ്മിറ്റിയും ആയിട്ട് ആലോചിച്ചപ്പോൾ നമ്മുടെ സഹോദരങ്ങളായ ആളുകളുടെ ബുദ്ധിമുട്ട് മനസ്സിലാക്കുകയും പ്രതിമ റോഡിൽ ഉപേക്ഷിക്കപ്പെട്ട രീതിയിൽ എവിടെയെങ്കിലും കണ്ടാൽ പത്രങ്ങളിലൊക്കെ വലിയ വാർത്തയായി വരും എന്നു മനസ്സിലാക്കി നമ്മുടെ സെമ്മിനാരിയുടെ കോമ്പൗണ്ടിൽ താൽക്കാലികമായി ഇറക്കി വയ്ക്കുന്നതിന് അനുവാദം കൊടുത്തു. പ്രതിമ വന്നപ്പോൾ അവിടെ ഉണ്ടായിരുന്ന സമുദായ അംഗങ്ങൾ പ്രതിമ കണ്ട് ആവേശഭരിതരായി നട നട വിളിക്കുകയുണ്ടായി. ക്നായിത്തൊമ്മൻ പ്രതിമ റോഡിൽ തള്ളിക്കളഞ്ഞു പോകാതെ സെമ്മിനാരിയുടെ കോമ്പൗണ്ടിൽ സൂക്ഷിക്കുവാൻ ഒരു ഇടം കൊടുക്കുകയെ ചെയ്തിട്ടുള്ളൂ. പ്രതിമ പ്ലാസ്റ്റിക്ക് കൊണ്ട് പൊതിഞ്ഞുകെട്ടി സെമ്മിനാരിയുടെ കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. 15-01-2022 ൽ കൂടിയ ക്നാനായ മാനേജിംഗ് കമ്മിറ്റി എവിടെ സ്ഥാപിക്കണമെന്ന് സമുദായ മെത്രാപ്പോലീത്തായുമായി ആലോചിച്ച് തീരുമാനം എടുക്കുവാൻ നിശ്ചയിച്ചു.

കഴിഞ്ഞ ജനുവരി 15-ാം തീയതി ക്നാനായ സമുദായദിനവും സമുദായ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ മെത്രാഭിഷേകത്തിന്റെ 18-ാം വാർഷികവും ക്നാനായ മാനേജിംഗ് കമ്മിറ്റി സമുചിതമായി ആഘോഷിച്ചു.

പ്രസ്തുത ചടങ്ങിൽ വച്ച് സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ സമുദായ മെത്രാപ്പോലീത്തായെ പൊന്നാട അണിയിച്ച് ആദരിക്കുകയും, സമുദായ മെത്രാപ്പോലീത്ത കേക്ക് മുറിച്ച് എല്ലാവരുമായി മധുരം പങ്കിടുകയും ചെയ്തു.

വികാരി ജനറൽ റവ.ഫാ. വി.എ.ഏബ്രഹാം ഇളയശ്ശേരിയുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗ് സമുദായ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി ഉദ്ഘാടനം ചെയ്തു. ക്നാനായ സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, ആക്ടിംഗ് ട്രസ്റ്റി തോമസുകുട്ടി മറ്റയ്ക്കാട്ട്, ക്നാനായ കമ്മിറ്റി അംഗങ്ങളായ ആലിച്ചൻ ആറൊന്നിൽ, വില്ലി വടാമറ്റം, റ്റി.സി. തോമസ് തോപ്പിൽ, സാബു കണ്ണാട്ടിപ്പുഴ, രാജു വള്ളപുരയ്ക്കൽ, തമ്പി ചേന്തിയിൽ, ഭദ്രാസന സെക്രട്ടറി റവ. ഫാ. ഏലിയാസ് ഇളവൻകളം, ക്നാനായദീപം മാനേജിംഗ് എഡിറ്റർ ഫാ.ജേക്കബ് കല്ലുകുളം, ജേക്കബ് സ്ക്കറിയാ ഹൂസ്റ്റൺ എന്നിവർ പ്രസംഗിച്ചു.

15-01-2022-ൽ കൂടിയ ക്നാനായ മാനേജിംഗ് കമ്മിറ്റിയിൽ എടുത്ത പ്രധാനമായ ചില തീരുമാനങ്ങൾ ഇവിടെ രേഖപ്പെടുത്തുന്നു.

1. സമുദായത്തിന്റെ പ്രവർത്തന റിപ്പോർട്ട് പാസ്സാക്കി കണക്ക് ഉൾപ്പെടെ ഉടൻതന്നെ അസ്സോസിയേഷൻ അംഗങ്ങൾക്ക് അയച്ചു കൊടുക്കുവാൻ തീരുമാനിച്ചു.

2. മോർ അപ്രേം സെമ്മിനാരിയുടെ മാനേജരായി ഫാ. ജിതിൻ സ്ക്കറിയ പനവേലിനെ നിയമിച്ചു.

3. ക്നാനായ സമുദായത്തിലെ ഒരു സീനിയർ വൈദികനായ ബഹു. റോയി മാത്യു കോർ എപ്പിസ്ക്കോപ്പാ റാന്നിയിൽ ഓർത്തഡോക്സ് സഭയുടെ കാതോലിക്കായ്ക്ക് നൽകിയ സ്വീകരണച്ചടങ്ങിൽ പ്രസംഗിച്ചതുമായി ബന്ധപ്പെട്ട് യാക്കോബായ സഭ കോട്ടയം ഭദ്രാസനത്തിലെ ഒരു വൈദികൻ സോഷ്യൽ മീഡിയയിൽ കൂടി ക്നാനായ സമുദായത്തെ മൊത്തം ആക്ഷേപിക്കുകയും, നമ്മുടെ സീനിയർ വൈദികന്റെ പിതാക്കന്മാരുടെ പിതാക്കന്മാരെവരെ വളരെ മോശമായി ചിത്രീകരിച്ച വീഡിയോ സോഷ്യൽ മീഡിയയിൽ കൂടി പ്രസിദ്ധീകരിക്കുകയും ചെയ്തതിന് എതിരെ പ്രസ്തുത യാക്കോബായ വൈദികന്റെ മേൽ നടപടി എടുക്കണമെന്ന് യാക്കോബായ സഭ കോട്ടയം ഭദ്രാസനാധിപൻ അഭി. തീമോത്തിയോസ് തിരുമേനിയ്ക്ക് പരാതി കൊടുക്കുവാൻ തീരുമാനിച്ചു. കമ്മിറ്റി പരാതി അയക്കുകയും ചെയ്തു.

4. ക്നാനായ കത്തോലിക്കരായ നമ്മുടെ സഹോദരങ്ങൾ അപ്രേം സെമ്മിനാരിയിൽ എത്തിച്ച ക്നായി തൊമ്മൻ പ്രതിമ എവിടെ സ്ഥാപിക്കണമെന്ന് സമുദായ മെത്രാപ്പോലീത്തായുമായി ആലോചിച്ച് തീരുമാനം എടുക്കുവാൻ നിശ്ചയിച്ചു.

5. ഒരു ക്നാനായ കമ്മിറ്റി അംഗം സമുദായ മെത്രാപ്പോലീത്തായ്ക്കും, ക്നാനായ കമ്മിറ്റിക്കും എതിരായി അപ്രേം സെമിനാരി ഗേറ്റിനു മുൻപിൽ, മെയിൻ റോഡിൽ നിന്നു കൊണ്ട് പരസ്യമായി ആക്ഷേപിച്ച് പ്രസംഗിച്ചതിൽ കമ്മിറ്റിയുടെ പ്രതിഷേധം രേഖപ്പെടുത്തുകയും, അതിന്മേൽ ഒരു പ്രമേയം അവതരിപ്പിച്ച് ഐകൃകണ്ഠേന പാസ്സാക്കുകയും ചെയ്തു. ആ മെമ്പറുമായി കമ്മിറ്റി ഇനിയും ഒരു കാര്യത്തിലും സഹകരിക്കേണ്ടതില്ല എന്നും തീരുമാനിച്ചു.

6. എല്ലാവർഷവും ജനുവരി 15 ന് സമുദായ ദിനവും സമുദായ മെത്രാപ്പോലീത്തായുടെ മെത്രാഭിഷേകത്തിന്റെ വാർഷികവുമായി ആചരിക്കുവാൻ തീരുമാനം എടുത്തു.

നോർത്ത് അമേരിക്കയിലെ ക്നാനായ സമുദായത്തിലെ ക്നാനായ മക്കൾ 15,16,17 തീയതികളിൽ ഹൂസ്റ്റണിലെ വുഡ്ലാൻഡ്സ് റിസോർട്ടിൽ നടത്തുന്ന നോർത്ത് അമേരിക്കൻ മലങ്കര ക്നാനായ ഫാമിലി കൺവൻഷന് ആശംസകൾ നേർന്നുകൊണ്ട് ആശംസാസന്ദേശം അയക്കുവാൻ ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റി തീരുമാനിക്കുകയും ആശംസാ സന്ദേശം അയക്കുകയും ചെയ്തു.

ഈ കൺവൻഷനിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന

സമുദായ അംഗങ്ങൾക്ക് അമേരിക്കൻ വിസ ലഭിക്കുന്നതിനും മറ്റുമുള്ള എല്ലാ കാര്യങ്ങളും ചെയ്തു തരാം എന്നു കൺവൻഷൻ സംഘാടകർ അറിയിച്ചിട്ടുണ്ട്.

തമിഴ്നാട്ടിലുള്ള സമുദായം വക എഡേസാ തോട്ടം കഴിഞ്ഞമാസം ക്നാനായ കമ്മിറ്റി സന്ദർശിക്കുകയുണ്ടായി. അവിടെ റീപ്ലാന്റ് ചെയ്യുന്നതിനെക്കുറിച്ചും, പുതിയ പ്ലാന്റ് വെക്കുന്നതിനെക്കുറിച്ചും മേനാതോട്ടം എസ്റ്റേറ്റ് മാനേജരന്മാരുമായും വിദഗ്ധ പ്ലാന്റർമാരുമായും ചർച്ച നടത്തി വിദഗ്ധ ഉപദേശം നേടിക്കൊണ്ടിരിക്കുകയാണ്. അവിടുത്തെ റോഡുകളെല്ലാം താറുമാറായി കിടക്കുന്നതിനാൽ വളരെ കഷ്ടപ്പെട്ട് വളരെ ദൂരം നടന്നാൽ മാത്രമേ എസ്റ്റേറ്റിൽ എത്തുവാൻ സാധിക്കുകയുള്ളൂ. ഈ കാര്യങ്ങളിൽ സഹകരിച്ച എല്ലാ ക്നാനായ മാനേജിംഗ് കമ്മിറ്റി അംഗങ്ങളോടുമുള്ള നന്ദി ഈ സമയം അറിയിക്കുന്നു.

ഈ മാസം കുൽപ്പമല എസ്റ്റേറ്റ് സന്ദർശിച്ച് അവിടുത്തെ പ്ലാന്റിങ്ങിനെക്കുറിച്ച് പഠിച്ചു വിദഗ്ധരുമായി ചർച്ച നടത്തുന്നതിനും അവിടെ പുതുതായി എന്തു പ്ലാന്റ് ചെയ്യുവാൻ സാധിക്കും എന്ന് ആലോചിക്കുന്നതിനു വേണ്ടി എസ്റ്റേറ്റ് സന്ദർശിക്കുവാൻ കമ്മിറ്റി ദൈവത്തിൽ ശരണപ്പെടുന്നു.

കൊറോണാ മഹാമാരി വീണ്ടും ശക്തിപ്രാപിച്ചു നമ്മുടെ രാജ്യത്തു മൂന്നാം തരംഗത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ് എല്ലാ സർക്കാർ ഓഫീസുകളിലും ഉദ്യോഗസ്ഥന്മാരുടെ ഹാജർ വളരെ കുറവായതിനാലും മീറ്റിംഗ് കൂടുന്നതിന് നിയന്ത്രണം ഉള്ളതുകൊണ്ടും മന്ത്രിമാരെ ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവിക്കുന്നതിനാലും സമുദായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് കാലതാമസം വന്നുകൊണ്ടിരിക്കുന്നു എന്ന് ഖേദത്തോടെ അറിയിക്കട്ടെ.

ഈ മഹാമാരി ലോകത്തിൽ നിന്നും മാറിപ്പോകുന്നതിനും ഈ കൊച്ചു സമുദായത്തിൽ ഐക്യവും സമാധാനവും ഉണ്ടാകുന്നതിനും നമുക്ക് ദൈവത്തോട് മുട്ടിപ്പായി പ്രാർത്ഥിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

ക്നാനായ സമുദായ സെക്രട്ടറി

**റ്റി. ഒ. ഏബ്രഹാം, തോട്ടത്തിൽ**

## ഫോട്ടോ അനാഛാദനം



വാകത്താനം പുതുശ്ശേരി സെന്റ് സൈമൺസ് ക്നാനായ പള്ളിയിൽ ദിവംഗതനായ മുൻ വികാരി ഫാ. ജയ്സൺ സ്കറിയ ഇളവൻകളത്തിലിന്റെ ചിത്രം സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി അനാഛാദനം ചെയ്യുന്നു. പുന്നൂസ് കുര്യൻ വെച്ചുപറമ്പിൽ (ട്രസ്റ്റി), സജി താന്നിയ്ക്കൽ, ഫാ. ലിജോ ജോസഫ് പട്ടുകാലായിൽ (വികാരി), പ്രിജിത്ത് പൂണോലിക്കൽ (സെക്രട്ടറി), മജു പുത്തൻപറമ്പിൽ എന്നിവർ സമീപം.

## *മെത്രാപ്പോലീത്തായുടെ സന്ദേശം*

*(പേജ് 5 തുടർച്ച)*

സഹിക്കുകയും ചെയ്തുകൊണ്ടാണ് നമ്മൾ യേശുവിനോട് പ്രതിസ്നേഹം പ്രകടിപ്പിക്കേണ്ടത്. മറ്റുള്ളവരുടെ നന്മ ആഗ്രഹിക്കുക, അവരുടെ ദു:ഖങ്ങളിൽ ആശ്വസിപ്പിക്കുക, അവർക്കുവേണ്ടി പ്രാർത്ഥിക്കുക, സാമ്പത്തിക ക്ലേശങ്ങളിൽ സഹായിക്കുക ഇവയെല്ലാമാണ് യഥാർത്ഥ സ്നേഹത്തിന്റെ പ്രവർത്തികൾ. നമുക്കു ചുറ്റും വലിയ പ്രയാസത്തിൽ ജീവിക്കുന്നവരെ കാണുവാൻ സാധിക്കും. കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിനു പണമില്ലാതെ ബുദ്ധിമുട്ട് അനുഭവിക്കുന്ന മാതാപിതാക്കൾ, മഴ നനയാതെ കിടന്നുറങ്ങുവാൻ ഒരു കൊച്ചുഭവനം പണിയാൻ ആഗ്രഹിക്കുന്നവർ, വിവിധ ആവശ്യങ്ങൾക്കായി സാമ്പത്തിക ഭാരത്താൽ വലയുന്നവർ ഇപ്രകാരം എത്രയോ പേർ നമ്മുടെ ചുറ്റിലും ഉണ്ടാകും. ഓർക്കുക നമ്മൾ ചെയ്യുന്ന ഓരോ ചെറിയ സത്പ്രവർത്തിയും അനേകരുടെ ജീവിതത്തിന് പ്രത്യാശ നൽകുവാൻ ഉപകരിക്കും.

ഈ നോമ്പുകാലം നമ്മിൽ ഓരോരുത്തരിലും അനുതാപത്തിന്റെയും പരസ്നേഹപ്രവർത്തികളുടെയും ഫലം പുറപ്പെടുവിക്കുന്നതിനായി മാറട്ടെയെന്നു പ്രാർത്ഥിക്കുന്നു.

കർത്തൃ ശുശ്രൂഷയിൽ നിങ്ങളുടെ

**സേവേറിയോസ് കുറിയാക്കോസ്**

**(സമുദായ മെത്രാപ്പോലീത്ത)**

# വിത്തുകൾക്കു വേണ്ടി ദൈവമാതാവിന്റെ പെരുന്നാൾ

ലീലാമ്മ ഏബ്രഹാം, പാലക്കുടി

സ്ത്രീ മൂലം പാപം ലോകത്തിൽ കടന്നു വന്നു. സ്ത്രീ മൂലം സർവ്വശക്തനായ ദൈവം ഭൂമിയിൽ നിന്ന് പാപം മോചിച്ചു. പാപത്തിന്റെ ഹേതുവായ സ്ത്രീ ദൈവത്തെ അവിശ്വസിച്ചു. പാപത്തിന്റെ പരിഹാരകയായ സ്ത്രീ ദൈവത്തിൽ വിശ്വസിച്ചു. (ലൂക്കോ.1:48). ആദ്യത്തെ ദൈവാലയവും ലോകത്തിൽ ഏറ്റവും കൂടുതൽ ദൈവാലയങ്ങളും സ്ഥാപിക്കപ്പെട്ടിരിക്കുന്നതും മാതാവിന്റെ നാമത്തിലാണ്. കർത്താവ് കഴിഞ്ഞാൽ പിന്നെ ഏറ്റവും പ്രഥമ സ്ഥാനം വഹിക്കുന്ന വ്യക്തിത്വത്തിന്റെ ഉടമയും മാതാവ് തന്നെയാണ്.

ജനുവരി മുതൽ ഡിസംബർ വരെയുള്ള 12 മാസങ്ങളിൽ 7 മാസവും മാതാവിന്റെ പെരുന്നാളുകൾ സഭയിൽ ആഘോഷിക്കുന്നു. എല്ലാം ആഘോഷിച്ചില്ലെങ്കിലും പ്രധാനമായും മൂന്നു പെരുന്നാളുകൾ സഭയിൽ ആഘോഷിക്കണമെന്ന് അപ്പോസ്തോലന്മാർ പ്രമാണമായി എഴുതിവച്ചിട്ടുണ്ട്.

1 ജനുവരി 15 - വിത്തുകൾക്കുവേണ്ടിയുള്ള പെരുന്നാൾ
2. മെയ് 15 - കതിരുകൾക്കുവേണ്ടിയുള്ള പെരുന്നാൾ
3. ആഗസ്റ്റ് 15 - വാങ്ങിപ്പുപെരുന്നാൾ
(മുന്തിരിത്തണ്ടുകളെപ്പറ്റി)

കർത്താവ് കുർബ്ബാന സ്ഥാപിച്ചത് ഗോതമ്പ് അപ്പം എടുത്തു വാഴ്ത്തി നുറുക്കിക്കൊണ്ടാണ്. ധാന്യങ്ങളുടെ രാജാവ് എന്നാണ് ഗോതമ്പ് അറിയപ്പെടുന്നത്. ഏറ്റവും മേൽത്തരമായ സാധനം എടുത്താണ് കർത്താവ് വാഴ്ത്തിയത്.

അതിനു ശേഷം വീഞ്ഞ് എടുത്ത് വാഴ്ത്തി. പഴങ്ങളുടെ രാജ്ഞി എന്നാണ് മുന്തിരിയെപ്പറ്റി പറയുന്നത്. ഈ ശ്രേഷ്ഠമായ ഫലങ്ങൾ എടുത്താണ് കർത്താവ് കുർബ്ബാന സ്ഥാപിച്ചത്.

ശീമരാജ്യങ്ങളിൽ വിത്തുകൾ വിതയ്ക്കുന്നതിനുമുമ്പായി അതിന്റെ ഫലപ്രാപ്തിക്കുവേണ്ടി മാതാവിന്റെ നാമത്തിൽ ഒരു പെരുന്നാൾ നടത്തിയിരുന്നു. 2-ാമതായി കതിരുകൾ വരുമ്പോൾ കീടങ്ങൾ നശിപ്പിക്കാതെ 30, 60, 100 മേനി വിളവുകൾ ലഭിക്കാൻ ഒരു പെരുന്നാൾ നടത്തിയിരുന്നു. 3-ാമതായി കൊയ്ത്തുകാലത്ത് വിളവെടുപ്പ് പെരുന്നാളും നടത്തിയിരുന്നു.

ഇനിയും പരി. ദൈവമാതാവിനെപ്പറ്റി പറയുമ്പോൾ കൃപ നിറഞ്ഞ മറിയമേ നിനക്കു സമാധാനം എന്നാണ് ഗബ്രിയേൽ ദൂതൻ പറഞ്ഞത്. കൃപ നിറയുക എന്നു പറഞ്ഞാൽ അത് സന്തോഷവും സമാധാനവും മാത്രമുള്ള ജീവിതമാണെന്ന് കരുതരുത്. തമ്പുരാനെ പെറ്റ അമ്മയെ സംബന്ധിച്ച് നോക്കിയാൽ ജീവിതത്തിൽ ദുഃഖവും സങ്കടവും മാത്രം അനുഭവിച്ച ഒരു വ്യക്തിയായിരുന്നു. തന്റെ ബാല്യകാലം വളരെ വേദനകൾ നിറഞ്ഞതായിരുന്നു. ലോകത്തിൽ മറിയാമിനെപ്പോലെ താഴ്ന്നവളും ലോകത്തിൽ ഏറ്റവും ഉയർത്തപ്പെട്ടവളുമായ ഒരുവ്യക്തി ജനിച്ചിട്ടുമില്ല ഇനിയും ജനിക്കുകയുമില്ല. 20 വർഷക്കാലം ദൈവത്തോടുള്ള പ്രാർത്ഥനയുടെ ഫലമായി ലഭിച്ച മാണിക്യരത്നമാണ് കന്യകമറിയാം എന്നാണ് പിതാക്കന്മാർ പറഞ്ഞിരിക്കുന്നത്. ആ അമ്മയുടെ മദ്ധ്യസ്ഥതയിൽ പ്രാർത്ഥിച്ചാൽ അനുഗ്രഹം കിട്ടാതെ പോകയില്ല. നമ്മൾ ആവശ്യപ്പെട്ടാലും ഇല്ലെങ്കിലും നമ്മുടെ ഇല്ലായ്മകളെയും വല്ലായ്മകളെയും അറിഞ്ഞു പ്രവർത്തിക്കുന്ന അമ്മയാണ് നമ്മുടെ അമ്മ. ആ അമ്മ ഈ ലോകത്തിന്റെയും പരലോകത്തിന്റെയും അമ്മ എന്ന് പിതാക്കന്മാർ വർണ്ണിച്ചിരിക്കുന്നു. 4-ാം തുബ്ദേനിൽ അമ്മയ്ക്കു കൊടുക്കേണ്ട എല്ലാ ആദരവുകളും കൊടുത്തിരിക്കുന്നതായി കാണാം. അമ്മയെ ദൈവമാതാവ് എന്നു മാത്രമെ വിളിക്കാവൂ എന്ന് സേവേറിയോസ് പിതാവ് ഒരു കല്പന പുറപ്പെടുവിച്ചിട്ടുണ്ട്. ലോകരക്ഷകനെ ഉദരത്തിൽ വഹിക്കുവാനുള്ള ഭാഗ്യം തമ്പുരാൻ മറ്റാർക്കും കൊടുത്തിട്ടില്ല. സ്വർഗ്ഗത്തിലേക്കു കരേറുന്ന ഗോവണി എന്നാണ് മറിയാമിനെ വിശേഷിപ്പിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെയാണ് പരി. സുറിയാനിസഭ അമ്മയ്ക്കു കൊടുക്കുന്ന പ്രാധാന്യം മറ്റാർക്കും കൊടുക്കാത്തത്.

സുറിയാനിസഭയിൽ ദൈവമാതാവിനുള്ള സ്ഥാനത്തെപ്പറ്റിയും മദ്ധ്യസ്ഥപ്രാർത്ഥനയുടെ പ്രാധാന്യത്തെപ്പറ്റിയും എല്ലാം കാലംചെയ്ത സഖാപ്രഥമൻ ബാവാ മനോഹരമായ ഒരു ലേഖനം എഴുതിയിട്ടുണ്ട്. മറിയാമിന്റെ വിശുദ്ധിയെപ്പറ്റിയും സഭയിൽ ഉള്ള സ്ഥാനത്തെപ്പറ്റിയും ചോദ്യങ്ങൾ ഉയർന്ന് നവീകരണപ്രസ്ഥാനങ്ങൾ സഭയെ ആക്രമിച്ച കാലയളവിൽ ആണ് ഇപ്രകാരം ഒരു ലേഖനം എഴുതാൻ ആ പിതാവിനെ പ്രേരിപ്പിച്ചത്. ദൈവമാതാവിന്റെ സ്ഥാനത്തെ ഈ സഭയിൽ നിന്ന് ഒരിക്കലും മായിച്ചു കളയാൻ കഴിയാത്തവിധത്തിൽ ആദിമകാലം മുതൽ ഇന്നുവരെയുള്ള പുണ്യപിതാക്കന്മാർ ആരാധനകളിലും പ്രാർത്ഥനകളിലും തുന്നിച്ചേർത്തുവച്ചിരിക്കുകയാണെന്ന് ആ പിതാവ് തന്റെ ലേഖനത്തിൽ ആലേഖനം ചെയ്തിട്ടുണ്ട്. കർത്താവിന്റെ അപ്പസ്തോലനായ യോഹന്നാന്റെ ചരിത്രം മുതൽ മറിയാമിനെപ്പറ്റിയുള്ള വ്യാഖ്യാനങ്ങൾ ആരംഭിക്കുകയാണ്. മാതാവിന്റെ ഇഹലോകവാസം കഴിഞ്ഞ ഉടനെ തന്നെ അപ്പോസ്തോലന്മാർ ഒരുമിച്ചുകൂടി മറിയത്തിന്റെ ഒരു ചരിത്രം ഉണ്ടാക്കിയതായി ഭണ്ഡാരപ്പുരകൾ അഥവാ നിധികൾ എന്ന ലേഖനത്തിൽ എഴുതി ചേർത്തിട്ടുണ്ട്. പിന്നീടു വന്ന പിതാക്കന്മാർ സുറിയാനി സഭയിൽ മറിയത്തിന്റെ സ്ഥാനം എപ്രകാരമായിരിക്കണം എന്നു സുന്നഹദോസുകൂടി തീരുമാനിച്ചു. പരി. സേവേറിയോസ്, മാർ അപ്രേം, മാർ യാക്കോബ്, മാർ ബാലായി എന്നീ പിതാക്കന്മാരും അമ്മ മറിയത്തെ ചേർത്തു വയ്ക്കാത്ത ഒരു പ്രാർത്ഥനയോ ലേഖനമോ എഴുതിയിട്ടില്ല. പഴയ നിയമത്തിലേയും പുതിയ നിയമത്തിലേയും ദൃഷ്ടാന്തങ്ങൾ, ചരിത്രങ്ങൾ, പാരമ്പര്യം, എല്ലാം കൂടി ചേർത്തു വച്ച് മറിയത്തിന്റെ ജീവിതത്തെ വരച്ചുകാട്ടുകയാണ് ആ പുണ്യപിതാക്കന്മാർ.

വിത്തുകളുടെ പെരുന്നാളിനെപ്പറ്റി ഇപ്രകാരം ഒരു പാരമ്പര്യം പറയുന്നുണ്ട്. ദുഷ്ടനായ ഹേറോദാ രാജാവ് രണ്ടുവയസ്സിൽ താഴെയുള്ള ആൺകുഞ്ഞുങ്ങളെയെല്ലാം കൊന്നു കളയാൻ ഒരു കല്പന പുറപ്പെടുവിച്ചു. ഇതു കേട്ടു ഭയന്ന യൗസേഫ് പിതാവും മറിയാമും യേശുകുഞ്ഞിനെ എടുത്തുകൊണ്ട് ഓടുകയാണ്. അവർ കുറെ ദൂരം ഓടി. യഹൂദ കർഷകർ വിത്തു വിതച്ചുകൊണ്ടിരുന്ന ഒരു വയലിൽ എത്തിച്ചേർന്നു. ശത്രുസൈന്യം പുറകെ എത്തുകയാണ്. ആ ഒരു

നിമിഷം തിരുകുടുംബത്തെ ദൈവം മറച്ചു പിടിച്ച് സംരക്ഷിക്കുകയാണ്. ഇതിലെ ഒരു അമ്മയും കുഞ്ഞും വൃദ്ധനായ ഒരു പിതാവും കൂടി കടന്നുപോകുന്നത് നിങ്ങൾ കണ്ടുവോ എന്ന് സൈന്യം കർഷകരോടു ചോദിച്ചു. യഹൂദരെ സംബന്ധിച്ച് കള്ളം പറയുന്നത് ന്യായപ്രമാണത്തിനു വിരുദ്ധമാണ്. ഞങ്ങൾ വിത്തു വിതച്ചുകൊണ്ടിരുന്നപ്പോൾ ഒരമ്മയും കുഞ്ഞും വൃദ്ധനായ പിതാവും കൂടെ ഇതിലെ കടന്നുപോയി എന്ന് കർഷകൻ പറഞ്ഞു. ശത്രുസൈന്യം വയലിലേക്കു നോക്കിയപ്പോൾ വിത്ത് ചെടികളായി പുറത്ത് കതിരുകൾ കൊയ്യാൻ പാകത്തിൽ വിളഞ്ഞു നിൽക്കുന്നതാണ് കണ്ടത്. അങ്ങനെ പടയാളികൾ തിരികെ പോകുകയും തിരുകുടുംബം വാളിന്റെ വായ്ത്തലയിൽ നിന്ന് രക്ഷപെട്ട് മിസ്രയീമിലേക്കു പോകുകയും ചെയ്തു.

ഈ അത്ഭുതം കണ്ട യഹൂദാകർഷകർ മാതാവിന്റെ ദൈവസംരക്ഷണത്തെപ്പറ്റിയുള്ള ആ വലിയ 100 മേനി വിളവ് ഞൊടിയിടയിൽ ലഭിച്ചതിന്റെ അനുഗ്രഹത്തിനായി വിത്തുകളെ പ്രതിയുള്ള പെരുന്നാൾ ആഘോഷിച്ചു എന്നാണ് ചരിത്രം പറയുന്നത്. ദൈവത്തിന് അസാദ്ധ്യമായി ഒന്നുമില്ല എന്ന് അമ്മ ലോകത്തിനു കാണിച്ചു തന്നു. ആ അമ്മയുടെ വിത്തുകളെ പ്രതിയുള്ള പെരുന്നാൾ ആഘോഷിക്കുമ്പോൾ അമ്മ കാണിച്ച മാർഗ്ഗത്തിൽ സഞ്ചരിക്കുവാൻ നമുക്കു സാധിക്കും. ●

# തിരുവചനം

**ഓമന സഖറിയ, പുതിയമഠം, യു.എസ്.എ.**

"ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടു കൂടെ ആയിരുന്നു. വചനം ദൈവമായിരുന്നു." (യോഹ.1:1). "ആദി മുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ട് കണ്ടതും, സൂക്ഷിച്ചും വീക്ഷിച്ചും, കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനങ്ങളെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു" (1. യോഹ. 1:1).

വി. ബൈബിളിൽ ദൈവവചനമാണ്. അത് തെറ്റുകൂടാതെയും, പൂർണ്ണമായും എഴുതാൻ ദൈവം ചില വ്യക്തികളെ തിരഞ്ഞെടുത്ത് അവർക്ക് പ്രചോദനവും പ്രകാശവും നൽകി. ഇവരാണ് പ്രവാചകന്മാർ. അവർക്ക് അതിനുള്ള വരവും നൽകി. അങ്ങനെ ദൈവവചനം മനുഷ്യരുടെ വാക്കുകളിൽ ലിഖിതമായി. ദൈവത്തിന്റെ വക്താക്കളാണ് പ്രവാചകന്മാർ. "തിരുവെഴുത്തിലെ പ്രവചനം ഒന്നും സ്വയമായ വ്യാഖ്യാനങ്ങൾ ഉളവാകുന്നത് അല്ല എന്ന് ആദ്യം തന്നെ അറിഞ്ഞു കൊള്ളണം. പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല ദൈവ കല്പനയാൽ മനുഷ്യൻ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ട് സംസാരിച്ചതത്രേ." (2 പത്രോസ്. 1:20–21). ദൈവാത്മാവിന്റെ പ്രചോദനത്താലും നിരന്തര സഹായത്താലും എഴുതപ്പെട്ടതുകൊണ്ട് ബൈബിളിലെ വചനങ്ങൾ ദൈവനിയോഗിതമാണ്.

വി. ബൈബിളിൽ പഴയ നിയമത്തിൽ പിതാവാം ദൈവത്തെക്കുറിച്ച് "മനുഷ്യൻ പാപം ചെയ്താൽ ശിക്ഷയുണ്ടാകും എന്ന് എഴുതിയെങ്കിൽ പുതിയ നിയമത്തിൽ മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നീ സുവിശേഷകർ മനുഷ്യന്റെ പാപങ്ങൾക്കുവേണ്ടി ക്രൂശിൽ മരിച്ച രക്ഷകനായ യേശുക്രിസ്തുവിനെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നു. അപ്പസ്തോല പ്രവർത്തികൾ മുതൽ വെളിപാടു വരെ പരിശുദ്ധാത്മാവിന്റെ ആഗമനത്തെക്കുറിച്ചും പഠിപ്പിക്കുന്നു.

മനുഷ്യരക്ഷയ്ക്കുവേണ്ടി ദൈവം നൽകുന്ന സന്ദേശമാണ് ദൈവവചനം. അതു പ്രബോധനത്തിനും, ശാസനത്തിനും തെറ്റു തിരുത്തലിനും, നീതിയിലുള്ള പരിശീലനത്തിനും ഉപകരിക്കുന്നു. ഇതുവഴി "ദൈവഭക്തനായ മനുഷ്യൻ പൂർണ്ണത കൈവരിക്കുകയും എല്ലാ നല്ല പ്രവർത്തികളും ചെയ്യുന്നതിനു പര്യാപ്തനാവുകയും ചെയ്യുന്നു" (2 തിമൊ.3 16:17). മഹത്തായ ഈ പൂർണ്ണതയിലേക്കും നന്മയിലേക്കുമുള്ള ആഹ്വാനമാണ് വി.ബൈബിൾ അത് ജീവന്റെ സമൃദ്ധമായ വാഗ്ദാനമാണ്. ജീവനുള്ള വചനം നാം ധ്യാനിക്കുമ്പോൾ ആ ജീവൻ നമ്മിൽ പ്രവേശിച്ച് മറ്റുള്ളവരിലേക്ക് പകരും. വചനം അനുസരിക്കണമെങ്കിൽ അതിനുവേണ്ടി ത്യാഗം സഹിക്കാൻ മനസ്സുണ്ടാകണം. ലോകത്തോടും, ലോകത്തിന്റെ മോഹങ്ങളോടും വേർതിരിച്ചു ജീവിക്കുന്നവർക്കു മാത്രമേ വചനം അനുസരിക്കാൻ പറ്റുകയുള്ളു. "ലോകത്തോടുള്ള മൈത്രി ദൈവത്തോടുള്ള ശത്രുതയാണ്" എന്ന് ദൈവവചനം സാക്ഷ്യം നൽകുന്നു. (റോമർ. 8:7).

ദൈവജനത്തിന്റെ പ്രകാശഗോപുരമാണ് വചനം. പ്രതിബന്ധങ്ങളും, പ്രതിസന്ധികളുമാകുന്ന അന്ധകാരം നിറഞ്ഞ ഈ ലോകയാത്രയിൽ പാപത്തിൽ വീഴാതെ നമ്മെ വഴി നടത്തുവാൻ വചനം "തന്റെ കാലുകൾക്കു ദീപവും, പാതയ്ക്കു പ്രകാശവും ആകുന്നു." എന്ന് സങ്കീർത്തനകാരൻ പ്രഘോഷിക്കുന്നു (സങ്കീ.119:105). വി. ബൈബിളിൽ ഉടനീളം ആശ്വസിപ്പിക്കുന്ന, ധൈര്യപ്പെടുത്തുന്ന, ഉപദേശിക്കുന്ന, ശാസിക്കുന്ന, വചനങ്ങൾ നമുക്ക് കാണുവാൻ കഴിയും. "ഭയപ്പെടേണ്ട" എന്ന വാക്ക് 365 പ്രാവശ്യം ഉണ്ടെന്നാണു വേദപണ്ഡിതർ പറയുന്നത്. "നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നത് എന്തെങ്കിലും അപേക്ഷിച്ചാൽ അത് നിങ്ങൾക്ക് കിട്ടും" (യോഹ.15:7). മനുഷ്യന്റെ അനുദിന ജീവിതത്തിലെ എല്ലാ പ്രശ്നങ്ങൾക്കും, ഇത് എങ്ങനെ ശരിയാകും എന്ന ചോദ്യത്തിനും ബൈബിളിൽ മറുപടിയുണ്ട്. വചനം വായിക്കുക, പഠിക്കുക, എന്നുള്ളതല്ല പ്രധാനം, വചനാനുസൃതമായി ജീവിക്കുക" എന്നുള്ളതാണ് (യാക്കോബ് 1:22).

"ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും, എന്റെ വചനങ്ങളോ ഒഴിഞ്ഞു പോവുകയില്ല" (മത്താ. 24:35). "ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും, പ്രാണനെയും, ആത്മാവിനെയും, സന്ധിമജ്ജകളെയും വേർവിടുവിക്കുംവരെ തുളച്ചു ചെല്ലുന്നതും, ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു." (എബ്രായർ 4:12).

ശ്രവണ മാത്രയിൽത്തന്നെ രൂപാന്തരപ്പെടുത്തുന്നതാണ് വചനം. ഒരുങ്ങിയ ഹൃദയത്തിലേക്ക് വചനമാകുന്ന വിത്തു വിതച്ചാൽ നല്ല ഫലം ഉണ്ടാകും. വചനം അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുക സരളമല്ല ക്രിസ്തുവിലേക്കുള്ള വഴി നിഷ്ഠകളും, ക്രമീകരണങ്ങളും ആവശ്യമാണ്. "വചനം നിന്റെ ഹൃദയത്തിൽ ഇരിക്കണം" (ആവ.പുസ്തകം 6:49). "ഞാൻ സംസാരിച്ച വചനം തന്നെ അന്ത്യനാളിൽ അവനെ ന്യായം വിധിക്കും" (യോഹ. 12:48).

വചനം ഹൃദയപൂർവ്വം സ്വീകരിച്ച് അതുവഴി എല്ലാവരിലും ജീവനുണ്ടാകുവാനും അതു സമൃദ്ധമായി ഉണ്ടാകുവാനും ഇടയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവവചനത്തെ അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ തീർച്ചയായും അനുഗ്രഹിക്കപ്പെടും.

# വിവാഹിതരായി




Advt -0

ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളി ഇടവകയിൽ കരിയിൽ കാഞ്ഞിരത്തുംമൂട്ടിൽ മോനച്ചൻ കെ.കെ. യുടെയും മോളമ്മ മോനച്ചന്റെയും മകൻ **മനു മോനച്ചനും** ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളി ഇടവകയിൽ മണിമലപാറയിൽ പി.സി. കുര്യന്റെയും അനില കുര്യന്റെയും മകൾ **ഷീമാ കുര്യനും** തമ്മിലുള്ള വിവാഹം 20/01/22-ൽ **അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ** പ്രധാന കാർമ്മികത്വത്തിൽ ചിങ്ങവനം സെന്റ് ജോൺസ് പുത്തൻ പള്ളിയിൽ നടത്തപ്പെട്ടു.

# 50th Wedding Anniversary

## 7-02-2022



## M.I.THOMAS & JAISAMMA THOMAS

**Madukkamoottil (H), Poovanthuruth, Kottayam**

Advt - O

മക്കൾ – ഷിൻസി, സ്വപ്ന, സംഗീത
മരുമക്കൾ – ജോൺസൺ, സുനീഷ്, ബോബി
കൊച്ചുമക്കൾ – മിലൻ, മെൽവിൻ, നിഖിത, അനന്യ, ലിയോൺ, ലെന

# ക്നാനായ സഭാദിനവും സമുദായ മെത്രാപ്പോലീത്താ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ 18–ാമത് മെത്രാഭിഷേക വാർഷികവും





## കുൽപ്പമല എസ്റ്റേറ്റ്



സമുദായം വക മലബാറിലുള്ള കുൽപ്പമല എസ്റ്റേറ്റിൽ റബർ ടാപ്പിങ്ങ് തുടങ്ങുന്നതിനും ഈ വർഷം കശുമാവിൽ നിന്നും ആദായം എടുക്കുന്നതിനും വേണ്ടി ലേലം ചെയ്യുന്നതിനും കശുമാവ് ഇല്ലാത്ത സ്ഥലങ്ങളിൽ പുതുതായി കശുമാവ് തൈകൾ വച്ചു പിടിപ്പിക്കുന്നതിനും തരിശു ഭൂമിയിൽ നിന്നും ലാറ്ററേറ്റ് വെട്ടിയെടുക്കാൻ സാധിക്കുമോ എന്നതിനെക്കുറിച്ച് പഠിക്കുന്നതിനു വേണ്ടിയും സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, ആക്ടിംഗ് ട്രസ്റ്റി തോമസുകുട്ടി മറ്റക്കാട്, ക്നാനായ മാനേജിംഗ് കമ്മിറ്റി അംഗങ്ങളായ ആലിച്ചൻ ആറൊന്നിൽ, റ്റി.സി. തോമസ് തോപ്പിൽ, സാബു കണ്ണാട്ടിപ്പുഴ, രാജു വള്ളപുരയ്ക്കൽ എന്നിവർ എസ്റ്റേറ്റ് സന്ദർശിച്ചു കൊണ്ടിരിക്കുന്നു.

## ആശംസകൾ



**ഫാദർ മോനായി കെ. ഫിലിപ്പ്**
കർക്കിടകം പള്ളി
*(വൈദിക ട്രസ്റ്റി)*
പൗരോഹിത്യ രജത ജൂബിലി



**ഫാദർ ജിതിൻ സഖറിയ**
പനവേലിൽ
മോർ അപ്രേം സെമിനാരി മാനേജർ

# വിവാഹിതരായി



Advt -S

നീലംപേരൂർ സെന്റ് ജോർജ് ക്നാനായ വലിയപള്ളി ഇടവകയിൽ കുറിച്ചി ചിറയ്ക്കൽ തമ്പി കുര്യാക്കോസിന്റെയും ഓമന തമ്പിയുടെയും മകൻ **ടിനോ സി. തമ്പിയും (UAE)** നീലംപേരൂർ സെന്റ് ജോർജ് ക്നാനായ വലിയപള്ളി ഇടവകയിൽ നീലംപേരൂർ ഇടത്തുംപറമ്പിൽ ഷിബു ഫിലിപ്പിന്റെയും മിനി ഷിബുവിന്റെയും മകൾ **ആഷ്മി ഷിബുവും (UK)** തമ്മിലുള്ള വിവാഹം 2022 ജനുവരി 27–ാം തീയതി നീലംപേരൂർ സെന്റ് ജോർജ് ക്നാനായ വലിയപള്ളിയിൽ റവ. ഫാ. ജേക്കബ് ഫിലിപ്പ് നടയിലിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു.




**30th Wedding Anniversary**
23rd February 2022



**Biju M. Jacob & Susan Jacob**
Kuttiyil House, Chingavanam
*Best wishes & love*
*Reuben and Sibia*

Advt -O

**50th wedding anniversary**
31-01-2022



**P.E. ITTIYAVARA (KUNJUMON)**
**&**
**CHINNAMMA ITTIYAVARA**
Puthuchiramel, Mazhukeer
*Prayers and wishes from: loving grand children*
*Liyana, Laya, Levon, Alona, Alma, Godwin,*
*Godsia, Gayos, Geona*

Advt -O

## ക്നാനായ കോൺഗ്രസിന്റെ സമ്പൂർണ്ണ പ്രതിനിധി സമ്മേളനം



# വിവാഹം - ജീവിതം - ഒരുക്കം



സുനിൽ ഡി. കുരുവിള

"Love recognizes no barriers. It jumps hurdles, leaps fences, penetrates walls to arrive at its destination full of hope". - Maya Angelou

ലോകത്തിലെ ഏറ്റവും പഴയതും ഉന്നതവുമായ institution ആണ് കുടുംബം. അതിലേയ്ക്കുള്ള പാവനമായ ചുവടുവെപ്പാണ് വിവാഹം.

എന്നാൽ ഇന്ന് വലിയ വെല്ലുവിളി നേരിടുന്ന രംഗവുമാണ് ഇതെന്ന് എല്ലാവർക്കും അറിയാം. ഈ google യുഗത്തിൽ യുവത ഏറെക്കുറെ സംശയത്തോടെയും മുൻവിധിയോടെയും ഒക്കെയാണ് പലപ്പോഴും വിവാഹത്തെ കാണുന്നത്. അമിതമായ self centric ഭാവവും അമിതമായ career ആകുലതയും freedom consciousness ഉം ഒക്കെ യുവതയെ വിവാഹ ചിന്തകളിൽ നിന്ന് പുറകോട്ടു നയിക്കുന്നുണ്ട്. ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുക, പങ്കുവെയ്ക്കുക, അഡ്ജസ്റ്റ് ചെയ്യുക ഒക്കെ ഇന്ന് പലർക്കും ശീലമില്ലാത്ത കാര്യങ്ങൾ ആണ് എന്നുള്ളതും ഒരു വിവാഹത്തെ ഒക്കെ മുന്നിൽ കാണാൻ ഭയം തോന്നുന്നു.

എന്റെ You Tube ചാനലിൽ വിവാഹത്തെക്കുറിച്ചുള്ള ഒരു talk നു വന്ന പ്രതികരണം തന്നെയാണ് ഈ ഒരു article എഴുതാൻ പ്രചോദനമായത്. ഒരുപാടുചെറുപ്പക്കാർ അതിനോടു പ്രതികരിക്കുകയുണ്ടായി. പ്രത്യേകിച്ചും പഠിച്ചവരും ജോലിയുള്ളവരും പണമുള്ളവരും പ്രൊഫഷണൽസും ഒക്കെയാണ് 'ജീവിക്കാൻ' പാടുപെടുന്നത്...

പാവപ്പെട്ടവർ കുറെക്കൂടി ജീവിത യാഥാർത്ഥ്യങ്ങളോട് പൊരുത്തപ്പെടുന്നുണ്ട്. അവർക്ക് കുറെക്കൂടി സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും കഴിയുന്നുണ്ട്. കുറച്ചുകൂടി സമയവും സാവകാശവും ക്ഷമയുമുണ്ട്. കൊച്ചുകൊച്ചു സന്തോഷങ്ങൾ അവർക്ക് ആസ്വദിക്കാൻ കഴിയുന്നുണ്ട്.... ഈ നിമിഷമാണ് ജീവിതമെന്നു തിരിച്ചറിയാനും കഴിയുന്നുണ്ട്! അതൊരു പരിധിവരെ ഇല്ലായ്മ നൽകുന്ന അതിജീവനപാഠങ്ങളുടെ കരുത്താണ്. ഉള്ളവന്റെ വീട്ടിൽ 'തുരുത്തിന്റെ' അരക്ഷിതാവസ്ഥയുണ്ട്.... ഒരു തരം മരവിപ്പ്! സംഭാഷണങ്ങൾ കുറഞ്ഞു.... ഒരുമിച്ചിരുന്നു ഭക്ഷണം കഴിച്ചിരുന്നത് മറന്നു... കുടുംബപ്രാർത്ഥനയും അന്യമായി...

പരസ്പര ആശ്രയത്വം കുറഞ്ഞ പശ്ചാത്തലത്തിലൂടെ കടന്നുവരുന്ന ഒരു വിവാഹം ഒന്ന് പച്ചപിടിക്കാൻ പ്രയാസപ്പെടും! പുറത്തുനിന്ന് വരുന്ന ആളിന് ഈ ഇടത്തിൽ ഒരു space കിട്ടാനും പാടാണ്.

എന്നാൽ വിവാഹം ഒരു ലീഡർഷിപ്പ് ആണ്. ജീവിതം അതിന്റെ പൂർണ്ണ അർത്ഥത്തിലേയ്ക്ക് ഉയരുന്നത് കുടുംബ പശ്ചാത്തലത്തിലാണ്. കുഞ്ഞുങ്ങൾ ഇല്ലാത്ത ഒരു ലോകം ആലോചിച്ചു നോക്കൂ??? കുഞ്ഞുങ്ങളാണ് ജീവിതത്തിന്റെ പൂന്തോട്ടം! അർത്ഥവത്തായി കുഞ്ഞുങ്ങൾക്ക് വളരണമെങ്കിൽ ഉന്നതമായ കുടുംബം ആവശ്യമാണ്. എല്ലാ മാനവിക മുന്നേറ്റത്തിനും പ്രേരണ മറ്റെന്താണ്...

നമ്മൾ മറ്റെന്തെല്ലാം നേടിയാലും ഫാമിലി എന്ന ഒരു പ്രേരണ ഇല്ലെങ്കിൽ ചെന്നെത്തുന്നത് ശൂന്യതയിലേയ്ക്ക് തന്നെയാകാം!

എന്നാൽ നല്ലൊരു വിവാഹജീവിതം ആസ്വദിക്കണമെങ്കിൽ – അതിലൂടെ അർത്ഥവത്തായ കുടുംബജീവിതത്തിലേയ്ക്ക് ഉയരണമെങ്കിൽ ഈ ആധുനിക കാലത്തു ചില തയ്യാറെടുപ്പുകൾ കൂടിയേ തീരൂ. തീർച്ചയായും ചില വ്യക്തിത്വഗുണങ്ങൾ വിവാഹജീവിതത്തെ enrich ചെയ്യും.

Respect:

പരസ്പരം respect ചെയ്യാൻ ശീലിക്കുക. കൊടുത്തു മാത്രം വാങ്ങാൻ കിട്ടുന്ന ഒന്നാണ് ബഹുമാനം. ബഹുമാനിക്കാൻ കാരണങ്ങൾ ഉള്ള ഒരാളെ മാത്രം പങ്കാളിയാക്കുക! അല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ കണ്ടെത്തുക. പരസ്പരം അത് പരിപോഷിപ്പിക്കാൻ ശ്രമിക്കുകയും വേണം! ആത്മവിശ്വാസവും ആത്മാഭിമാനവും ഉള്ളവർക്ക് അത് വളരെ എളുപ്പമാകും.

വിനയം സ്നേഹത്തിലേക്കുള്ള വാതിലാണ്! നിരന്തരം വ്യക്തിത്വവികസനം നേടാനും പഠിക്കാനും രൂപാന്തരപ്പെടാനും ഒക്കെ പരിശ്രമിച്ചാൽ ജീവിതത്തിൽ ഉടനീളം എല്ലാവരുടെയും ബഹുമാനം നേടിയെടുക്കാൻ കഴിയും.

Understanding

പരസ്പരം മനസ്സിലാക്കാൻ നിരന്തര ശ്രമം വേണം. നല്ല ആശയവിനിമയവും ചർച്ചയും അനിവാര്യം. നമുക്ക് പങ്കാളിയെ അറിയാം; എന്നാൽ അറിവല്ല മനസ്സിലാക്കൽ. മനസ്സിലാക്കുംതോറും നമുക്ക് കൂടുതൽ അവരെ അംഗീകരിക്കാനും സ്വീകരിക്കാനും സ്നേഹിക്കാനും ഒക്കെ സാധിക്കും. സ്നേഹം വാങ്ങുന്നതല്ല കൊടുക്കുന്നതാണ് എന്ന് തിരിച്ചറിയും. അത് നൽകുംതോറും വർദ്ധിക്കുന്നതാണ് എന്ന് തിരിച്ചറിയാൻ കഴിയണം. എന്നാൽ ഓരോരുത്തർക്കും സ്നേഹത്തിന്റെ അടയാളങ്ങൾ വ്യത്യസ്ഥമാണ്! ചിലർക്ക് അത് നന്നായി പ്രകടിപ്പിച്ചാൽ മാത്രമേ മനസ്സിലാകൂ. ചിലർക്കത് പറഞ്ഞു കേൾക്കണം. ചിലർ ഉള്ളിലുള്ളത് പ്രകടിപ്പിക്കാൻ കഴിയാത്തവരാണ്. കൂടുതൽ കൂടുതൽ മനസ്സിലാക്കാൻ കഴിഞ്ഞാൽ സ്നേഹവും സന്തോഷവും ജീവിതത്തിൽ കണ്ടെത്താനും സാധിക്കും. പരസ്പരം കൂടുതൽ സമയം ചിലവഴിക്കാനും കെയർ ചെയ്യാനും പങ്കാളിക്കു വേണ്ടി spend ചെയ്യാനും ക്ഷമ കാണിക്കാനും വിട്ടുകൊടുക്കാനും ഒക്കെ തുടക്കത്തിലെ പരിശ്രമിക്കുമ്പോൾ പരസ്പര ബഹുമാനവും മനസ്സിലാക്കലും വർദ്ധിക്കും. ഒരു പ്രയാസമോ അസുഖമോ ഒക്കെ വരുമ്പോൾ കൂടുതൽ നമ്മൾ പങ്കാളിക്കുവേണ്ടി available ആകാൻ ശ്രമിക്കണം. പ്രത്യേകിച്ച് വിവാഹത്തിന്റെ ആദ്യനാളുകളിൽ..... ഒന്ന് തിരക്ക് കുറച്ചു സാവകാശം നീങ്ങാം!

Common ground:

ആരായിരിക്കണം എന്റെ പങ്കാളി? ചിലർ സ്വന്തം ഫീൽഡിൽ അല്ലെങ്കിൽ Profession ൽ ഉള്ളവരെ മാത്രമെ വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നുള്ളൂ! കാരണം അവർക്കിടയിൽ understanding വളർത്താൻ അത് എളുപ്പമാണ് എന്ന് അവർ വിശ്വസിക്കുന്നു. ഏറ്റവും പ്രധാനം രണ്ടുപേർക്കും ഇടയിൽ പൊതുവായ മൂല്യങ്ങളും സംസ്ക്കാരവും ഇഷ്ടങ്ങളും താല്പര്യങ്ങളും ഒക്കെ ഉണ്ടാവുക എന്നുള്ളതാണ്. രണ്ടുപേർക്കും യാത്ര ചെയ്യാൻ താല്പര്യം ഉണ്ടായിരിക്കുക. അല്ലെങ്കിൽ നല്ല പുസ്തകങ്ങൾ വായിക്കാൻ, സിനിമ കാണാൻ, ആതിഥേയത്വം വഹിക്കാൻ, രാഷ്ട്രീയം ചർച്ച ചെയ്യാൻ... അങ്ങനെ കുറച്ചു common grounds ഉണ്ടാവണം. അത് ബന്ധത്തെ കൂടുതൽ ഊഷ്മളവും താല്പര്യവും ഉള്ളതാക്കും! അത്തരം പങ്കാളികൾ കൂടുതൽ rapport ഉള്ളവരും പരസ്പരം ഈഗോയും കോംപ്ലക്സും ഇല്ലാത്തവരും ആയിരിക്കും. ഇത് കുടുംബ ജീവിതത്തിന്റെ സുഖവും മൂല്യവും വർദ്ധിപ്പിക്കും.

Goals & Growth

വിവാഹ ജീവിതത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ പങ്കാളികൾ ഒരു രൂപാന്തരത്തിനും മാറ്റങ്ങൾക്കും ഒക്കെ തയ്യാറായിരിക്കണം. ജോലിയിൽ, ശീലങ്ങളിൽ, കാഴ്ചപ്പാടിൽ, മുൻഗണനയിൽ ഒക്കെ ചില മാറ്റങ്ങൾ അനിവാര്യമായി വന്നേക്കാം. ഇന്നലെ വരെ 'ഞാൻ'എന്ന ഭാവത്തോടെ കൈ കാര്യം ചെയ്തിരുന്ന എന്റെ ജീവിതം ഇന്നു മുതൽ 'ഞങ്ങൾ' എന്ന ഭാവത്തിലേയ്ക്ക് മാറേണ്ടതുണ്ട്. രണ്ടുപേരും ചേർന്ന് നിർമ്മിക്കുന്ന ജീവിതത്തിന് ഒരു ലക്ഷ്യം തീരുമാനിക്കേണ്ടതുണ്ട്. ഉറച്ച ലക്ഷ്യങ്ങൾ ഉള്ളവരെ ആർക്കും തോൽപ്പിക്കാൻ കഴിയുകയില്ല. എന്തായിരിക്കണം ഞങ്ങളുടെ കുടുംബപരമായ ലക്ഷ്യം? എവിടെയൊക്കെയാണ് നമ്മൾ വളരേണ്ടത്, പുരോഗമിക്കേണ്ടത്? കുറെ ജോലി ചെയ്യാനും പണം ഉണ്ടാക്കാനും തിന്നാനും മാത്രമുള്ളതാണ് ജീവിതം എന്ന് തെറ്റിദ്ധരിക്കരുത്. ആരോഗ്യം – കരിയർ – വിദ്യാഭ്യാസം – കുട്ടികൾ – ബന്ധങ്ങൾ – സുഹൃത്തുക്കൾ – സമൂഹം – ആത്മീയം... അങ്ങനെ എന്തെല്ലാം ലക്ഷ്യങ്ങൾ നമുക്ക് കാണാൻ സാധിക്കും!

നല്ല പങ്കാളികൾ പരസ്പരം വളർത്തുകയും കൂടുതൽ പരസ്പരം വിജയിപ്പിക്കുകയും ചെയ്യും! വിവാഹത്തിനു ശേഷം പങ്കാളികൾക്കുണ്ടായ വളർച്ച, വിജയം, നിലവാരവർദ്ധന ഒക്കെ ഒരു കുടുംബ ജീവിതത്തിന്റെ quality യെ അടയാളപ്പെടുത്തുന്നു. ലക്ഷ്യവും വളർച്ചയും ഉള്ള ഇടങ്ങളിൽ ജീർണതയ്ക്കു പ്രവേശിക്കാൻ കഴിയില്ല! സ്നേഹമുള്ളിടത്തു വിട്ടുകൊടുക്കാനും മാറിക്കൊടുക്കാനും തോറ്റുകൊടുക്കാനും ഒന്നും ഭയമില്ല – ഈഗോയില്ല!

" Every heart sings a song, incomplete, until another heart whispers back. Those who wish to sing always find a song. At the touch of a lover, everyone becomes a poet" - Plato

വലിയ ജോലി ഉള്ളതുകൊണ്ടോ പണം ഉള്ളതുകൊണ്ടോ ജീവിതം മനോഹരമാകുന്നില്ല. ജീവിതം ഒരു കലയാണ്. അത് വിജയിപ്പിക്കാൻ നല്ല ധൈര്യവും ആത്മാർത്ഥതയും സ്നേഹവും ക്രിയാത്മകതയും നേതൃഗുണവും എല്ലാം ആവശ്യമാണ്. അതിൽ നമ്മളും അർത്ഥവത്തായി പങ്കാളികളാകുമ്പോഴാണ് ലോകം അതിന്റെ ഏറ്റവും ഉന്നതമായ ഭാവവും താളവും കൈവരിക്കുന്നത്! കൈകോർക്കാം ലോകഭാവിക്കായി പുരോഗതിക്കായി....

ഉന്നതമാകട്ടെ വിവാഹം.....ജീവിതം!

തലമുറകൾ അനുഗ്രഹിക്കപ്പെടട്ടെ!!!

*(സുനിൽ ഡി കുരുവിള, ഇൻസൈറ്റ് മിഷന്റെ സ്ഥാപകനും; പ്രമുഖ മാനവശേഷി വികസന പരിശീലകനും, കൗൺസിലറും കരിയർ ഗൈഡുമാണ്. സെൽ ഫോൺ + 91 9656144712. 'Sunil Kuruvilla' എന്ന You Tube ചാനലിലും ലഭ്യമാണ്).*

# ക്നാനായ സഭാദിനവും, ക്നാനായ ദിനാചരണവും

ക്നാനായ സഭാദിനവും, ക്നാനായ ദിനാചരണവും സമുദായ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ മെത്രാഭിഷേകത്തിന്റെ 18-ാം വാർഷികവും ക്നാനായ മാനേജിംഗ് കമ്മിറ്റി സമുചിതമായി ആഘോഷിച്ചു.

പ്രസ്തുത ചടങ്ങിൽ വച്ച് സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ സമുദായ മെത്രാപ്പോലീത്തായെ പൊന്നാട അണിയിച്ച് ആദരിക്കയും, സമുദായ മെത്രാപ്പോലീത്ത കേക്ക് മുറിച്ച് എല്ലാവർക്കും മധുരം പങ്കിടുകയും ചെയ്തു.

വികാരി ജനറാൾ റവ. ഫാ. വി.എ. ഏബ്രഹാം ഇളയശ്ശേരിയുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗ് സമുദായ മെത്രാപ്പോലീത്താ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി ഉദ്ഘാടനം ചെയ്തു. ക്നാനായ സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, ആക്ടിംഗ് ട്രസ്റ്റി തോമസുകുട്ടി മറ്റയ്ക്കാട്ട്, ക്നാനായ കമ്മിറ്റി അംഗങ്ങളായ ആലിച്ചൻ ആറൊന്നിൽ, വില്ലി വടാമറ്റം, റ്റി. സി. തോമസ് തോപ്പിൽ, സാബു കണ്ണാട്ടിപ്പുഴ, രാജു വള്ളപ്പുരയ്ക്കൽ, തമ്പി ചേന്തിയിൽ, ഭദ്രാസന സെക്രട്ടറി, റവ. ഫാ. ഏലിയാസ് ഇളവൻകളം, ഫാ. ജേക്കബ് കല്ലുകുളം, ജയ്ക്കബ് സ്കറിയ ബോസ്റ്റൻ എന്നിവർ പ്രസംഗിച്ചു.

**NAZARETH COLLEGE OF PHARMACY,**
**OTHERA,THIRUVALLA 689546, Ph:0469 2657546, 9495237292**
**WANTED**
ASSISTANT PROFESSOR-01 (Leave Vacancy 6 Months)
Qualification :M.Pharm [Pharm.Analysis(preferred)/Pharm.Chemistry]
Apply with CV and copies of certificates to the Manager by post or E-mail to nazarethpharmacy@yahoo.co.in on or before 05/03/2022



# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര മനഃശാസ്ത്ര വീക്ഷണത്തിൽ

**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

കഴിഞ്ഞ ലക്കം തുടർച്ച

**കുട്ടികളുടെ മാതൃകയായ മാതാപിതാക്കൾ**

“അച്ചോ വിശക്കുന്നു. സമയം 1 മണി ആയി. Lunch-നു പോയാലോ?”

ബിനു ചോദിച്ചു.

“ശരി. അങ്ങനെയെങ്കിൽ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുമായി ഉച്ചയൂണ് കഴിഞ്ഞു വരാം. രണ്ടുമണി ആകുമ്പോൾ അടുത്ത സെഷൻ ആരംഭിക്കാം”

അച്ചൻ പറഞ്ഞു

“അച്ചോ ടോണിയുടെ ബർത്ത്ഡേ ആണ് ഇന്ന്. ഊണി നൊപ്പം ടോണിയുടെ വക ഐസ്ക്രീം ഉണ്ടായിരിക്കും”.

ജോജോ പറഞ്ഞപ്പോൾ എല്ലാവരും കൈയ്യടിച്ചു.

‘‘ശരി. എങ്കിൽ പിന്നെ ഊണ് കഴിഞ്ഞ് വീണ്ടും കാണാം’’.

കൃത്യം രണ്ട് മണിക്കു തന്നെ എല്ലാവരും എത്തി ച്ചേർന്നു. അച്ചൻ ഉച്ചകഴിഞ്ഞുള്ള സെഷൻ ആരംഭിച്ചു. അച്ചൻ തുടക്കത്തിൽ തന്നെ ഒരു ചോദ്യം ഉന്നയിച്ചു.

“മാതാപിതാക്കളുടെ ദൗത്യം എന്ത്?”.

ഊണിന്റെ ആലസ്യത്തിലിരുന്ന സദസ്സ് അത്ഭുതത്തോടെ പരസ്പരം നോക്കി. അച്ചൻ തുടർന്നു.

“കുഞ്ഞുങ്ങളെ നന്നായി വളർത്തുക എന്നതാണ് മാതാ പിതാക്കളുടെ പ്രധാന ദൗത്യം”.

നമ്മുടെ ജന്മോദ്ദേശ്യം തന്നെ അടുത്ത തലമുറയെ ഏറ്റവും നല്ല രീതിയിൽ വളർത്തിയെടുക്കുക എന്നതാണ്. മക്കളുടെ അവസാന ആശ്രയം മാതാപിതാക്കളാണ്. വീടാണ് അവരുടെ അത്താണി. സ്വാന്ത്വനമേകുന്ന മടിത്തട്ടായി തന്റെ മാതാപിതാക്കൾ വീട്ടിലുണ്ടെന്ന ബോധ്യം മക്കൾക്ക് ധൈര്യം പകരും. ആര് അവിശ്വസിച്ചാലും തന്റെ മാതാപി താക്കൾ ഉപേക്ഷിക്കുകയില്ലെന്ന തികഞ്ഞ ആത്മവിശ്വാസം മക്കളിലുണ്ടാക്കാൻ മാതാപിതാക്കൾ പ്രയത്നിക്കണം. അങ്ങനെ നല്ല മാതാപിതാക്കളാകുവാൻ നിങ്ങൾക്കു കഴി യും. നല്ല മാതാപിതാക്കളാകുവാൻ ശ്രദ്ധിക്കേണ്ട ചില കാര്യ ങ്ങൾ ഇനിയും പങ്കുവയ്ക്കാം.

**1. കുട്ടികളെ അംഗീകരിക്കുക ആദരിക്കുക**

കുട്ടികൾക്കും വ്യക്തിത്വമുണ്ടെന്ന ബോധ്യം നമുക്കുണ്ടാ കണം. അവരെ തിരിച്ചറിയുകയും അവരെ ബഹുമാനിക്കു കയും ചെയ്യുന്ന മാതാപിതാക്കളാകണം നാം. അവരുടെ അഭി പ്രായങ്ങൾക്ക് അംഗീകാരം നൽകണം. കുടുംബാംഗങ്ങളുടെ പൊതു അഭിപ്രായത്തിന്റെ കൂടെ നിൽക്കുവാനും വ്യക്തിപ രമായി വിയോജിപ്പുണ്ടെങ്കിൽ പ്രകടിപ്പിക്കുവാനുമുള്ള സ്വാത ന്ത്ര്യം നൽകി വളർത്തണം. മാതാപിതാക്കളുടെ അഭിപ്രാ യങ്ങൾ മക്കളുടെമേൽ അടിച്ചേൽപ്പിക്കരുത്. അംഗീക രിക്കുന്നതിന്റെ പ്രത്യക്ഷലക്ഷണമാണ് അഭിനന്ദിക്കുന്നത്. കുട്ടിയൊരു പാട്ടു പാടിയാൽ, ഡാൻസ് കളിച്ചാൽ നമ്മുടെ കൈയ്യടി അവർ പ്രതീക്ഷിക്കും എന്നതുപോലെ അവർ അഭി പ്രായം പറയുമ്പോൾ “മണ്ടത്തരം പറയാതെടാ കഴുതെ” എന്നൊക്കെ പറയുന്ന ഒരു ഭൂതകാലം നമ്മുടെ സമൂഹ ത്തിൽ ഉണ്ടായിരുന്നു. അതൊന്നും ഇനിയും ആവർത്തിക്ക രുത്.

അവർക്ക് വസ്ത്രവും ഭക്ഷണവും മാത്രം പോരാ. അവർക്കൊരു മനസ്സുണ്ടെന്ന ബോധ്യം ഉണ്ടാകണം. അതിന് അർഹമായ പരിഗണന കൊടുക്കണം. അവരുടെ ഉദ്യമങ്ങളെ അഭിനന്ദനം കൊണ്ട് അംഗീകരിക്കണം. അവരുടെ തെറ്റുക ളെയും അബദ്ധങ്ങളെയും സ്നേഹ പുരസ്സരം പൊറുക്കണം. അവരുടെ ഉള്ളിൽ വലിയ ഊർജ്ജം പകർന്നു നൽകണം. അങ്ങനെ നിങ്ങൾക്കു നല്ല മാതാപിതാക്കളാകുവാൻ സാധി ക്കും.

കുട്ടികളെക്കുറിച്ച് അമിത പ്രതീക്ഷ വച്ചു പുലർത്തരു ത്. നിങ്ങൾ ആഗ്രഹിക്കുന്നതുപോലെ അല്ല അവർ ആകേ ണ്ടത്. അവർ ആഗ്രഹിക്കുന്നപോലെ അവർ ആകണം. അതിനെ നിലനിൽക്കുവാൻ സാധിക്കൂ. മാതാപിതാക്കൾ ആഗ്രഹിക്കുന്നപോലെ കുട്ടികൾ ആയിത്തീർന്നില്ലെങ്കിൽ അവർക്ക് വലിയ നിരാശയാണ്. അത് ശരിയായ രീതിയല്ല. എന്റെ ശുശ്രൂഷകാലത്തുണ്ടായ ഒരു അനുഭവം പങ്കുവയ്ക്ക ട്ടെ:

“സംഗീത ഉപകരണങ്ങൾ വായിക്കുകയും മനോഹര മായി പാട്ടുപാടുകയും ചെയ്യുന്ന നവീൻ പഠിക്കുവാൻ മിടു ക്കനായിരുന്നു. സംഗീതത്തിൽ ഉപരിപഠനം ആഗ്രഹിച്ച നവീൻ മാതാപിതാക്കളുടെ നിർബന്ധത്താൽ എഞ്ചിനീയ റിംഗിനു ചേർന്നു. പഠനത്തിൽ ഒരിക്കലും അവന് ശ്രദ്ധി ക്കാൻ കഴിഞ്ഞില്ല. അവനൊരു മ്യൂസിക്ക് ട്രൂപ്പ് ഉണ്ടാക്കി.

കോളേജിൽ പാട്ടുകാരനായി അറിയപ്പെട്ടു. പക്ഷെ ജയിച്ച വിഷയങ്ങളേക്കാൾ കൂടുതൽ തോറ്റ വിഷയങ്ങളായിരുന്നു. വീട്ടിൽ വലിയ പ്രശ്നമായി. നാലാം വർഷമായപ്പോൾ എഞ്ചിനീയറിംഗ് drop ചെയ്യുവാനുള്ള തീരുമാനമെടുത്തു. ഈ വിഷയത്തിൽ അപ്പനും മകനും ഉഗ്രൻ വഴക്ക്. ഈ അവസരത്തിലാണ് ഞാൻ ആ ഇടവകയിൽ ചെല്ലുന്നത്. എന്റെ നിർബന്ധം കൊണ്ട് അവന്റെ ഇഷ്ടപ്രകാരം അവനെ സംഗീതത്തിന്റെ ഉപരിപഠനത്തിനയക്കുവാൻ പിതാവ് സന്നദ്ധനായി. കുട്ടികളുടെ ഇഷ്ടങ്ങളെ ആദരിക്കുന്നവരാണ് ശരിയായ മാതാപിതാക്കൾ.

എന്റെ തലമുറയിലെ കുട്ടികൾ അംഗീകാരത്തിനും ആദരവിനും വേണ്ടി കൊതിക്കുന്നവരായിരുന്നു. ചില മാതാപിതാക്കൾ മക്കൾ എത്ര നല്ല കാര്യങ്ങൾ ചെയ്താലും അവയെ അംഗീകരിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യില്ലായിരുന്നു. അങ്ങനെ ചെയ്താൽ കുട്ടികൾ അഹങ്കരിക്കുമെന്ന മിഥ്യാധാരണയായിരുന്നു ഉണ്ടായിരുന്നത്. അങ്ങനെയുള്ള കുട്ടികൾക്ക് എന്താണ് ചെയ്യേണ്ടതെന്ന് യാതൊരു ഊഹവും കാണില്ല. ചില കുട്ടികൾക്ക് ഭയമായിരിക്കും. ചിലർക്ക് നിസ്സംഗതയായിരിക്കും. ഉറപ്പില്ലാതെ എങ്ങനെ മുന്നോട്ട് പോകുമെന്നുള്ള സന്ദേഹം അവരെ അലട്ടും.

എന്നാൽ ഇന്നത്തെ തലമുറയിലെ കുട്ടികൾക്ക് പണ്ടുള്ളതിനെക്കാൾ അംഗീകാരവും ആദരവും ലഭിക്കുന്നുണ്ട്. അവർക്ക് മുന്നോട്ട് പോകുവാൻ കുറെക്കൂടി ധൈര്യം ഉണ്ട്. എങ്കിലും മാതാപിതാക്കൾ കൂടുതൽ ശ്രദ്ധിക്കണം. തങ്ങളുടെ മക്കൾ ഏറ്റവും ഉന്നതങ്ങളിൽ എത്തിച്ചേരാൻ അംഗീകാരവും പിന്തുണയും ആവശ്യമാണെന്ന ബോധ്യം ഉണ്ടാകണം. അവരുടെ കൊച്ചുകൊച്ചു സ്വപ്നങ്ങൾക്ക് നിറം പകരാനും ചിറകു നൽകുവാനും മാതാപിതാക്കൾ സന്നദ്ധരാകണം.

സ്ഫടികം സിനിമയിൽ തോമസ് ചാക്കോ (മോഹൻലാൽ) ആടുതോമയായി മാറിയതിൽ പിതാവായ ചാക്കോ മാഷ് (തിലകൻ) എത്ര വലിയ പങ്കുവഹിച്ചുവെന്ന് ശ്രദ്ധിക്കണം. തന്റെ മകന്റെ ശാസ്ത്രബോധവും സാങ്കേതിക വിദ്യയും തിരിച്ചറിയാൻ സാധിക്കാത്ത അന്ധതയായിരിക്കുന്നു ചാക്കോ മാസ്റ്ററിന്. $(A+B)^2 = a^2+2AB+B^2$ എന്ന ഫോർമുല മാത്രം പഠിച്ചാൽ ഒരു വിദ്യാർത്ഥിക്ക് എഞ്ചിനീയറിംഗിൽ വളരുവാൻ കഴിഞ്ഞെന്ന് വരികയില്ല. MBBS ന് റാങ്ക് വാങ്ങിയാലും ഒരു നല്ല ഡോക്ടർ ആകണമെന്നില്ല. കുട്ടികളെ തിരിച്ചറിയുവാനും അവരുടെ കഴിവുകളെ അംഗീകരിക്കുവാനും കഴിയണം. അവരെ ആദരിക്കാൻ കണ്ണിലെ കൃഷ്ണമണി ഒന്നു വികസിപ്പിച്ചു നോക്കണം.

അംഗീകാരവും ആദരവും ലഭിക്കുന്ന കുട്ടികൾ കൂടുതൽ ഉയരങ്ങളിലേയ്ക്ക് ചിറകടിച്ച് ഉയരും. അവരുടെ ചിറകുകൾ അരിഞ്ഞു കളയരുത്. അവർ ചെയ്യുന്ന ഓരോ പ്രവർത്തിക്കും അംഗീകാരം അവരുടെ മാതാപിതാക്കളിൽ നിന്നും അദ്ധ്യാപകരിൽ നിന്നും പ്രതീക്ഷിക്കുന്നു. അത് നൽകുവാൻ സാധിക്കുന്നവരാണ് ഉത്തമരായ മാതാപിതാക്കൾ. “മുളയിലെ നുള്ളിക്കളയുന്ന” ചില മാതാപിതാക്കളുണ്ട്. അവർക്കാവശ്യം വിവേകമുള്ള മക്കളെയല്ല; പ്രത്യുത പുസ്തകപ്പുഴുക്കളെയാണ്. പഠനത്തിൽ പിന്നിൽപ്പോയാലും ജീവിതവിജയം കൈവരിക്കുന്ന എത്രയോപേരെ നമുക്കറിയാം. ഇലക്ട്രിക് ബൾബ് കണ്ടുപിടിച്ച തോമസ് ആൽവാ എഡിസണിന് പഠിക്കുവാൻ കഴിയില്ലാന്ന് ആരോപിച്ച് സ്കൂളിൽ നിന്നും പറഞ്ഞു വിട്ടപ്പോൾ എഡിസന്റെ അമ്മയുടെ പിൻബലത്തിലാണ് ശാസ്ത്രലോകത്തെ അത്ഭുത പ്രതിഭാസമായി മാറിയത്.

**2. കുട്ടികളെ ആശ്വസിപ്പിക്കുക**

ആശ്വസിപ്പിക്കുന്ന മാതാപിതാക്കളാകണം. കുഞ്ഞു പ്രായം മുതൽ അവർ എന്തിനെല്ലാം വേണ്ടി കരയാറുണ്ട്. അപ്പോഴൊക്കെ നാം അവരെ ആശ്വസിപ്പിച്ചിട്ടില്ലേ.

“ശരിയാണച്ചോ എന്റെ കുഞ്ഞ് എപ്പോഴും കരച്ചിലാണ്. എന്തെങ്കിലുമൊക്കെ വിഷയം അവനുണ്ടാകും” ടോണി പറഞ്ഞു.

“ടോണിയുടെ അല്ലെ സന്തതി ഇരുപത്തിനാലു മണിക്കൂറും കരയാനാണ് സാധ്യത''. ജിജിമോൾ കളിയാക്കി.

“ടോണി, കുഞ്ഞു കരയുമ്പോൾ കാരണം അന്വേഷിച്ചിട്ടല്ലല്ലോ ആശ്വസിപ്പിക്കുന്നത്”. അച്ചൻ ചോദിച്ചു. “ആറുമാസമുള്ള കുഞ്ഞിനോട് എങ്ങനെയാണ് കാരണം അന്വേഷിക്കുക” ടോണി അതിശയിച്ചു.

ശരിയാണ്. കാരണം അന്വേഷിക്കേണ്ട. നിങ്ങളുടെ മക്കൾ ഏത് പ്രായത്തിലും വിഷമത്തിലായാൽ. കാരണം അന്വേഷിക്കണം. അവരുടെ ദുഃഖങ്ങളിൽ, വിഷമങ്ങളിൽ, ആശയക്കുഴപ്പങ്ങളിൽ, തീരുമാനമെടുക്കുവാൻ പ്രയാസമുള്ള അവസരങ്ങളിൽ നിങ്ങൾ ആശ്വാസദൂതരായി നിങ്ങളുടെ മക്കളുടെ അരികിൽ എത്തണം. അപ്പോൾ അവരുടെ ആത്മവിശ്വാസവും ധൈര്യവും വർദ്ധിക്കും. രക്ഷകർത്താവ് പകരുന്ന അഭയം തേടിവരുന്ന കുഞ്ഞ് കാലക്രമേണ ആത്മവിശ്വാസത്തിന്റെ ആൾരൂപമായി മാറും.

പുറംലോകവുമായി ബന്ധപ്പെടാനും മാനസികമായി കരുത്താർജ്ജിച്ച് വളരുവാനുമെല്ലാം കുഞ്ഞിന് ഊർജ്ജമേകുന്നത് മാതാപിതാക്കൾ നൽകുന്ന അഭിനന്ദനമാണ്. അവരുടെ പ്രതിസന്ധികളിലും പരാജയങ്ങളിലും അവർ മാതാപിതാക്കളിൽ ആശ്വാസവും പ്രചോദനവും കണ്ടെത്തണം. പരാജയമടഞ്ഞ് നിൽക്കുന്ന കുട്ടിയെ ആലിംഗനം ചെയ്യുന്ന മാതാപിതാക്കൾ അവന് സുരക്ഷിതത്വം വാഗ്ദാനം ചെയ്യുകയാണ്. സങ്കടപ്പെട്ട് നിൽക്കുന്ന മകനെ ചേർത്ത് പിടിച്ച് ചുംബനം നൽകുന്ന മാതാപിതാക്കൾ അവനിൽ invest ചെയ്യുന്ന മൂലധനം എത്ര വലിയതാണെന്ന് അറിയാമോ? സ്കൂളിൽ നിന്നോ വീട്ടിൽ നിന്നോ ഏറ്റ നൊമ്പരവുമായി ഉറങ്ങുവാൻ കിടക്കുന്ന കുഞ്ഞിനെ നിങ്ങളുടെ കൈയ്യ് തലയിണയായി വച്ച് മറ്റുകൈകൊണ്ട് പുണർന്ന് കിടത്തി ഉറങ്ങിയാൽ അവൻ അനുഭവിക്കുന്ന സുരക്ഷിതത്വവും ആത്മവിശ്വാസവും ആശ്വാസവും നിർവചിക്കാൻ കഴിയുകയില്ല.

ശരിയായ മാനസിക വളർച്ച കൈവരിക്കുവാനും ഉന്നതങ്ങളിലേയ്ക്ക് ചിറകടിച്ചുയരുവാനും നിങ്ങൾ നൽകുന്ന ആശ്വാസങ്ങൾ അവരെ സഹായിക്കും. പിതാവും മാതാവും കൂടി മക്കളെ ശാസിക്കുകയോ ശിക്ഷിക്കുകയോ പാടില്ല. ഒരാൾ ആശ്വസിപ്പിക്കുന്ന വ്യക്തിയാകണം. ശാസനയും ശിക്ഷയും ആവശ്യമാണ്. പക്ഷെ അതുപോലെതന്നെ ആശ്വസിപ്പിക്കലും പ്രധാനമാണ്.

**കഠിനാധ്വാനം ചെയ്യുവാൻ പ്രോത്സാഹിപ്പിക്കുക**

കുട്ടികളെക്കൊണ്ട് ജോലി ചെയ്യിക്കുന്നത് അവരുടെ വ്യക്തിത്വവികസനത്തിന് സഹായകമാകും. ചെറിയപ്രായം മുതൽ അവർക്ക് ചെയ്യുവാൻ കഴിയുന്ന കൊച്ചുകൊച്ചു ജോലികൾ ചെയ്യിക്കണം. മക്കളെക്കൊണ്ട് ജോലികളൊന്നും ചെയ്യിക്കാതെ അവരെ സുഖലോലുപന്മാരായി ജീവിക്കാനനുവദിക്കുന്നത് ഭാവിയിൽ അവർക്ക് ദോഷം ചെയ്യും. അവർക്ക് ഉത്തരവാദിത്വബോധവും നിശ്ചയദാർഢ്യവും ഭാവനയും കണക്കുകൂട്ടലുകളുമുണ്ടാകുന്നതിന് ചെറിയ ഉത്തരവാദിത്വങ്ങൾ അവരെ ഏല്പിക്കുക. പ്രായം വർദ്ധിക്കുന്നതനുസരിച്ച് ചുമതലകളും വർദ്ധിപ്പിക്കുക.

നിലം തുടയ്ക്കുക, ഭക്ഷണശേഷം പാത്രങ്ങൾ കഴുകുക, മേശ തുടച്ചു വൃത്തിയാക്കുക, സ്വന്തവസ്ത്രങ്ങൾ കഴുകി

ഇസ്തിരിയിടുക, വാഹനം കഴുകുക, ജനാലകൾ വൃത്തിയാക്കുക, പുസ്തകങ്ങളും മാസികകളും അടുക്കിവയ്ക്കുക, തലേദിവസത്തെ പത്രം വയ്ക്കേണ്ടിടത്ത് അടുക്കിവയ്ക്കുക, വളർത്തുമൃഗങ്ങളെ സംരക്ഷിക്കുക തുടങ്ങിയ കൊച്ചുകൊച്ചുജോലികൾ ചെയ്യിച്ച് അവരിൽ ഉത്തരവാദിത്വബോധം ഉണ്ടാക്കിയെടുക്കുകയും ആത്മവിശ്വാസം വളർത്തിയെടുക്കുകയും ചെയ്യാം. നിർബന്ധിച്ചോ വഴക്കുപറഞ്ഞോ ചെയ്യിക്കരുത്. ആസ്വദിച്ചും സന്തോഷിച്ചും ജോലി ചെയ്യുവാൻ അവസരം കൊടുക്കുക.

കഠിനാദ്ധ്വാനികളാകുവാൻ പ്രോത്സാഹിപ്പിക്കണം. പഠിക്കുന്നതിലും പാഠ്യേതര വിഷയങ്ങളിലും ഉയരുവാൻ കഠിനാദ്ധ്വാനം ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കണം. കഠിനാദ്ധ്വാനം ചെയ്യുന്നവരെ വിജയിച്ചു എന്നൊരു ബോധ്യം ഉണ്ടാക്കിക്കൊടുക്കണം. Long Jump ന് State level വരെ എത്തിയ ഒരു അത്‌ലറ്റിനെ പരിചയപ്പെടാം

"ജോണി ജോസഫ് (സാങ്കല്പികം) നാട്ടിൻപുറത്തുകാരനായ ജോസഫിന്റെ മകനാണ്. ഹൈസ്കൂളിൽ പഠിക്കുന്ന ജോണി സ്പോട്സിൽ തൽപരനാണ്. ഒരു ദിവസം സ്കൂളിൽ പോയി ജോണി നനഞ്ഞു കുതിർന്ന് വീട്ടിൽ മടങ്ങിയെത്തി. കാരണം അന്വേഷിച്ച അപ്പനോട് തോട് ചാടിക്കടക്കുവാൻ ശ്രമിച്ചപ്പോൾ തോട്ടിലെ വെള്ളത്തിൽ വീണതാണെന്ന് കുറ്റബോധത്തോടെ ജോണി പറഞ്ഞു. ആ നനഞ്ഞ വസ്ത്രത്തോടെ ജോണിയുടെ കൈപിടിച്ച് ആ തോട്ടിലേയ്ക്ക് ജോസഫ് ചെന്നു. ഒരു ചെറിയ തടി തോടിനു കുറുകെയുണ്ട് എങ്കിലും ആ തോട് ചാടിക്കടക്കുവാൻ ശ്രമിച്ചതിന്റെ പിന്നിൽ ജോണിയിലൊരു അത്‌ലറ്റ് ഉണ്ടെന്ന് തിരിച്ചറിഞ്ഞ അപ്പൻ വീണ്ടും തോട് ചാടിക്കടക്കുവാൻ ആവശ്യപ്പെട്ടു. ആശങ്കയോടെ ചാടിയ ജോണി വെള്ളത്തിൽ പോയി. പലപ്രാവശ്യത്തെ പരിശ്രമത്തിനു ശേഷം ആ തോട് ചാടിക്കടക്കുവാൻ ജോണിക്കു കഴിഞ്ഞു. അവനിലെ ആത്മവിശ്വാസം വളർന്നു. പിന്നീട് കോച്ചിംഗിനുപോയി ഒരു നല്ല State level athlet ആയി ജോണി വളർന്നു.

കഠിനാദ്ധ്വാനം ചെയ്യുന്നതിന് മാതാപിതാക്കൾ കുട്ടികളെ പ്രചോദിപ്പിക്കണം. കൂടുതൽ ഉയരങ്ങളിലേയ്ക്ക് ചിറകടിച്ചു പറക്കുവാൻ നമ്മുടെ പിൻതുണ മക്കൾക്ക് ആവശ്യമാണ്. തോറ്റുമടങ്ങുന്ന നിരാശനായ കുട്ടിയെ പ്രോത്സാഹിപ്പിച്ച് കഠിനാദ്ധ്വാനം ചെയ്ത് വിജയം കൈവരിക്കാൻ സഹായിക്കുക. ●

# ക്നാനായ സമുദായം പ്രസരിപ്പിക്കുന്നത് നന്മയുടെ ശക്തി:
## മന്ത്രി സജി ചെറിയാൻ

ക്നാനായ സമുദായം എക്കാലത്തും ഉയർത്തിക്കാണിച്ചിട്ടുള്ള ശക്തി നന്മയുടേതാണെന്ന് മന്ത്രി സജി ചെറിയാൻ. വെളിയനാട് ബേത്‌ലഹേം ക്നാനായ പള്ളിയിൽ ക്നാനായ കോൺഗ്രസ് കേന്ദ്ര കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന സമ്പൂർണ്ണ പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ക്നാനായ സമുദായത്തിന്റെ പ്രവർത്തനം പൊതു സമൂഹം മാതൃകയാക്കേണ്ടതാണ്.

എല്ലാവരോടും ആദരവ് കാട്ടുന്നവരും അതേസമയം സഭയുടെ തനിമയും പാരമ്പര്യവും കാത്തുസൂക്ഷിക്കുന്നവരുമാണ് ക്നാനായ സമുദായാംഗങ്ങളെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സത്യവിശ്വാസവും പാരമ്പര്യവും കാത്തുസൂക്ഷിക്കുന്ന ക്നാനായ സമുദായം ഭാരതത്തിലെ മറ്റൊരു സമുദായത്തിനും വെല്ലുവിളിയോ ഭീഷണിയോ അല്ലെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച സമുദായ മെത്രാപ്പോലീത്താ കുറിയാക്കോസ് മോർ സേവേറിയോസ് പറഞ്ഞു.

ക്നാനായ കോൺഗ്രസ് പ്രസിഡന്റ് ഫാ. ജേക്കബ് കല്ലുകുളം, സാബു തോട്ടുങ്കൽ, സെക്രട്ടറി റോയി പുത്തൻപുരയ്ക്കൽ, ട്രഷറാർ അനീഷ് റ്റി. സി. തകിടിയിൽ, ഏബ്രഹാം തോമസ് പുഷ്പമംഗലം, സജി താന്നിക്കൽ, മജേഷ് മഴുക്കീറ്റാട, ജോബി കാരിക്കോട്, ജിനു പന്ത്രണ്ടിൽ, അനീഷ് കയ്യത്ര, സി.എ. ഏബ്രഹാം ചാങ്ങയിൽ തുടങ്ങിയവർ പ്രസംഗിച്ചു.

ക്നാനായ കോൺഗ്രസ് ശാന്തരാത്രി ക്രിസ്തുമസ് പ്രോഗ്രാമിന്റെ സമ്മാനങ്ങൾ വിതരണം ചെയ്തു. യോഗാനന്തരം ബോട്ടുയാത്രയും ക്രമീകരിച്ചിരുന്നു. ●

# റാങ്ക് കരസ്ഥമാക്കി



കേരള യൂണിവേഴ്സിറ്റി ആരോഗ്യ സർവ്വകലാശാലയുടെ M.Pharm Pharmaceutical Chemistry യിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ **ആൻസി തോമസ്.** തിരുവൻവണ്ടൂർ സെന്റ് മേരീസ് ക്നാനായപള്ളി ഇടവകയിൽ വാലുപറമ്പിൽ ഫാ. റ്റിജു ഏബ്രഹാമിന്റെ സഹധർമ്മിണിയും പുനലൂർ സെന്റ് മേരീസ് ക്നാനായപള്ളി ഇടവകയിൽ കോന്തിയാപറമ്പിൽ പി. റ്റി. തോമസിന്റെയും ബിജി തോമസിന്റെയും മകളുമാണ്. കോഴിക്കോട് മുക്കം നാഷണൽ കോളജ് ഓഫ് ഫാർമസിയിൽ അസിസ്റ്റന്റ് പ്രൊഫസർ ആയി സേവനം ചെയ്യുന്നു.

# ശിശു സ്നാനമോ, മുതിർന്ന സ്നാനമോ ഏതാണു ശരി?




*തുടർച്ച...*

**ജ്ഞാനസ്നാനം എന്നാൽ എന്ത്?**

ജ്ഞാനമുള്ളവരാണ് ജ്ഞാനം സ്വീകരിക്കേണ്ടതെന്നും ശിശുക്കൾക്ക് ജ്ഞാനം ഇല്ലാത്തതിനാൽ അവരെ സ്നാനപ്പെടുത്തുന്നത് ശരിയല്ലെന്നും വാദിക്കുന്നവരുണ്ട്. ജ്ഞാനസ്നാനം എന്നാൽ ഒരുവൻ ജ്ഞാനം പ്രാപിച്ചശേഷം സ്വീകരിക്കുന്ന സ്നാനം എന്നല്ല പ്രത്യുത ഒരുവനെ ദൈവിക ജ്ഞാനിയാക്കുന്ന സ്നാനം എന്നാണർത്ഥം. ഇവിടെ ലോകപരമായ അറിവിനെയല്ല ജ്ഞാനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പ്രത്യുത ദൈവജ്ഞാനമായ സത്യവിശ്വാസമാണ്. ത്രിയേക ദൈവത്തിന്റെ നാമത്തിൽ സ്നാനം സ്വീകരിക്കുന്നവർ പരിശുദ്ധാത്മ പ്രവർത്തനത്താൽ ജ്ഞാനികളാവുകയും വീണ്ടും ജനിപ്പിക്കപ്പെടുകയുമാണ് ചെയ്യുന്നത്. പരിശുദ്ധാത്മാവിൽ നിന്ന് ജ്ഞാനവും സ്നാനവും സ്വീകരിക്കുന്നവരാണ് യഥാർത്ഥ ജ്ഞാനികളും രക്ഷിതരുമാകുന്നത്.

വിശ്വാസം ദൈവീക ദാനമാണ്. ദൈവം തന്റെ ജ്ഞാനവും വിശ്വാസവും തനിക്ക് ഇഷ്ടമുള്ളവർക്കു നൽകുന്നു. ആ ദാനം മുതിർന്നവർക്കു മാത്രമല്ല ശിശുക്കൾക്കും അവകാശപ്പെട്ടതാണ്. "യേശു പറഞ്ഞത്, പിതാവേ സ്വർഗ്ഗത്തിനും ഭൂമിക്കും കർത്താവായുള്ളോവേ നീ ഇത് ജ്ഞാനികൾക്കും വിവേകികൾക്കും മറച്ച് ശിശുക്കൾക്ക് വെളിപ്പെടുത്തിയതുകൊണ്ട് ഞാൻ നിന്നെ വാഴ്ത്തുന്നു. പിതാവേ ഇങ്ങനെയല്ലോ നിനക്കു പ്രസാദം തോന്നിയത് (മത്തായി 11:25). ശിശുക്കൾ വളരുന്നതനുസരിച്ച് ജ്ഞാനസ്നാനത്തിലൂടെ ലഭിച്ച ദൈവീക ജ്ഞാനത്തിൽ വളർന്ന് പക്വത പ്രാപിക്കുകയും വിശ്വാസത്തിൽ സ്ഥിരപ്പെടുകയും ചെയ്യുന്നു.

ശിശുക്കൾക്ക് വിശ്വസിക്കുവാൻ സാധിക്കുമോ എന്ന് ചോദിക്കുന്നവരുണ്ട്. വിശ്വാസം എന്നതിന് ഇംഗ്ലീഷ് ഭാഷയിൽ "Belief" എന്നും "Faith" **എന്നും** രണ്ടു വാക്കുകൾ ഉപയോഗിക്കുന്നുണ്ട്. "Belief" എന്നു പറയുന്നത് ബുദ്ധിപരമായി കാര്യങ്ങൾ ഗ്രഹിച്ചശേഷം ഉണ്ടാകുന്ന വിശ്വാസമാണ്. എന്നാൽ "Faith" എന്നത് ബുദ്ധിപരമായ അറിവിനേക്കാൾ അനുഭവങ്ങളിലൂടെ ലഭ്യമാകുന്ന വിശ്വാസമാണ്. ഭൂമി ഉരുണ്ടതാണെന്നും വെള്ളത്തിൽ ഓക്സിജനും ഹൈഡ്രജനും അടങ്ങിയിരിക്കുന്നു എന്നുള്ളതും മനുഷ്യൻ ബുദ്ധിപരമായി കണ്ടുപിടിച്ചതും ആ തലത്തിലുള്ള വിശ്വാസമാണ്. എന്നാൽ യേശു ദൈവം എന്ന് വിശ്വസിക്കുന്നത് മാനുഷിക പരീക്ഷണങ്ങളാലോ, നിരീക്ഷണങ്ങളാലോ തെളിയിക്കപ്പെട്ടതല്ല, അത് ദൈവദാനമായ വിശ്വാസത്തിലൂടെ അനുഭവിക്കുന്നതാണ്. ഒരുവൻ ശിശുവായിരിക്കുമ്പോൾ തന്റെ മാതാപിതാക്കളെ അറിയുകയും അംഗീകരിക്കുകയും ചെയ്യുന്നത് ബുദ്ധിപരമായ വിശ്വാസത്തേക്കാൾ അനുഭവങ്ങളിലൂടെയുള്ള വിശ്വാസത്താലാണ്. അനുഭവവിശ്വാസത്തിലൂടെ വളർന്ന് കുറെ വർഷങ്ങൾ കഴിയുമ്പോഴാണ്, താൻ എങ്ങനെ ജനിച്ചു എന്നും ഇവർ എങ്ങനെ തന്റെ മാതാപിതാക്കൾ ആയി എന്നും തിരിച്ചറിയുന്നത്. ഇതുപോലെ ഒരു ശിശു തന്റെ സൃഷ്ടിതാവായ ദൈവത്തെ അനുഭവത്തിലൂടെ മനസ്സിലാക്കി വളരുന്നു. ആ വളർച്ചയുടെ ഒരു ഘട്ടത്തിൽ മാത്രമാണ് ബുദ്ധിപരമായി ദൈവത്തെ മനസ്സിലാക്കുന്നത്. നാം ബുദ്ധിപരമായി ദൈവത്തെ മനസ്സിലാക്കിയ ശേഷമല്ല ദൈവം നമ്മുടെ ദൈവമായതും നാം അവന്റെ മക്കളായതും. ഏതെങ്കിലും ഒരു ശിശു താൻ ബുദ്ധിപരമായി വളർന്നശേഷം തന്റെ മാതാപിതാക്കളെ നോക്കി ഞാൻ ഇന്നു മുതൽ ഇവരെ എന്റെ മാതാപിതാക്കളായി അംഗീകരിക്കുന്നു എന്നു പറയാറുണ്ടോ? അങ്ങനെ പറയേണ്ട കാര്യവുമില്ല. ഇതുപോലെ ശൈശവ പ്രായത്തിൽ സ്നാനം മുഖാന്തിരം ക്രിസ്തുവിനോട് സംയോജിക്കപ്പെടുന്ന ഒരു വ്യക്തി താൻ ബുദ്ധിപരമായി വളർന്നശേഷം ഒരു ദിവസം ഞാൻ ഇന്നു മുതൽ യേശുവിനെ എന്റെ രക്ഷിതാവായി സ്വീകരിക്കുന്നു അഥവാ വിശ്വസിക്കുന്നു എന്നു പറഞ്ഞാൽ ഇതുവരെ കാത്തു പരിപാലിച്ച ദൈവത്തെ നാം പരിഹസിക്കുന്നതിനു തുല്യമല്ലോ. എന്നാൽ ജാതിയായിരിക്കുന്ന ഒരുവൻ യേശുവിനെ അറിയുകയോ അനുഭവിക്കുകയോ ചെയ്യാതെ വളരുന്നതിനാൽ അവൻ യേശുവിനെക്കുറിച്ചുള്ള പ്രസംഗങ്ങൾ കേൾക്കുമ്പോൾ അവൻ വിശ്വസിക്കുകയും അവന്റെ നാമത്തിൽ സ്നാനം സ്വീകരിക്കുകയും ചെയ്യുന്നു. എന്നാൽ വിശ്വാസികളുടെ മക്കളുടെ അവസ്ഥ അതല്ല എന്നു മനസ്സിലാക്കണം. അവർ ജനിക്കുമ്പോൾ മുതൽ യേശുവിനോടുള്ള വൈകാരിക ബന്ധത്തിൽ വളരുന്നവരാണ്. അവർക്ക് യേശുവിനോടു ചേരുവാൻ പ്രായപൂർത്തിയാകേണ്ട കാര്യമില്ല.

യേശു 30-ാം വയസ്സിൽ സ്നാനം സ്വീകരിച്ചതിനാൽ മുതിർന്ന സ്നാനമാണാവശ്യം എന്നു വാദിക്കുന്നവരുണ്ട്. സാക്ഷാൻ ദൈവപുത്രനായ യേശുവിന് മാനസാന്തര സ്നാനത്തിന്റെ ആവശ്യമുണ്ടോ? പാപം കൂടാതെ ജനിക്കുകയും ജീവിക്കുകയും ചെയ്തത് അവൻ മാത്രമല്ലേ. നാം സ്നാനം സ്വീകരിക്കുന്നത് ക്രിസ്തുവിന്റെ മരണത്തോടും പുനരുദ്ധാരണത്തോടും ഏകീഭവിക്കാനും അവനോടു ചേരുവാനുമാണ്. യേശു ആരോടു ചേരുവാനാണ് സ്നാനം സ്വീകരിക്കേണ്ടത്? സ്നാപകയോഹന്നാൻ സ്നാന ശുശ്രൂഷ നടത്തിയത് യേശുവിനെ ലോകത്തിനു വെളിപ്പെടുത്തുവാനും അവന്റെ വചനം കേൾക്കുവാൻ ജനഹൃദയത്തെ മാനസാന്തരപ്പെടുത്തുവാനുമാണ്. യോഹന്നാൻപോലും യേശു ദൈവപുത്രനെന്നു തിരിച്ചറിയുന്നത് സ്നാനസമയത്താണ്. കൂടാതെ പഴയനിയമത്തിൽ നിഗൂഢമായിരുന്ന പരി. ത്രിത്വം പരസ്യമായി വെളിപ്പെട്ടതും യേശുവിന്റെ സ്നാന സമയത്താണ്. യോഹ. 1:29 മുതലുള്ള വാക്യങ്ങളിൽ ഈ കാര്യങ്ങൾ വ്യക്തമായി പറയുന്നു.

യേശു സ്നാനം സ്വീകരിച്ചതിന്റെ ലക്ഷ്യവും നാം സ്വീകരിക്കുന്ന സ്നാനത്തിന്റെ ലക്ഷ്യവും ഒന്നല്ല. യേശു സ്ഥാപിച്ച ക്രൈസ്തവ സ്നാനം ത്രിത്വനാമത്തിലാണ്. യോഹന്നാൻ ആരെയും ത്രിത്വനാമത്തിൽ സ്നാനം കഴിപ്പിച്ചിട്ടില്ല. യേശു പുതിയനിയമസ്നാനം സ്ഥാപിച്ചത് തന്റെ ശുശ്രൂഷയുടെ ആരംഭത്തിലല്ല അവസാനത്തിലാണ് (മത്തായി 28:19-20). യേശു സ്നാപക യോഹന്നാനിൽ നിന്നും സ്വീകരിച്ച സ്നാനം നാം സ്വീകരിക്കണമെന്ന് യേശുവോ, ശിഷ്യന്മാരോ ഉപദേശിച്ചിട്ടില്ല.

(തുടരും)

# ആരാണ് നല്ല സുഹൃത്ത്

റ്റി.സി. തോമസ്, തോപ്പിൽ (ക്നാനായ കമ്മിറ്റി അംഗം)

ഉത്തമനായ സുഹൃത്തിനെ ലഭിക്കുന്നത് ഏറ്റവും വലിയ സുകൃതമാണ്. നിസ്വാർത്ഥമായി സ്നേഹിക്കുന്നവൻ ഉത്തമസുഹൃത്ത്.

You tell me yours friends, I will tell you what you are. എന്നൊരു ചൊല്ലുണ്ട്. ഒരാളിന്റെ സ്വഭാവം അറിയാൻ അയാളുടെ സുഹൃത്തുക്കൾ ആരൊക്കെ എന്നറിഞ്ഞാൽ മതി. Blood is thicker than water എന്ന തത്ത്വപ്രകാരം സഹോദരബന്ധം ഉത്കൃഷ്ടം തന്നെ. അന്യനാണെങ്കിലും ഹിതം അനുഷ്ഠിക്കുന്നവൻ, ഉപകാരം ചെയ്യുന്നവൻ ബന്ധുവാണ്. ബന്ധുവാണെങ്കിലും ദോഷം പ്രവർത്തിക്കുന്നവൻ അന്യനാണ്.

"ഇഷ്ടം പറയുന്നവരെല്ലാം മിത്രങ്ങളല്ല
ഇഷ്ടം പറയുന്ന മിത്രങ്ങളാരുമേ
കഷ്ടകാലത്തിങ്കലില്ലെന്നു നിർണ്ണയം"

എന്ന എഴുത്തച്ഛന്റെ വരികൾ എത്ര മഹനീയവും ഉദാത്തവുമാണ്. ഇതേ ആശയം മറ്റൊരു കവി വർണ്ണിക്കുന്നതിങ്ങനെയാണ്.

ഖഗങ്ങൾ മാവിൻ പെരുകും വസന്തേ
വര, ശരത്തിങ്കലതൊന്നുപോലും

വസന്തകാലത്ത് അഥവാ മാമ്പഴക്കാലത്ത് ധാരാളം പക്ഷികൾ മാവിൽ വിരുന്നു വരും. എന്നാൽ മാമ്പഴക്കാലം അവസാനിക്കുമ്പോൾ അവ ഒന്നുപോലുംവരില്ല. ജീവിതത്തിലെ ചില യാഥാർത്ഥ്യങ്ങളിലേക്ക് ഇതു വിരൽചൂണ്ടുന്നു. ദുഖങ്ങൾ, പ്രതിസന്ധികൾ ഒക്കെ ഉത്തമ സുഹൃത്തിനെയും പുറംമേനി നടിക്കുന്നവരെയും വേർതിരിക്കുന്ന അരിപ്പകളാണ്. എങ്ങനെയും തനിക്കു മുന്നേറണം എന്ന മുദ്രാവാക്യവുമായി തിരക്കു പിടിച്ചു ജീവിക്കുന്ന ഇന്നത്തെ സമൂഹത്തിൽ ബന്ധങ്ങളും മമതകളും വെറും ഒരു ചടങ്ങു മാത്രം. ഇതിനൊരു അപവാദം ശിശുക്കളും വളർത്തു മൃഗങ്ങളും മാത്രം. വിവേകിയായ സുഹൃത്ത് ഈശ്വരന്റെ പ്രതിരൂപമാണ്. എല്ലാം ധനാധിഷ്ഠിതമായ ബന്ധങ്ങൾ മാത്രം. നല്ല സൗഹൃദം ആരോഗ്യംപോലെയാണ്. നഷ്ടപ്പെടുമ്പോഴേ അതിന്റെ വില അറിയൂ. A true Friend is one soul in two bodies എന്ന് അരിസ്റ്റോട്ടിൽ നല്ല സുഹൃത്ബന്ധത്തെ നിർവചിച്ചിരിക്കുന്നു.

പണവും അധികാരവും ഉള്ളവർക്ക് സുഹൃത്തുക്കളുണ്ടാവുക സ്വാഭാവികമാണ്. എന്നാൽ പണമില്ലാതെ സുഹൃത്തുക്കളെ സമ്പാദിക്കുക ഒരു നേട്ടമാണ്. ആനന്ദകരമായ ഒരു ജീവിതം നയിക്കാനാഗ്രഹിക്കുന്നവർക്ക് ഉത്തമ സുഹൃത്തുക്കൾ അനിവാര്യമാണ്. അങ്ങനെ സുഹൃത്തുക്കളെ സമ്പാദിക്കാനുള്ള ഏറ്റവും നല്ലമാർഗ്ഗം നല്ല ഒരു സുഹൃത്തായിരിക്കുക എന്നതാണ്. അയൽക്കാരനെ സ്നേഹിക്കുന്നതു മനുഷ്യനിലുള്ള ദൈവത്തെ സ്നേഹിക്കുന്നതിനു തുല്യമാണ്. നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക എന്ന യേശുക്രിസ്തുവിന്റെ ഉപദേശം ലോകംശ്രദ്ധിച്ച ഏറ്റവും വലിയ നന്മ നിറഞ്ഞ വചനമായി ചരിത്രത്തിൽ തിളങ്ങി നിൽക്കുന്നു. സുഹൃത്തുക്കളെക്കുറിച്ച് വിശ്വവിഖ്യാതരായ ഒട്ടേറെയാളുകൾ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. നിങ്ങൾ ശരിയായതു ചെയ്യുമ്പോൾ കൂടെ നിൽക്കാനാർക്കുമാവും. എന്നാൽ തെറ്റു ചെയ്യുമ്പോഴും നിങ്ങളുടെ കൂടെയുണ്ടാവുന്നവനാണ് ശരിയായ സുഹൃത്ത്. ക്ഷേമകാലത്ത് സുഹൃത്തിനടുത്തു പോകുന്നതിനെക്കാൾ ഉചിതം ക്ഷാമകാലത്ത് പോകുന്നതാണ്. മുന്നിൽ നിന്നു കുത്തുന്നവനാണ് നല്ല സുഹൃത്ത്, നിങ്ങളുടെ മുഖം വികൃതമായിരിക്കുന്നുവെന്ന് ഉത്തമസുഹൃത്ത് പറഞ്ഞുതരും. സുഹൃത്തുക്കൾക്കായി ചെലവഴിക്കാൻ നമുക്കുസമയമുണ്ടാവില്ല. ശത്രുക്കൾക്കായിട്ടാണെങ്കിൽ വേണ്ടുവോളം ഉണ്ടുതാനും. നല്ല സ്നേഹിതൻ ദുഃഖത്തെ ലഘൂകരിക്കുന്നു. കൊടുക്കുന്നതു മറക്കുകയും വാങ്ങിയത് ഓർമ്മിക്കുകയും ചെയ്യുന്നതാണ് യഥാർത്ഥ സുഹൃത്തിന്റെ അടയാളം. മുട്ടുന്ന ആരെയും ഇടപെടുന്ന എല്ലാവരെയും സുഹൃത്തുക്കളായി സ്വീകരിക്കാൻ സാധിക്കില്ല. സൗഹൃദം ഒരു വൃക്ഷംപോലെയാവണം. സാവധാനത്തിൽ വളർന്ന് പുഷ്പിക്കുകയാണ് വേണ്ടത്. അങ്ങനെ ലഭിക്കുന്ന ഒരു സുഹൃത്തിനെ നഷ്ടപ്പെടുന്നത് നികത്താനാവാത്ത വിടവാണ് സൃഷ്ടിക്കുന്നത്.

ആത്മാർത്ഥതയും വിശ്വസ്തതയുമാണ് സുഹൃത് ബന്ധങ്ങളുടെ കാതൽ. ഇതില്ലാത്ത ചങ്ങാത്തങ്ങൾ പൊള്ളയായ വെറും നാട്യങ്ങളായി മാറും. കപടമിത്രങ്ങൾ ശത്രുക്കളെക്കാൾ അപകടകാരികളാണ്. സ്വാർത്ഥലാഭത്തിനായി ചങ്ങാത്തം നടിച്ചു വരുന്നവരാണധികവും. മധുരമായി സംസാരിച്ചുകൊണ്ടോ നമ്മുടെ സന്തോഷങ്ങളിൽ ഭാഗഭാക്കായതുകൊണ്ടോ ആരും നമ്മുടെ യഥാർത്ഥ മിത്രമാകുന്നില്ല. പ്രതിസന്ധികളിൽ ഉപേക്ഷിച്ചുപോകുന്നവൻ യഥാർത്ഥമിത്രമല്ല. മനുഷ്യചോദനകളിൽ ഏറ്റവും ഉദാത്തമായ ഒന്നാണ് സുഹൃദ്ബന്ധം. സുഹൃത്തുക്കളില്ലാത്ത ജീവിതം മരുഭൂമിക്കു സമമാണ്. ഭൂമിക്കു സൂര്യൻ എങ്ങനെയോ അങ്ങനെ തന്നെയാണ് മനുഷ്യന് സുഹൃദ്ബന്ധങ്ങളും. രാജാവാകട്ടെ ചക്രവർത്തിയാകട്ടെ നല്ല മിത്രങ്ങൾ വേണമെന്നാഗ്രഹിക്കാത്തവരായി ആരുമില്ല. കൃഷ്ണകുചേലന്മാരുടെ നിസ്വാർത്ഥമായ ചങ്ങാത്തത്തിൽ ആദർശ സുഹൃദ്ബന്ധം നിഴലിച്ചുകാണാം. ഒരാൾ ദ്വാരകാധീശനും അപരൻ ഒരു നിസ്വബ്രാഹ്മണനും ആയിരുന്നിട്ടുപോലും അവരുടെ കുട്ടിക്കാലം മുതലുള്ള ചങ്ങാത്തത്തിനു ഉടവു തട്ടുന്നില്ല. ഇതാണ് യഥാർത്ഥ മിത്രഭാവം. സുഹൃത്ബന്ധത്തിന്റെ മൂല്യവും പ്രയോജനങ്ങളും കണക്കു കൂട്ടുന്നതിനും അപ്പുറമാണ്. മനുഷ്യന്റെ മഹത്വം കുടികൊള്ളുന്നത് നിർമ്മല ബന്ധങ്ങളിലാണ്. മനുഷ്യർ തമ്മിൽ മാത്രമല്ല മിത്രത. റാണാപ്രതാവും അദ്ദേഹത്തിന്റെ ചേതക് എന്ന കുതിരയും തമ്മിലുണ്ടായിരുന്ന ചങ്ങാത്തം ചരിത്രത്താളുകളിൽ ഇന്നും മായാതെ നിലനിൽക്കുന്നു. മനുഷ്യന്റെ ഏറ്റവും വിശ്വസ്ത മിത്രമായി വർത്തിക്കുന്ന നായ്ക്കൾ പലരുടെയും ഓമനയായ വളർത്തുമൃഗമാണ്.

ഒരുവനേക്കാൾ ഇരുവർ ഏറെ നല്ലത്, അവർക്കു തങ്ങളുടെ പ്രയത്നത്തിനു പ്രതിഫലം കിട്ടുന്നു. വീണാൽ ഒരുവൻ മറ്റവനെ എഴുന്നേൽപ്പിക്കും. ഏകാകി വീണാലോ അവനെ എഴുന്നേൽപ്പിക്കാൻ ആരും ഇല്ലായ്കകൊണ്ട് അവന് അയ്യോ കഷ്ടം! രണ്ടുപേർ ഒരുമിച്ചു കിടന്നാൽ അവർക്കു കുളിർ മാറും ഒരുത്തൻ തന്നെ ആയാലോ? എങ്ങനെ കുളിർമാറും? ഒരുത്തനെ ആരെങ്കിലും ആക്രമിച്ചാൽ രണ്ടുപേർക്കും അവനോട് എതിർത്തു നിൽക്കാം. മുപ്പിരിച്ചരടു വേഗത്തിൽ അറ്റുപോകയില്ല എന്നും സഭാപ്രസംഗിയിൽ പറയുന്നുവല്ലോ.

Wealth is not a permanent fricnd, but friends are permanent wealth.




റവ. ഡീ. ചിക്കു ബേബി, കാരിമറ്റത്തിൽ

**ആനീദെ ഞായർ (വി.ലൂക്കോ. 12: 32-48)**
**20-02-2022**

സകല വാങ്ങിപ്പോയ വിശ്വാസികളേയും പരി. സഭ അനുസ്മരിക്കുന്ന ദിവസമാണ് ആനീദെ ഞായറാഴ്ച. പരി. സഭ വലിയനോമ്പിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് സകല വാങ്ങിപ്പോയ പട്ടക്കാരേയും വിശ്വാസികളേയും ഓർക്കുന്നു. വാങ്ങിപ്പോയ വിശ്വാസികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നത് സഭയുടെ അടിസ്ഥാന വിശ്വാസങ്ങളിൽ പ്രധാനപ്പെട്ടതാണ്. വലിയ നോമ്പിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് വാങ്ങിപ്പോയ സകല ആചാര്യന്മാരേയും വിശ്വാസികളേയും സഭ ഓർക്കുന്നത് വലിയ ഒരു സത്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. കാരണം ശ്രേഷ്ഠമായ വലിയ നോമ്പിലെ ദിനങ്ങൾ നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവത്തിലും കുരിശുമരണത്തിലും രക്ഷാകരമായ ഉയർപ്പിലും പങ്കാളികളാകാൻ നമ്മെ ഒരുക്കുകയാണ്. സഭ മുഴുവനായി അനുഷ്ഠിക്കുന്ന, അനുഷ്ഠിക്കേണ്ട ഒരു കർമ്മമാണ് ഇത്. സഭ പൂർണ്ണമാകുന്നത് ദൃശ്യ അദൃശ്യ സഭകളോടുകൂടിയാണ്. ദൃശ്യസഭ എന്നത് ജീവനോടിരിക്കുന്ന വിശ്വാസികളും അദൃശ്യസഭ എന്നത് സകല വാങ്ങിപ്പോയ വിശ്വാസികളും അടങ്ങുന്നതാണ്. ദൃശ്യസഭ ഈ കർമ്മങ്ങളും എല്ലാം ആത്മീയ കർമ്മങ്ങളും അനുഷ്ഠിക്കുന്നത് വാങ്ങിപ്പോയവർ ഉൾപ്പെടുന്ന അദൃശ്യ സഭയോടു ചേർന്നാണ്. സഭയുടെ വിശ്വാസ പാരമ്പര്യം അനുസരിച്ച് ദൈവാലയത്തിന്റെ മദ്ധ്യഭാഗം വാങ്ങിപ്പോയവർക്കായി വേർതിരിച്ചിരിക്കുന്നു. അവർ ജീവിതത്തിൽ ചെയ്ത നന്മകളെ ഓർത്ത് ദൈവത്തിന് നന്ദി കരേറ്റുവാനും അവരുടെ ജീവിതത്തിൽ വന്നുപോയ തെറ്റുകുറ്റങ്ങൾ ക്ഷമിക്കപ്പെടുവാനും പ്രാർത്ഥിക്കുവാൻ നാം കടപ്പെട്ടവരാണ്. അവരുടെ പേരുകൾ വി. കുർബ്ബാനയിൽ ഓർക്കുവാനും പ്രാർത്ഥിക്കുവാനും നാം കടപ്പെട്ടിരിക്കുന്നു. കൃംതാ രാത്രി പ്രാർത്ഥനയുടെ 3-ാം കൗമയിൽ ഇപ്രകാരം പറയുന്നുണ്ട്., മോശ ഗോത്രപ്പേരുകൾ ഓർമ്മക്കായി കർത്താവിന്റെ മുമ്പിൽ കാണുവാൻ കല്ലുകളിൽ കൊത്തിയതുപോലെ വാങ്ങിപ്പോയവരുടെ പേരുകൾ ഓർക്കണം. സ്വർഗ്ഗത്തിൽ മശിഹായുടെ വരവിൽ തന്നോടൊപ്പം ആനന്ദിപ്പാനും ത്രോണോസിൽ അവരുടെ പേരുകൾ നൽകണം. സഭ അത്രമാത്രം പ്രാധാന്യമാണ് വാങ്ങിപ്പോയവർക്ക് നൽകുന്നത്. അതിന് ഏറ്റവും വലിയ ഉദാഹരണമാണ് നമ്മുടെ 7 യാമപ്രാർത്ഥനകളിൽ ഒരു യാമം, ഒമ്പതാംമണി നമസ്ക്കാരം വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥനയാണ്. ഇന്നത്തെ ഏവൻഗേലിയോൻ വേദഭാഗം ലൂക്കോസ് 12:32-48 ആണ്. ഇവിടെ സ്വർഗ്ഗരാജ്യം വാഗ്ദാനം ചെയ്യുന്ന ദൈവത്തെയാണ് നാം കാണുന്നത്. ഈ ലോകത്തിലെ നമ്മുടെ ആയുസ്സ്, ജീവിതം താല്കാലികവും ഹ്രസ്വവുമാണ്. ഇവിടുത്തെ നമ്മുടെ ജീവിതം അനശ്വരമായ മറ്റൊരു ജീവിതത്തിലേക്കുള്ള ഒരുക്കകാലമാണ്. ആയതുകൊണ്ട് സ്വർഗ്ഗരാജ്യത്തിലേക്ക് പ്രവേശിക്കാൻ നാം സ്വന്തമെന്നു കരുതുന്ന പലതിനേയും ഉപേക്ഷിച്ച് തന്റെ കുരിശെടുത്ത് തന്നെ അനുഗമിക്കാൻ കർത്താവ് ആഹ്വാനം ചെയ്യുന്നു. രണ്ടാം ഭാഗത്ത് കർത്താവിന്റെ രണ്ടാം വരവിനെക്കുറിച്ച് ഓർമ്മിപ്പിക്കുന്നു. അത് നിനക്കാത്ത നാഴികയിൽ കള്ളൻ വരുന്നതുപോലെ ആയതുകൊണ്ട് വിശ്വാസികളായ നാം ജാഗ്രതയോടെ ഉണർന്നിരിപ്പാൻ പ്രസ്തുത വേദഭാഗം ആഹ്വാനം ചെയ്യുന്നു.

**നോമ്പിലെ ഒന്നാമത്തെ ഞായർ (27-02-2022)**
**കൊത്തിനെ ഞായർ-വി. യോഹന്നാൻ 2:1-11**

പരി. സഭ വലിയ നോമ്പിലേക്ക് പ്രവേശിക്കുന്നതിന്റെ ആദ്യ ഞായറാഴ്ച ധ്യാനചിന്തക്കായി പിതാക്കന്മാർ ക്രമീകരിച്ചിരിക്കുന്നത് ഗലീലായിലെ കാനാവിൽ ഒരു കല്യാണ വീട്ടിൽ യേശുക്രിസ്തു വെള്ളത്തെ വീഞ്ഞാക്കി മാറ്റിയ അത്ഭുത സംഭവമാണ്. യോഹന്നാന്റെ സുവിശേഷത്തിൽ ഈ അത്ഭുതത്തെ അടയാളങ്ങളുടെ ആരംഭമായിട്ടാണ് പറയുന്നത്. കല്യാണവീട്ടിൽ വീഞ്ഞ് തീർന്നു പോയപ്പോൾ യേശുവിന്റെ അമ്മ ഈ കാര്യം ക്രിസ്തുവിനെ അറിയിക്കുന്നു. മാതാവിന്റെ അപേക്ഷയോട് ക്രിസ്തുവിന്റെ പ്രതികരണം "എനിക്കും നിനക്കും എന്ത്? എന്നാണ്. ഇതിനെ നവീന സഭകൾ ഒത്തിരി തെറ്റായി വ്യാഖ്യാനിക്കുന്നുണ്ട്. എന്നാൽ മാതാവിന്റെ അപേക്ഷപ്രകാരം കർത്താവ് പച്ച വെള്ളം മേൽത്തരം വീഞ്ഞാക്കി മാറ്റുന്നു. ഈ അത്ഭുത സംഭവം നമുക്ക് നൽകുന്ന സന്ദേശങ്ങൾ:-

1. മനുഷ്യൻ വളരെ നിസ്സാരമെന്ന് കരുതുന്ന പച്ചവെള്ളം, പ്രത്യേകിച്ച് ഒരു മണവും നിറവും ഒന്നുമില്ലാത്ത പച്ചവെള്ളത്തെ ക്രിസ്തു മേൽത്തരം വീഞ്ഞാക്കി മാറ്റുകയാണ്. ഇവിടെ വലിയ ഒരു പരിവർത്തനം സംഭവിക്കുന്നു. നോമ്പിന്റെ ശ്രേഷ്ഠമായ ദിനങ്ങളിലൂടെ നാം കടന്നുപോകുമ്പോൾ നമ്മിലുണ്ടാകേണ്ട അത്യന്താപേക്ഷിതമായ കാര്യമാണ്, ഒരു പരിവർത്തനം അഥവാ രൂപാന്തരം. പാപാവസ്ഥയിൽ കഴിയുന്ന മനുഷ്യൻ അവന്റെ കുറവുകളേയും കുറ്റങ്ങളേയും ക്രിസ്തുവിൽ സമർപ്പിച്ച് പ്രാർത്ഥനയിലും ഉപവാസത്തിലും നോമ്പിന്റെ ദിനങ്ങളിലായിരിക്കുമ്പോൾ നമ്മിലും രൂപാന്തരമുണ്ടാവുകയും ദൈവമുമ്പാകെ നമ്മൾ ശ്രേഷ്ഠരായി മാറുകയും ചെയ്യും.

2. ക്രിസ്തുവിന്റെ ഓരോ അത്ഭുതങ്ങളും അടയാളങ്ങളും ദൈവനാമമഹത്വത്തിനായിരുന്നു. അവ ഓരോന്നും ദൈവരാജ്യത്തിലേക്ക് നയിക്കുന്ന അടയാളങ്ങൾ ആയിരിക്കുന്നു. ഒരു ക്രിസ്ത്യാനി എന്ന നിലയിൽ നാം ഓരോരുത്തരും ദൈവത്തിന്റെ അടയാളങ്ങളായി മാറണം. അടയാളങ്ങൾ വിശ്വാസത്തിലേക്ക് നയിക്കുന്നതും ദൈവത്തിലേക്ക് അടുപ്പിക്കുന്നതുമാണ്. നാം ഓരോരുത്തരും മറ്റുള്ളവരെ ദൈവത്തിലേക്ക് അടുപ്പിക്കുന്ന ചൂണ്ടു പലകകളായി മാറണം. നമ്മിലൂടെ അനേകർ ക്രിസ്തുവിലേക്ക് എത്തിച്ചേരണം.

3. കാനാവിലെ കല്യാണദിവസത്തിന്റെ മറ്റൊരു പ്രത്യേകത, അവിടെ ക്രിസ്തുവിന്റെ സാന്നിധ്യം ഉണ്ടായിരുന്നു എന്നത് ആണ്. ക്രിസ്തുവും അവന്റെ മാതാവും അവിടെ ക്ഷണിക്കപ്പെട്ടപ്പോൾ ആ കുടുംബത്തിന്റെ കുറവുകൾ പരിഹരിക്കപ്പെട്ടു. നമ്മുടെ കുടുംബ ജീവിതങ്ങളിലും ക്രിസ്തു സാന്നിധ്യം ഉണ്ടായിരിക്കണം. യേശുക്രിസ്തു ക്ഷണിക്കപ്പെടുന്ന കുടുംബങ്ങളായി മാറണം. ക്രിസ്തു കേന്ദ്രബിന്ദുമായി മാറിക്കഴിയുമ്പോൾ നമ്മുടെ കുടുംബത്തിന്റെ കുറവുകൾ

പരിഹരിക്കപ്പെടും, കുടുംബം അനുഗ്രഹിക്കപ്പെടുന്നതായി ത്തീരും. സങ്കീർത്തനം 127:1 ൽ പറയുന്നപോലെ യഹോവ വിടു പണിയാതിരുന്നാൽ പണിയുന്നവൻ വൃഥാ അദ്ധ്വാനി ക്കുന്നു. ക്രിസ്തു കേന്ദ്രീകൃതവും മാതാവിന്റെ മദ്ധ്യസ്ഥ തയും പ്രാർത്ഥനയും ഉള്ള കുടുംബങ്ങളായി നമ്മുടെ ഭവ നങ്ങൾ മാറട്ടെ എന്ന് ആശംസിക്കുന്നു.

**നോമ്പിലെ രണ്ടാം ഞായർ ( 06-03-2022)**
**ഗർബോ ഞായർ (വി.ലൂക്കോ. 5:12-16)**

യേശു തന്റെ പരസ്യ ശുശ്രൂഷകൾക്ക് ഒരു ചെറിയ വിശ്രമം കൊടുത്തുകൊണ്ട് ഒരു പട്ടണത്തിൽ ഇരിക്കുമ്പോൾ കുഷ്ഠം നിറഞ്ഞ ഒരു മനുഷ്യൻ യേശുവിന്റെ അടുക്കൽ വന്ന് "കർത്താവേ നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധ മാക്കുവാൻ കഴിയും' എന്ന് അപേക്ഷിക്കുന്നു. അപ്പോൾ കർത്താവിന്റെ മറുപടി "എനിക്ക് മനസ്സുണ്ട് നീ ശുദ്ധ മാകുക" എന്ന് പറഞ്ഞ് അവന് സൗഖ്യം നൽകുന്നു. പ്രിയരെ, ഒരു കുഷ്ഠരോഗിയെ സംബന്ധിച്ച് സമൂഹത്തിലെ അവന്റ സാഹചര്യങ്ങൾ വളരെ പ്രയാസകരമാണ്. കുഷ്ഠ രോഗത്തെ പാപത്തിന്റെ അനന്തര ഫലമായാണ് യഹൂദ ന്മാർ വിശ്വസിച്ചിരുന്നത്. യഹൂദ ന്യായപ്രമാണം അനുസ രിച്ച് കുഷ്ഠരോഗി പാളയത്തിന് പുറത്ത് വസിക്കണം. മനു ഷ്യരുമായും സ്വന്തം കുടുംബാംഗങ്ങൾപോലുമായും ബന്ധ ങ്ങൾ നഷ്ടപ്പെടുന്ന സാഹചര്യമാണുള്ളത്. അവൻ തൊട്ടു കൂടാത്തവനും തീണ്ടിക്കൂടാത്തവനുമായിരുന്നു. ലൗകിക ജീവിത ബന്ധങ്ങൾ എല്ലാം അവന് നിഷേധിച്ചിരുന്നു. സ്നേഹബന്ധങ്ങൾ നഷ്ടപ്പെട്ട് ഒറ്റപ്പെടലിന്റെ വേദന അനു ഭവിക്കുന്നവനാണ് കുഷ്ഠരോഗി. പ്രിയരെ, പാപമാകുന്ന കുഷ്ഠം പിടിച്ച മനുഷ്യന്റെ അവസ്ഥയും ഇതു തന്നെയാ ണ്. പാപി ദൈവത്തിൽ നിന്നും മനുഷ്യനിൽനിന്നും അക ലുന്നു. പാപം ചെയ്ത മനുഷ്യൻ ദൈവത്തിൽനിന്ന്, ദൈവ സ്നേഹത്തിൽ നിന്ന് അകന്നുപോകുന്നു. കുഷ്ഠരോഗിയുടെ ജീവിതത്തിൽനിന്ന് നമുക്ക് നൽകുന്ന സന്ദേശങ്ങൾ.

1) നോമ്പിന്റെ ശ്രേഷ്ഠമായ ദിനങ്ങളിലൂടെ നാം കടന്നു പോകുമ്പോൾ ഇത് ഒരു തിരിച്ചറിവിന്റെ കാലമായി മാറണം. കുഷ്ഠരോഗിയുടെ സമീപനം പോലെ തന്റെ ഭാഗത്തെ വീഴ്ചകൾ തിരിച്ചറിഞ്ഞുകൊണ്ട് ഞാൻ പാപിയാണെന്ന തിരിച്ചറിവോടെ കർത്താവിന്റെ അടുക്കൽ ചെല്ലുക. തന്നെ ശോധന ചെയ്തുകൊണ്ട് കുഷ്ഠരോഗി കാത്തുനിന്നു. പിന്നീട് കർത്താവിനെ സമീപിച്ച് തന്റെ വീഴ്ചകൾ തിരിച്ച റിഞ്ഞു അനുതപിക്കുന്നു. പ്രിയരെ, നാമും പാപത്തിന്റെ കുഷ്ഠത്തെ തിരിച്ചറിഞ്ഞ് പുരോഹിതന്റെ മുമ്പാകെ സത്യ കുമ്പസാരം നടത്തുവാൻ സാധിക്കണം. അപ്പോൾ നഷ്ട പ്പെട്ട നമ്മുടെ ദൈവവുമായുള്ള ബന്ധം തിരികെ ലഭിക്കു ന്നു. കുഷ്ഠരോഗിയിൽ നാം കണ്ടതുപോലെ എന്റെ അവ കാശമല്ല മറിച്ച് നിനക്ക് മനസ്സുണ്ടെങ്കിൽ സൗഖ്യമാക്കുക എന്ന മനോഭാവത്തോടെ നമ്മുടെ വിഴ്ചകളെ തിരിച്ചറിഞ്ഞ് കർത്താവിനെ സമീപിക്കുവാൻ സാധിക്കണം.

2) കുഷ്ഠരോഗിക്ക് സൗഖ്യം ലഭിച്ചെങ്കിലും അവന്റെ നഷ്ടപ്പെട്ട മനുഷ്യബന്ധങ്ങൾ തിരികെ ലഭിക്കാൻ പുരോ ഹിതന്റെ മുമ്പാകെ കടന്നു ചെല്ലാൻ കർത്താവ് അവനോട് പറയുന്നു. കാരണം യഹൂദ ന്യായപ്രമാണമനുസരിച്ച് രോഗം നിർണ്ണിക്കുന്നതും രോഗം ഇല്ലായെന്ന് വയ്ക്കുന്നതിനുള്ള അധികാരം പുരോഹിതനാണുള്ളത്. നാമും നമ്മുടെ നഷ്ട പ്പെട്ടുപോയ ദൈവബന്ധത്തെ തിരികെ ലഭിക്കാൻ പട്ടക്കാ രന്റെ മുമ്പാകെ കടന്നു ചെന്ന് ഒന്നും മറച്ചു വയ്ക്കാതെ നമ്മെത്തന്നെ മുഴുവനായി അനാവരണം ചെയ്യണം. അതാ യത് ഒരു സത്യകുമ്പസാരം നടത്താനും അങ്ങനെ സത്യ കുമ്പസാരത്തിലൂടെ ദൈവം നമ്മെ സ്പർശിച്ച് ഒരു പുതിയ സൃഷ്ടിയായിത്തീരാൻ സാധിക്കട്ടെ.

**നോമ്പിലെ മൂന്നാമത്തെ ഞായർ (13-03-2022)**
**മ്ശറ്യോ ഞായർ (തളർവാത രോഗി)**
**മർക്കോസ് 2:1-12**

യേശുക്രിസ്തു തളർവാത രോഗിയെ/പക്ഷവാതക്കാരനെ സൗഖ്യമാക്കുന്ന സംഭവമാണ് ഈ വേദഭാഗത്തിൽ പ്രതി പാദിച്ചിരിക്കുന്നത്. ഈ അത്ഭുത സംഭവം നടക്കുന്നത് കഫർന്നഹൂമിലെ പത്രോസിന്റെ ഭവനത്തിൽ വച്ചാണ്. ധാരാളം ആളുകൾ യേശുവിന്റെ പ്രസംഗം കേൾക്കാനും രോഗസൗഖ്യം പ്രാപിക്കുന്നതിനും വന്നുകൂടിയിട്ടുണ്ട്. ഈ സമയത്താണ് നാലുപേർ ചുമന്നുകൊണ്ട് തളർവാതരോ ഗിയെ രോഗസൗഖ്യത്തിനായി വളരെ പ്രയാസപ്പെട്ട് യേശു വിന്റെ അടുക്കൽ കൊണ്ടുവരുന്നത്. പാലസ്തീൻ നാടുക ളിലെ ആ കാലത്തെ വീടുകളുടെ മേൽക്കൂര നീക്കാവുന്ന താണ്. അതുപോലെ പുറത്ത് നിന്ന് ഗോവണിയും ഉണ്ടായി രിക്കണം. ഈ രോഗിയെ ആ നാല് പേർ മേൽക്കൂര നീക്കി ക്രിസ്തുവിന്റെ അടുക്കൽ എത്തിക്കുന്നു. ആ നാല് പേരുടെ വിശ്വാസം കണ്ടിട്ടാണ് യേശു തളർവാതരോഗിക്ക് സൗഖ്യം നൽകുന്നത്. തളർവാതരോഗിക്ക് അവന്റെ ശാരീരിക, മാന സിക സൗഖ്യം യേശുവിൽ നിന്നും ലഭിക്കുന്നു. യേശു അവന്റെ പാപങ്ങൾ മോചിപ്പിക്കുന്നു. അതോടൊപ്പം ശാരീ രിക സൗഖ്യവും ലഭിക്കുന്നു. ഈ വേദഭാഗം നമുക്ക് നൽകുന്ന സന്ദേശങ്ങൾ:-

1) പാപമാകുന്ന തളർവാതം പിടിച്ചിരിക്കുന്ന നമ്മുടെ പാപങ്ങളെ മോചിക്കുവാൻ കർത്താവിന് കഴിയും. പാപമോ ചനത്തിനും സൗഖ്യത്തിനും നമ്മുടെ ഭാഗത്തുനിന്ന് ചില കർമ്മങ്ങൾ ആവശ്യമാണ്. അതായത് എഴുന്നേൽക്കുക, കിടക്ക എടുക്കുക, നടക്കുക. താൻ കിടക്കുന്ന കട്ടിൽ ഉചി തമല്ല, പാപമാകുന്ന കട്ടിലിലാണ് ഞാൻ കിടക്കുന്നത് എന്ന് തിരിച്ചറിഞ്ഞ് അതിൽനിന്ന് എഴുന്നേൽക്കണം. അടുത്ത കർമ്മം പാപം ഉപേക്ഷിക്കാനുള്ള തയാറെടുപ്പാണ്. അടുത്ത കർമ്മം ഇനി ചെയ്യുകയില്ലെന്നുള്ള തീരുമാനം. യോഹന്നാൻ 20:23ൽ പറയുന്നത് പാപങ്ങൾ മോചിക്കുവാനുള്ള അധികാരം യേശു അപ്പോസ്തോലന്മാർവഴി സഭയ്ക്ക് നൽകിയിരി ക്കുന്നു. പരി. സഭയിലെ പട്ടക്കാരുടെ മുമ്പാകെ ചെന്ന് നമ്മുടെ ജീവിതത്തിലെ പാപമാകുന്ന തളർവാതത്തെ തിരി ച്ചറിഞ്ഞ് സത്യഅനുതാപത്തോടെ ഇനി ചെയ്യില്ലെന്നുള്ള ഉറച്ച തീരുമാനത്തോടെ സത്യകുമ്പസാരം നടത്തണം. അപ്പോൾ പാപമോചനവും രോഗസൗഖ്യം ലഭിക്കുന്നു.

2) സഭാ പിതാവായ അംബ്രോസ് ഇപ്രകാരം പറയുന്നു. Every sick person and every sinners needs intercession before God. ഇവിടെ മദ്ധ്യസ്ഥതയുടെ പ്രാധാന്യം ആണ് കാണിക്കുന്നത്. തളർവാത രോഗിയെ ചുവന്നുകൊണ്ടുവന്ന 4 പേരുടെ വിശ്വാസം കണ്ടിട്ടാണ് യേശു അവന് സൗഖ്യം നൽകുന്നത്. സമൂഹത്തിൽ രോഗികൾ, വേദന അനുഭവി ക്കുന്നവർ ഇവരെ ക്രിസ്തുവിലേക്ക് കൊണ്ടുവരിക എന്ന മദ്ധ്യസ്ഥതയുടെ ദൗത്യം നമ്മിൽ ഉണ്ട്. 2 കൊരിന്ത്യർ 5:20ൽ പൗലോസ് തന്റെ ശുശ്രൂഷയെ മദ്ധ്യസ്ഥ ശുശ്രൂഷയായി പറ യുന്നു. പഴയ നിയമത്തിൽ അബ്രഹാം, ഇസഹാക്ക്, യാക്കോ ബ്, മോശ, പ്രവാചകന്മാർ ഇവരെല്ലാം മദ്ധ്യസ്ഥർ ആയിരുന്നു. ഇവർവഴി ദൈവം ജനത്തോട് ഇടപെട്ടിരുന്നു. സമൂഹത്തിലെ പ്രയാസം അനുഭവിക്കുന്ന, രോഗികളായിരി ക്കുന്ന നമ്മുടെ സഹോദരങ്ങളുടെ ജീവിതത്തിൽ നാം ഇടപെടുന്നതുവഴി നമ്മൾ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന തുവഴി ദൈവം അവരോട് കരുണ ചെയ്യും. ആ വലിയ മദ്ധ്യ സ്ഥതയുടെ ദൗത്യം നമുക്ക് ഏറ്റെടുക്കാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

# Spoken English

ഭാഗം -4

# അനായാസം പഠിക്കുവാനുള്ള എളുപ്പ വഴി

കുര്യൻ ജോസഫ് മുട്ടത്തുകടവിൽ

**USE OF DO**

Do indicates Present Tense
Do used to express routine, regular & per manent action.

Do goes with the following Subjects -
I, WE,YOU, THEY and any plural living and non living subjects - Children, Cities etc.

Sentence formation
I do experiments
We do some project works
} Nouns

You do dancing
They do Jogging
Children do reading
} ing form

Do is mainly used to show the negative action which are not done by people in regular basis.

eg: I do not go / I don't go.
Children do not play in hot sun.
We do not eat non-veg food, we are vegetarians.

Cities do not have aminities - Neg: possession

* To make interrogative sentences.

eg. Do you have a pen?
Do you know him?

* I do not have enough money - To show possession.

**Variations**

Positive - We do some experiments
Negative - We don't do experiments
P.Question - Do we do some experiments?
N. Question - Don't we do some experiments.

Positive - They do home work
Negative - They don't do home work
P.Q. - Do they do home work?
N.Q. - Don't they do home work?

ഒരു കാര്യം ഉറപ്പായി പറയുന്നതിനും Do ഉപയോഗിക്കാറുണ്ട്.

I do yoga, I do meet Rohan

**USE OF DOES**

Does indicates Present Tense
Does goes with HE, SHE, IT and any Singular living & non living subjects - Thomas, Pen...

**Sentence Formation**

He does yoga
He does experiments
He does project works
He does running
She does dancing
John does painting

* To express negative action not done regularly
He does not take liquor
He does not sing
John does not smoke

* To make questions (Interrogative Sentence)
Does She swim?
Does he smoke?
Does John Paint?

**Variations**

Positive - He does experiments
N. - He does not do experiments
P.Q. - Does he do experiments?
N. Q. - Does't he do experiments.

Positive - She does yoga
N. - She does not do yoga
P. Q. - Does she do yoga?
N.Q. - Doesn't she do yoga?

**USE OF DID**

Did indicates Past Tense
Did goes with all subjects - including
Singular and plural living and non living subjects - I, we, you, they, he, she, it, John, car, people,cities etc...

**Sentence Formation**

I did Yoga
We did excercise
You did dancing
They did play
He did homework
She did painting
John did copying
People did shouting

**Variations**

Positive - I did yoga
Negative - I did not do yoga
P.Q. - Did I do yoga?
N. Q. - Did't I do yoga?

* To show past negative action using base form of the verb.
In the past these people did not do all these actions.
I did not go.
We did not eat.
You did not give.
He did not pay.
She did not clean.
They did not work.
People did not object.

* To Make questions
Did you do that work properly?
Did she dance?
Did they take the breakfast?

ഒരു കാര്യം തറപ്പിച്ചു പറയുന്നതിനും did ഉപയോഗിക്കുന്നു.

Did you do that? - Yes I did it എന്നു പറയുമ്പോൾ ശബ്ദത്തിൽ അല്പം കടുപ്പം ഉണ്ടാകണം

**Variations**

Positive - He did play
Negative - He did not play
P.Q. - Did he play?
N. Q. - Didn't he play?

# ആ യാത്ര

നീതു അനൂബ്, കാഞ്ഞിരപ്പള്ളിൽ

അമ്മേ, എന്ത് ഭംഗിയാണെന്ന് നോക്കിക്കെ ജോസഫിന്റെ ശബ്ദം കേട്ടുണർന്ന ഞാൻ തിടുക്കത്തിൽ ജനലിലൂടെ പുറത്തേയ്ക്ക് നോക്കി, നേർത്ത മഞ്ഞുതുള്ളികളാൽ പാതി മറഞ്ഞ ചില്ലുജാലകത്തിലൂടെയുള്ള ആ കാഴ്ച അതിമനോഹരമായിരുന്നു.

ദൂരെ വെള്ളമൂടിയ ഹിമാലയ പർവ്വതനിരകൾ അതിനിടയിലൂടെ ചൂഴ്ന്നിറങ്ങുന്ന ഉദയസൂര്യരശ്മികൾ, അതിമനോഹരമായ ഭൂപ്രകൃതി, ചിത്രങ്ങളിൽ കണ്ടതിനേക്കാൾ ഒക്കെ മനോഹരമായിരിക്കുന്നു ഹിമാലയപർവ്വതം. ആ സുന്ദര കാഴ്ച കണ്ടു ഞാൻ അങ്ങിനെതന്നെ കുറെനേരം നിന്നു.

വളരെ തിരക്കുനിറഞ്ഞ ഔദ്യോഗിക ജീവിതത്തിൽ നിന്നും ഒരു ആശ്വാസം കിട്ടാൻ ഇടയ്ക്കിടെ ഇങ്ങനെയുള്ള യാത്രകൾ ഉണ്ടെങ്കിലും ഈ യാത്ര മറക്കാനാവാത്തത് ആയിരുന്നു. കാശ്മീർ എന്ന സുന്ദര നാട് കാണണം എന്ന മോഹം പലകാരണങ്ങളാൽ മുടങ്ങിയിട്ടുണ്ട്. എന്നാൽ അതിനുള്ള അവസരം കിട്ടിയിരിക്കുകയാണ്. ഡിസംബർ മാസം ആയതിനാൽ കാശ്മീരിൽ അതിശൈത്യം ആയിരിക്കുമെന്ന് അറിയാവുന്നതുകൊണ്ട് അതിനുള്ള തയ്യാറെടുപ്പുകളോടെ ആയിരുന്നു യാത്ര.

ഡൽഹി എയർപോർട്ടിൽ എത്തിയ ഞങ്ങൾ വിമാനം കാത്തിരിപ്പായി. മണിക്കൂർ നീണ്ട കാത്തിരിപ്പിനൊടുവിൽ ഒരു അറിയിപ്പുമായി അവിടെയുള്ള ഉദ്യോഗസ്ഥൻ വന്ന് കനത്ത മഞ്ഞുവീഴ്ച ആണെന്നും വിമാനങ്ങൾക്ക് ഇറങ്ങാൻ ബുദ്ധിമുട്ടാണെന്നും അറിയിച്ചു. അതുകൊണ്ട് തന്നെ അവിടേയ്ക്കുള്ള എല്ലാ വിമാനങ്ങളും റദ്ദ് ചെയ്തിരിക്കുന്നു.

തീർത്തും നിരാശരായ ഞങ്ങൾ മൂന്നാമതും നടക്കാതെ പോയ കാശ്മീർ യാത്രയെക്കുറിച്ചോർത്ത് അവിടെ അല്പ നേരം നിന്നു. യാത്ര നടക്കില്ലെന്ന് ഉറപ്പായതോടെ തിരികെ ഹോട്ടൽ മുറിയിലേയ്ക്ക് യാത്രയായി.

ഏതായാലും ഡൽഹിവരെ എത്തി. ഇനി മടക്കയാത്ര യില്ല എന്നുറപ്പിച്ചു. ഡൽഹിയിൽ നിന്ന് പോകാൻ പറ്റുന്ന സ്ഥലങ്ങളെക്കുറിച്ചുള്ള അന്വേഷണമായി. അന്വേഷണങ്ങൾ എല്ലാം ചെന്നെത്തിയതാകട്ടെ നൈനിറ്റാൾ എന്ന സ്ഥലത്ത്. ഡൽഹിയിൽ നിന്നും റോഡ് മാർഗ്ഗം നൈനിറ്റാളിലേക്ക് പോകുവാൻ തന്നെ തീരുമാനിച്ചു.

പിറ്റേദിവസം അതിരാവിലെ തന്നെ ഞങ്ങൾക്ക് പോകുവാനുള്ള വാഹനം എത്തി. തിടുക്കത്തിൽ എല്ലാവരും അതിൽ കയറിയിരിപ്പായി. പത്ത് മണിക്കൂർ നീണ്ടയാത്ര പലതരത്തിലുള്ള ഭുപ്രകൃതികൾ കണ്ട് ഉറങ്ങിയും ഉണർന്നും ഉള്ള യാത്ര അവസാനിച്ചത് രാത്രി ഏറെ വൈകിയാണ്. മരം കോച്ചുന്ന തണുപ്പിൽ നിന്നും രക്ഷപ്പെടാൻ എല്ലാവരും ധൃതിയിൽ താമസിക്കാനുള്ള മുറിയിലേയ്ക്ക് ഓടിക്കയറി പുതപ്പിനടിയിൽ ഒളിച്ചു. നീണ്ട യാത്രയുടെ ക്ഷീണത്തിൽ എല്ലാവരും ഉറക്കത്തിൽ ആയി.

ഏതോ വിദേശരാജ്യത്ത് എത്തിയതുപോലെ, സഞ്ചാരികളെ കൊണ്ട് നിറഞ്ഞ വഴികൾ, അതിമനോഹരമായ ഹിമാലയ പർവ്വതനിരകൾ മനസ്സിന് കുളിർമ തരുന്ന ഒരു ഭൂപ്രകൃതി. മൂന്നാലു ദിവസത്തെ കാഴ്ചകൾക്കു ശേഷം തിരികെ ഡൽഹിയിലേക്ക്.

മടക്കയാത്ര തുടങ്ങിയതു മുതൽ ജോസഫിന് വല്ലാത്ത അസ്വസ്ഥതകൾ. പൂർണ്ണമായും വിജനമായ വഴികളിൽ പൈൻമരങ്ങൾ അല്ലാതെ ഒന്നും തന്നെ കാണാൻ ഉണ്ടായിരുന്നില്ല. കുഞ്ഞിന് അസ്വസ്ഥത കൂടികൊണ്ടേയിരുന്നു. കിലോമീറ്ററുകളോളം സഞ്ചരിച്ചു കഴിഞ്ഞപ്പോൾ വണ്ടി വളരെ ചെറിയ ഒരു ഗ്രാമത്തിൽ എത്തി. വഴിയിൽ കണ്ട ആളോട് ഇവിടെ എങ്ങാനും ആശുപത്രി ഉണ്ടോ എന്ന് ചോദിച്ചു. ഇല്ല എന്നും രണ്ടുമണിക്കൂർ കൂടി യാത്ര ചെയ്താൽ റാണിഘേത് എന്നൊരു സ്ഥലത്ത് എത്തുമെന്നും അവിടെ പട്ടാളക്കാരുടെ ആശുപത്രി ഉണ്ടെന്നും അയാൾ പറഞ്ഞു.

പിന്നീട് ഉള്ള യാത്ര ആ പട്ടാള ആശുപത്രിമാത്രം ആലോചിച്ചുകൊണ്ടായിരുന്നതു കൊണ്ട് രണ്ടുമണിക്കൂർ കഴിഞ്ഞതൊന്നും അറിഞ്ഞതെയില്ല. സ്ഥലം എത്തിയെന്ന് ഡ്രൈവർ ഞങ്ങളെ അറിയിച്ചു. ധൃതിയിൽ പുറത്തേയ്ക്ക് നോക്കിയ ഞാൻ റാണിഘേത് എന്നെഴുതിയ വലിയൊരു കമാനം കണ്ടു. മനസ്സിന് ആശ്വാസമായി. രാജ്യം കാക്കുന്ന പട്ടാളക്കാർക്ക് എന്റെ മകനെയും കാക്കാൻ ആകുമെന്ന ആത്മവിശ്വാസം എന്നിൽ ഉണ്ടായി. കമാനം കടന്നകത്തേക്ക് പോയ ഞങ്ങൾക്കു ചുറ്റും പട്ടാളക്കാരും പട്ടാളവണ്ടികളും മാത്രം. ആർമി ഹോസ്പിറ്റലിനു മുന്നിൽ ഡ്രൈവർ വണ്ടി നിർത്തി, വണ്ടിയിൽ നിന്നും തിടുക്കത്തിൽ കുഞ്ഞിനേയും എടുത്തുകൊണ്ട് ആശുപത്രിയിലേയ്ക്ക് നടന്നു. പെട്ടെന്ന് രണ്ട് കാവൽക്കാർ ഞങ്ങളെ തടഞ്ഞു.

ഞങ്ങൾ ഈ നാട്ടുകാർ അല്ലെന്നും കുഞ്ഞിന് തീരെ വയ്യെന്നും അവരെ അറിയിച്ചു. ഞങ്ങളുടെ തിരിച്ചറിയൽ രേഖകൾ എല്ലാം പരിശോധിച്ചതിനുശേഷം ആ വലിയ കവാടം ഞങ്ങൾക്കായി തുറന്നു തന്നു. ഒരു ദീർഘനിശ്വാസത്തോടെ കുഞ്ഞിനെയും എടുത്തുകൊണ്ട് ഞങ്ങൾ അകത്തേക്കോടി.

പട്ടാളവേഷത്തിൽ തലപ്പാവ് വച്ചൊരു സിഖ് ഡോക്ടർ ആണ് കുഞ്ഞിനെ പരിശോധിക്കാൻ വന്നത്. അതികഠിനമായ തണുപ്പുകൊണ്ട് ഉണ്ടാകുന്ന അസ്വസ്ഥതയാണെന്നും കുഞ്ഞിന്റെ ശരീരത്തിലെ ജലാംശം വളരെയധികം കുറഞ്ഞു പോയെന്നും അദ്ദേഹം ഞങ്ങളെ അറിയിച്ചു. ഉടൻ തന്നെ കുഞ്ഞിനെ അവിടെ അഡ്മിറ്റ് ചെയ്തു. വേണ്ട ശുശ്രൂഷകൾ ചെയ്യാൻ തുടങ്ങി. സുരക്ഷാ പ്രശ്നങ്ങൾ ഉള്ളതുകൊണ്ട് അമ്മയെ മാത്രമേ അവിടെ നിർത്തുകയുള്ളൂ എന്ന് അദ്ദേഹം അറിയിച്ചു.

ഒരു പരിചയം ഇല്ലാത്ത സ്ഥലം, ചുറ്റും പട്ടാളക്കാർ മാത്രം, എല്ലുമുറിയുന്ന തണുപ്പ്, വല്ലാത്ത ഒരു ഭയാനകത, കുഞ്ഞിനെയും മാറോട് ചേർത്ത് ഞാനവിടെ ഇരുപ്പായി. തണുത്ത് വിറങ്ങലിക്കുന്ന എന്നെ കണ്ടിട്ടാവണം പട്ടാളക്കാർ എനിക്കൊരു നെരിപ്പോട് കൊണ്ടു തന്നു. ആ നെരിപ്പോടിന്റെ ചൂട് പറ്റി സർവ്വദൈവങ്ങളേയും വിളിച്ചു കൊണ്ട് കുഞ്ഞ് ഉണരുന്നതും നോക്കി ഞാൻ കാത്തിരുന്നു. ആ നാടിനെക്കുറിച്ചോർത്ത് പട്ടാളക്കാരോട് നന്ദി പറഞ്ഞുകൊണ്ട് എത്രയും പെട്ടെന്ന് സുരക്ഷിതരായി തിരികെ വീട്ടിൽ എത്തിക്കണെയെന്ന് പ്രാർത്ഥിച്ചുകൊണ്ട്...

വൈകുന്നേരത്തോടെ ഡോക്ടർ വന്നു പരിശോധിച്ചു.

# വിമോചനം

**ജയിനമ്മ മർക്കോസ് നടുവിലേപറമ്പിൽ**

ആത്മരക്ഷയ്ക്കായി ഒരുങ്ങിടുവാൻ
പാപത്തിൽ നിന്നും മോചനം നേടാൻ
പരിശുദ്ധ പരമ ദിവ്യകാരുണ്യമേ
ജഡത്തെ വരുതിയിലാക്കി തരൂ! (2)
വചനം പഠിച്ചു യാത്ര ചെയ്താൽ
വഴി കാട്ടാൻ യേശു കൂടെ വരും
നിത്യ സ്വർഗ്ഗത്തിൽ വസിച്ചിടുവാൻ
വചനം പഠിച്ചു പാലിച്ചീടുക
"നിത്യ നരകത്തിൽ ദൈവമില്ല
സ്നേഹവും ഐക്യവും ഒട്ടുമില്ല
ചാകാത്ത പുഴുവും കെടാത്ത തീയും
ഒക്കെയും നമ്മെ വാരിപ്പുണരും"
അജ്ഞത മാത്രം കൈമുതലായ
ദുർബ്ബലരായ നിൻ മക്കൾക്ക്
പരേതരെ ഓർത്തു പ്രാർത്ഥിക്കുവാൻ
കാൽവറിനാഥാ അഭിഷേകം ചെയ്യൂ
യാതനാ സ്ഥലത്ത് കിടക്കുന്നോർക്ക്
ഇനിയും ഒന്നും ചെയ്യാൻ സാധ്യമല്ല
വേദന അകറ്റി മോചനം നേടാൻ
ബന്ധുക്കളെ നിങ്ങൾ പ്രാർത്ഥിക്കുവീൻ
മാരക പാപം ചെയ്തുമടങ്ങിയ
പൂർവ്വികരെ ഓർത്തു പ്രാർത്ഥിക്കുമ്പോൾ
അവരുടെ പാപം ക്ഷമിച്ചുകൊണ്ടീശൻ
കുടുംബത്തെ സന്തുഷ്ടമാക്കിടുന്നു
പൂർണ്ണ വിശുദ്ധരെ സ്വർഗ്ഗത്തിൽ കയറ്റൂ
പൂർണ്ണ വിശുദ്ധരായിടുവാൻ
സഹനത്തെ സന്തോഷമാക്കിടുവാൻ
നിന്നുടെ ശക്തി എന്നിൽ നിറയൂ!
ലോകത്തിലാരും പരിശുദ്ധരല്ല
സ്വർഗ്ഗത്തിൽ വാസം ഉറപ്പിക്കാനീശോ
മക്കൾക്ക് സഹനം കൊടുത്തുകൊണ്ട്
യാതന സ്ഥലത്തു കിടത്തിടുന്നു
അബോർഷനാലും അബോർട്ടിനാലും
മുറിവേറ്റുമടങ്ങുന്ന ശിശുക്കളുടെ
ആദാമിയ പാപങ്ങൾ പോക്കുവാനായി
പരിഹാരം ചെയ്തു പ്രാർത്ഥിച്ചിടൂ
ഗർഭഛിദ്രം നടത്തുന്നോരേ
അറിഞ്ഞിടുക നിങ്ങൾ അറിഞ്ഞിടുക
വിവാഹ തടസ്സവും മാർഗ്ഗതടസ്സവും
ഭവനത്തിൽ വന്നു ഭവിച്ചിടുന്നു
മരണം അവസാനമല്ലെന്ന ബോധ്യത്താൽ
എന്നെന്നും നിന്നോടു കൂടെ വസിക്കാൻ
ഒരുക്കത്തോടെ നിന്നെ സ്വീകരിപ്പാൻ
തിരുകുടുംബ സാമീപ്യം വന്നിടുക
കൂടുതൽ പഠിച്ചും പഠിപ്പിച്ചു കൊണ്ടവർ
കൂടുതൽ ശിക്ഷയ്ക്കു യോഗ്യരാകും
ത്യാഗജീവിതം നയിച്ചുമടങ്ങിയ
സന്ന്യസ്ഥരെ ഓർത്തു പ്രാർത്ഥിക്കുവിൻ
താതന്റെ വലഭാഗേ ചേർന്നിരുന്നു
ഗോൽഗോഥാ നാഥൻ കാത്തിരിപ്പൂ
തൻ പ്രിയമക്കളെ ചേർത്തുകൊണ്ടു
ഹല്ലേലുയ്യാ സ്തുതി പാടിടുവാൻ.

**ആ യാത്ര** *(പേജ് 25 തുടർച്ച)*

കുഞ്ഞിന്റെ ക്ഷീണമെല്ലാം മാറി അത്യാവശ്യം വേണ്ട മരുന്നുകൾ തന്നു. ഉന്മേഷവദനനായ കുഞ്ഞിന്റെ നെറുകയിൽ തലോടിക്കൊണ്ട് അദ്ദേഹം പറഞ്ഞു എനിക്കും ഇതേ പ്രായത്തിൽ ഒരു മകളുണ്ട്. ദൂരെ പഞ്ചാബിൽ.

കൈകൾ കൂപ്പി അദ്ദേഹത്തോട് നന്ദി പറഞ്ഞ് ഇറങ്ങുമ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞൊഴുകുകയായിരുന്നു. ആരാണെന്നുപോലും അറിയാത്ത എന്റെ കുഞ്ഞിന് ആ പട്ടാളക്കാർ കൊടുത്ത സ്നേഹത്തേയും കരുണയേയും ശുശ്രൂഷയേയും കുറിച്ചോർത്ത്....

ഇന്നേവരെ നടത്തിയ എല്ലാ യാത്രകളിലും പ്രിയപ്പെട്ടതായി മാറിയ ഒരു യാത്ര, ഓർമ്മകളുടെ ചെപ്പിൽ നിധിപോലെ സൂക്ഷിക്കാനൊരു യാത്ര, കണ്ടുമറന്ന മുഖങ്ങൾക്കിടയിൽ ഒരിക്കലും മറക്കാനാകാത്ത രൂപങ്ങളായി മാറി ആ പട്ടാളക്കാർ.

നിങ്ങൾ ചെയ്ത നന്മകൾക്ക് പകരം തരാൻ എനിക്ക് ആവില്ലെങ്കിലും ഒരായിരം നന്ദികൾ ഞാൻ അർപ്പിക്കുന്നു. നിങ്ങൾക്കായി...

## കുറ്റൂർ സെന്റ് മേരീസ് ക്നാനായ പള്ളി, വിഷൻ 2030




കുറ്റൂർ സെന്റ് മേരീസ് ക്നാനായ പള്ളിയുടെ വിഷൻ 2030 യുടെ ഭാഗമായി തിരുവല്ല റോട്ടറി ക്ലബിന്റെയും, IRDL MG യൂണിവേഴ്സിറ്റിയുടെയും ആഭിമുഖ്യത്തിൽ നടന്ന ശ്രവണ സഹായി വിതരണ ക്യാമ്പിന് നേതൃത്വം നൽകിയ Ali Yavar Jung National Institute of Speech & Hearing Disablities എന്നാൽ സ്ഥാപനത്തിന്റെ പ്രവർത്തകരെ വികാരി ഫാദർ ജിനു കുരുവിള കിഴക്കേമുട്ടത്ത് ഇടവകയ്ക്ക് വേണ്ടി മൊമെന്റോ നൽകി ആദരിച്ചു. റോട്ടറി ക്ലബ് തിരുവല്ല പ്രസിഡന്റ് റെജി എബ്രഹാം പുളിമൂട്ടിൽ, IRDL ഡയറക്ടർ ഡോ. മുസ്തഫ, പള്ളി ട്രസ്റ്റി Rtn. എൻ. ടി. എബ്രഹാം നെടുംതറയിൽ, ഇടവകയുടെ സെക്രട്ടറി കെ. സി. തോമസ് കുന്നുകണ്ടത്തിൽ, റോട്ടറി അസിസ്റ്റന്റ് ഗവർണർ മാത്യൂസ് കെ. ജേക്കബ്, റോട്ടറി ക്ലബ് സെക്രട്ടറി ജനാർദ്ദനൻ, Rtn. പ്രമോദ് തുരുത്തേൽ, Rtn. ഡോ. റീബു കണ്ണൻകേരിൽ, Rtn. റൈനു മരുത്ര എന്നിവർ സമീപം. ഈ ക്യാമ്പിൽ മൂന്ന് ദിവസം കൊണ്ട് 322 ശ്രവണ സഹായി ആണ് വിതരണം ചെയ്തത്.

# നോമ്പ്-സ്നേഹത്തിലുള്ള ശിക്ഷണം

ഡോ. കുര്യാക്കോസ് കോർ എപ്പിസ്ക്കോപ്പാ മൂലയിൽ

**ആമുഖം**

സുറിയാനി ഓർത്തഡോക്സ് പാരമ്പര്യത്തിലുള്ള ഏറ്റവും പ്രധാനപ്പെട്ട നോമ്പ് 2022 ഫെബ്രുവരി 28-ാം തീയതി ആരംഭിക്കുകയാണ്. നമ്മുടെ കർത്താവിന്റെ ഉയിർത്തെഴുന്നേല്പിന്റെ സന്ദേശവും സമാധാനവും സ്വായത്തമാക്കുവാനും പുതുജീവന്റെ പങ്കാളിത്വം അനുഭവിക്കുവാനുമുള്ള ഒരുക്കമാണ് വലിയ നോമ്പ്. ഏഴ് ആഴ്ചകൾ നീണ്ടു നിൽക്കുന്ന ഈ പ്രത്യേക വ്രതാനുഷ്ഠാനം ആത്മതപനത്തിനും ആത്മപരിശോധനയ്ക്കും ആത്മസമർപ്പണത്തിനുമുള്ള ഒരുക്കമാണ്. നോമ്പും വ്രതാനുഷ്ഠാനങ്ങളും എല്ലാ മതങ്ങളിലും പ്രാചീന സംസ്ക്കാരങ്ങളിലും നിലനിന്നിരുന്നതാണ്. യഹൂദ മതപശ്ചാത്തലത്തിൽ നോമ്പും ഉപവാസവും നിറഞ്ഞുനിന്നിരുന്നതായി പഴയനിയമത്തിൽ കാണുന്നു. ആഴ്ചയിൽ രണ്ടുദിവസം ഉപവസിക്കുക എന്നത് തങ്ങളുടെ മതനിഷ്ഠയുടെ ലക്ഷണമായി പരീശർ കണ്ടിരുന്നു (ലൂക്കോസ് 18:12). ഏശായ പ്രവചനം യഹൂദന്മാരുടെ ഉപവാസത്തെക്കുറിച്ച് പ്രതിപാദിക്കുന്നു (58:3-7). നമ്മുടെ കർത്താവ് തന്നെ 40 ദിവസത്തെ കഠിനമായ ഉപവാസം അനുഷ്ഠിച്ചതായി മത്തായി 4:2 ൽ രേഖപ്പെടുത്തിയിരിക്കുന്നു. യഹൂദാമതത്തിൽ നിന്ന് ക്രൈസ്തവരും പിന്നീട് മുസ്ലീം പാരമ്പര്യത്തിലും നോമ്പും ഉപവാസവും അനുഷ്ഠിക്കുന്ന പതിവുണ്ടായി. ഭാരതീയ ചിന്തയിലും ഉപവാസവും വ്രതാനുഷ്ഠാനങ്ങളും ആത്മീയ നിർവൃതിയുടെ അടിസ്ഥാന മാർഗ്ഗങ്ങളായി സ്വീകരിച്ചിരുന്നു എന്നു ഗ്രഹിക്കുവാൻ കഴിയും. പ്രകൃതിയിലേക്കു നോക്കിയാൽ പോലും പ്രാതികൂല്യങ്ങളെ അതിജീവിക്കുവാനുള്ള തയ്യാറെടുപ്പെന്ന നിലയിൽ വർജന മാതൃകകൾ കാണുവാൻ കഴിയും. പ്രതികൂല കാലാവസ്ഥകളെ നേരിടുമ്പോൾ വൃക്ഷകൾ ഇല കൊഴിച്ചും മൃഗങ്ങൾ ഭക്ഷണം വെടിഞ്ഞും അതിജീവനമാർഗ്ഗങ്ങൾ തേടുന്നു. പനിക്കു പട്ടിണി മരുന്ന് എന്നൊരു പഴമൊഴിയും മലയാളത്തിലുണ്ട്. ചുരുക്കത്തിൽ വർജനം ശരീരത്തിന് പ്രാതികൂല്യങ്ങളെ അതിജീവിക്കുവാൻ പ്രയോജനകരമാണ് എന്നു മനസ്സിലാക്കുവാൻ കഴിയും. ശരീരത്തിനു ഇത് പ്രയോജനകരമായിരിക്കുന്നതുപോലെ തന്നെ ആത്മീയ ശിക്ഷണം മനസ്സിനും ആത്മാവിനും എത്ര അധികം പ്രയോജനകരമാണെന്നു സഭാപാരമ്പര്യത്തിൽ നിന്നും നമുക്ക് ഗ്രഹിക്കുവാൻ കഴിയും. മലയാളഭാഷയിൽ നോമ്പ് എന്നും ഉപവാസം എന്നും രണ്ട് പദങ്ങളും അർത്ഥങ്ങളും ഉണ്ട്. സസ്യഭക്ഷണം മാത്രമായി നിഷ്ക്കർഷിക്കുന്നത് നോമ്പായും ഭക്ഷണം തന്നെ ഉപേക്ഷിക്കുന്നത് ഉപവാസമായും കരുതുന്നു. സുറിയാനി ഭാഷയിൽ നാം ഉപയോഗിക്കുന്ന സൗമൊ എന്ന പദത്തിന്റെ അർത്ഥം ഇതുരണ്ടും ചേർന്നതാണ്. ആകയാൽ സുറിയാനി പാരമ്പര്യത്തിൽ ഉപേഷണവും വർജനവും ചേർന്നതാണ് നോമ്പനുഷ്ഠാനം എന്നതു നാം മനസ്സിലാക്കണം.

**മതോപദേശസാരങ്ങൾ**

നോമ്പിനെക്കുറിച്ച് സഭാപാരമ്പര്യത്തിൽ ഊന്നിനിന്നുകൊണ്ട് മതോപദേശസാരങ്ങളിൽ (15-ാം സംഗതി) പറയുന്നത് ഇപ്രകാരമാണ്. നോമ്പ് ദൈവം ആദാമിനു കൊടുത്തിരുന്ന കല്പനയാണ് (നന്മതിന്മയുടെ അറിവിന്റെ വൃക്ഷത്തിൽ നിന്നും നീ ഭക്ഷിക്കരുത് ഉല്പ. 2:17). ഇത് യഹൂദസഭയിൽ ദൈവകല്പനപ്രകാരം നടത്തി വന്നിരുന്നതാണ്. (നോമ്പാലും കരച്ചിലാലും വിലാപങ്ങളാലും നിങ്ങളുടെ പൂർണ്ണഹൃദയത്തോടെ എങ്കലേക്കു തിരിയുവിൻ... ഹൃദയങ്ങളെത്തന്നെ കീറി ദൈവമായ കർത്താവിന്റെ അടുക്കലേക്കു തിരിയുവിൻ (യോവേൽ 2:12). നമ്മുടെ കർത്താവ് കല്പിച്ചും പ്രവർത്തിച്ചും പഠിപ്പിച്ചിരുന്നതാണ്. (താൻ 40 പകലും 40 രാവും നോമ്പുനോറ്റു- മത്തായി 2:4. മണവാളൻ അവരിൽ നിന്നും എടുക്കപ്പെടുന്ന ദിവസങ്ങൾ വരും അപ്പോൾ അവർ നോമ്പുനോൽക്കും മത്തായി 9:15). തന്റെ ശ്ലീഹന്മാർ ആചരിച്ചുവന്നിരുന്ന പാരമ്പര്യമാണിത് (അവർ നോമ്പുനോറ്റ് ദൈവത്തോടപേക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ പരിശുദ്ധാത്മാവ് അവരോടു പറഞ്ഞു - അപ്പോ.പ്ര. 13:2) സകല തിന്മകളിൽ നിന്നും ഒഴിഞ്ഞ് നോമ്പ് നോക്കണം- മത്തായി 6:16, ഏശായ 58:37. നോമ്പിന്റെ അത്യന്തികലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1. ഭൗതികമായതിലും ആത്മീയ കാര്യങ്ങൾ വിലമതിക്കണം.
2. ജഡികമോഹങ്ങളെ കീഴടക്കി ആത്മാവിനെ പുഷ്ടിപ്പെടുത്തണം.
3. ജഡമോഹങ്ങളെ നിരോധിച്ച് ആത്മാവിനെ ദൈവികകാര്യങ്ങളിലേക്കുയർത്തണം.
4. പൈശാചികശക്തിയെ ജയിക്കുന്നതിനുള്ള മാർഗ്ഗമാണ്.
5. ഉദരസ്നേഹം അനേകം പാപങ്ങളുടെ ഉറവിടമാണ്. അതുകൊണ്ട് സഭയുടെ അടിസ്ഥാനവിശ്വാസപ്രമാണങ്ങളെ സ്വാംശീകരിച്ചിരിക്കുന്ന മതോപദേശസാരങ്ങളിൽ പറയുന്ന മേൽ നിർദ്ദേശങ്ങളിൽ ഊന്നിനിന്ന് നോമ്പ് എടുക്കുവാൻ നമുക്കു കഴിയണം.

**ഏശായായുടെ വീക്ഷണം**

പഴയനിയമത്തിൽ നോമ്പിനെയും ഉപവാസത്തേയും കുറിച്ചു പറയുന്നതിൽ അതിസവിശേഷമായ ഒരു ഭാഗമാണ് ഏശായ പ്രവചനം 58:3-7 വരെയുള്ള ഭാഗങ്ങൾ അന്യായബന്ധങ്ങളെ അഴിക്കുക. നുകത്തിന്റെ അമിക്കയറുകളെ അഴിക്കുക, പീഡിതരെ സ്വതന്ത്രരായ് വിട്ടയയ്ക്കുക, എല്ലാ നുകത്തെയും തകർക്കുക, ഇതല്ലയോ എനിക്കിഷ്ടമുള്ള ഉപവാസം? വിശക്കുന്നവനും നിന്റെ അപ്പം നുറുക്കിക്കൊടുക്കുന്നതും അലഞ്ഞു നടക്കുന്ന സാധുക്കളെ നിന്റെ വീട്ടിൽ ചേർത്തുകൊള്ളുന്നതും നഗ്നനെ കണ്ടാൽ അവനെ ഉടുപ്പിക്കുന്നതും നിന്റെ മാംസരക്തങ്ങളായിരിക്കുന്നവർക്ക് നിന്നെ തന്നെ മറക്കാതിരിക്കുന്നതും അല്ലയോ? വിശദീകരണം ആവശ്യമില്ലാത്ത ഈ പ്രവാചക ആഹ്വാനം നാം അനുഷ്ഠിക്കേണ്ട നോമ്പിന്റെ അന്തസത്തയെക്കുറിച്ച് ഓർമ്മിപ്പിക്കുന്നു.

### നോമ്പ് സ്നേഹസാക്ഷ്യം

നോമ്പിന്റെ അർത്ഥ വ്യാഖ്യാനങ്ങൾ ഏറ്റം ശക്തമായി അവതരിപ്പിക്കുന്നത് നോമ്പിന്റെ പ്രാർത്ഥനകളിലാണ്. പ്രാർത്ഥന എന്നത് ദൈവത്തോട് ചോദിച്ചുവാങ്ങുവാനുള്ള താണെന്നാണ് പൊതുധാരണ. നമുക്ക് ആവശ്യമുള്ള തൊക്കെ ദൈവത്തോടു ചോദിക്കുക, ലഭിച്ചതിനൊക്കെ നന്ദി പറയുക എന്നത് മാത്രമാക്കി പ്രാർത്ഥനയേയും നോമ്പി നെയും കാണുന്നവരുണ്ട്. അവർ മത്തായി 7:7 ഉദ്ധരിച്ച് അത് സ്വയം ന്യായീകരിക്കുകയും ചെയ്യും. യാചിപ്പിൻ നിങ്ങൾക്ക് കിട്ടും, അന്വേഷിപ്പിൻ നിങ്ങൾ കണ്ടെത്തും, മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും എന്നീ ഭാഗം മാത്രം വായിച്ച് ചോദിച്ചു വാങ്ങേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറയും. എന്നാൽ മകൻ അപ്പം ചോദിച്ചാൽ കല്ലുകൊടുക്കില്ല എന്നതും സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട് യാചിക്കുന്നവർക്ക് നന്മ എത്ര അധികമായി കൊടുക്കും എന്ന ഭാഗം അവഗണിക്കുകയും ചെയ്യും. നമ്മൾ യാചിക്കുന്നതുപോലെയല്ല നമുക്കും നന്മ ആയിരിക്കുന്നതാണ് ദൈവം നൽകുന്നത്. പ്രാർത്ഥന ദൈവത്തിന്റെ മനസ്സുമാറ്റാനല്ല, നാം ദൈവേഷ്ടത്തിന് അനുരൂപപ്പെടാനാണ് എന്ന വലിയ സത്യം നാം മനസ്സിലാക്കണം. അതുകൊണ്ടുതന്നെ പ്രാർത്ഥനയിൽ സ്വരൂപീകരണത്തിനും സമർപ്പണത്തിനുമുള്ള ഭാഗങ്ങൾ ഉണ്ട്. അത് പ്രാവർത്തികമാക്കി എടുക്കുവാൻ നമുക്കു കഴിയണം.

നാല്പതു നാൾ ഉപവസിക്ക
വിശക്കുന്നവനപ്പം കൊടുക്ക
ഈശൈസുതനെപ്പോൽ ദിനം
ഏഴുവട്ടം പ്രാർത്ഥിക്ക.

ഈ പ്രാർത്ഥന പ്രാർത്ഥിക്കുന്നവനുള്ള ഉപദേശമാണ്, നോമ്പ് എടുക്കുന്നവനോടുള്ള ആഹ്വാനമാണ്. നോമ്പിൽ 40 ദിവസത്തെ ഉപവാസം വിശക്കുന്നവനുള്ള അപ്പം നൽകൽ (സാധുക്കളെ സഹായിക്കൽ) ഏഴുനേരമുള്ള പ്രാർത്ഥന എന്നിവയൊക്കെ അനുസ്മരിപ്പിച്ച് പഠിപ്പിക്കുകയാണ്. ഈ തലത്തിൽ നോക്കുമ്പോഴാണ് നോമ്പിനെക്കുറിച്ച് മനസ്സിലാക്കുവാൻ സഭയുടെ ആരാധനാക്രമങ്ങളും പഠിക്കണമെന്നും പറയുന്നത്. വലിയനോമ്പിലെ പ്രഭാതപ്രാർത്ഥനയിൽ (പഴയ നമസ്ക്കാരം) നോമ്പു നല്ലതാകുന്നു. സ്നേഹം കൂടാതെ ഒരുവൻ നോമ്പുനോൽക്കുന്നുവെങ്കിൽ അവന്റെ വ്രതത്തിനു യാതൊരു സവിശേഷതയുമില്ല എന്നു പ്രാർത്ഥിക്കുന്ന വ്യക്തി നോമ്പ് അടിസ്ഥാനപരമായി സ്നേഹസാക്ഷ്യമാണെന്നു വ്യക്തമാക്കുകയാണ്. ഇതുപോലെ നോമ്പിന്റെ പ്രാധാന്യം ഗ്രഹിക്കുവാൻ നോമ്പുകളിലെ പ്രാർത്ഥനാ ക്രമങ്ങൾ, പ്രുമിയോൻ – സെദറൊകൾ, വേദവായനകൾ എന്നിവയെല്ലാം നാം ഉപയോഗിക്കേണ്ടിയിരിക്കുന്നു. സഭാക്രമം അനുസരിച്ചുള്ള വേദവായനകുറിപ്പിൽ ഓരോ ദിവസത്തേക്കുമുള്ള ബൈബിൾ വായനകൾ ക്രമീകരിച്ചിട്ടുണ്ട്. വേദവായനകുറിപ്പിൽ നോക്കി ഈ വായനകൾ നോമ്പിന്റെ ഭാഗമായി ധ്യാനിക്കുവാൻ കഴിയണം

### നോമ്പിന്റെ സംവത്സരക്രമം

സഭാസംവത്സരം ആരംഭിക്കുന്നത് ഒക്ടോബർ 30 നും അതിനുശേഷവും വരുന്ന ആദ്യഞായറാഴ്ചയായ കൂദാശ് ഈത്തോ മുതൽക്കാണ്. യൽദോനോമ്പ് ഡിസംബർ 25നു മുമ്പുള്ള 10 ദിവസവും (പഴയ കണക്കിൽ 25 ദിവസവും), നിനുവനോമ്പ് എന്ന മൂന്നുനോമ്പ് വലിയ നോമ്പിനു 18 ദിവസം മുമ്പും, വലിയനോമ്പ് കഷ്ടാനുഭവ ആഴ്ച ഉൾപ്പെടെ 50 ദിവസം മാർച്ച് 21 നു ശേഷം വരുന്ന വെളുത്ത വാവിനുശേഷം (പൗർണ്ണമി) വരുന്ന ഞായറാഴ്ച ആചരിക്കുന്ന ഈസ്റ്ററിൽ അവസാനിക്കത്തക്കവണ്ണവും, ജൂൺമാസം 29–ാം തീയതിയിലെ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ പെരുന്നാളിനു മുമ്പ് 3 ദിവസവും (പഴയ കണക്കിൽ 13 ദിവസം), ഓഗസ്റ്റ് 15 ന് ദൈവമാതാവിന്റെ വാങ്ങിപ്പുപെരുന്നാളിനു മുമ്പേ 5 ദിവസവും (പഴയകണക്കിൽ 15 ദിവസവും) ആണ് കാനോനിക നോമ്പുകൾ. ഇതു കൂടാതെ ഈസ്റ്റർ മുതൽ പെന്തക്കോസ്തുവരെയുള്ളതൊഴികെ ഉള്ള ബുധൻ, വെള്ളി ദിവസങ്ങളും നോമ്പുദിവസങ്ങളാണ്. ഇതു കൂടാതെ സ്വമേധയാ നോമ്പുകളും (എട്ടു നോമ്പ് ഉൾപ്പെടെ) എടുക്കുന്നതാണ്. മുമ്പ് സൂചിപ്പിച്ചിരിക്കുന്ന നോമ്പുകളിൽ പഴയ കണക്കനുസരിച്ച് നോമ്പ് എടുക്കുന്നത് സഭ പ്രോത്സാഹിപ്പിക്കുന്നുമുണ്ട്. ലാഘവങ്ങൾ സഭ അനുവദിച്ചിരിക്കുന്നത് നോമ്പിന്റെ പ്രാധാന്യം കുറയ്ക്കുന്നതിനല്ല വിശ്വാസികൾക്ക് ലംഘനം കുറയ്ക്കുന്നതിനുവേണ്ടിയാണ്.

### നോമ്പ് ഹൂദായകനോനിൽ

ഹൂദായകാനോൻ 5–ാം അദ്ധ്യായം ഒന്നും രണ്ടും ഖണ്ഡികകളിൽ നോമ്പ് സംബന്ധമായും നോമ്പുദിവസങ്ങൾ സംബന്ധമായും പ്രതിപാദിക്കുന്നു. ഇതിൽ ശനി, ഞായർ ദിവസങ്ങളിൽ ഉപവാസം പാടില്ലെന്നും നോമ്പ് അനുഷ്ഠിക്കാത്ത വൈദികസ്ഥാനികൾ വിലക്കപ്പെടണമെന്നും വി. കുർബ്ബാനാനുഭവത്തിനു മുമ്പ് നോമ്പവസാനിപ്പിക്കുവാൻ പാടില്ലെന്നും രോഗത്തിലും പീഢയിലും തടവിലും ഗർഭിണിക്കും മുലകൊടുക്കുന്നവർക്കും ലാഘവമുണ്ടെന്നും 12 വയസ്സിനു മുകളിൽ എല്ലാവരും നിർബന്ധത്താലല്ല– സ്വമേധയ നോമ്പ് അനുഷ്ഠിക്കണമെന്നും പറയുന്നു. നോമ്പുദിവസങ്ങൾ സംബന്ധിച്ച് ഹുദായ കാനോൻ ഇന്നത്തെ ദിവസക്രമം അല്ല നിർദ്ദേശിക്കുന്നത്. ദിവസക്രമം സഭ വിവിധ കാലങ്ങളിൽ ഭേദപ്പെടുത്തിയിട്ടുണ്ട് എന്ന് ഇതിൽ നിന്നും മനസ്സിലാക്കാം.

### ഉപസംഹാരം

നോമ്പിന്റെ ലക്ഷ്യം സ്വയം ശുദ്ധീകരണമാണ്. നോമ്പ് സ്നേഹസാക്ഷ്യമാണ്, സ്വയതീക്ഷ്ണത പരിശീലനമാണ്, വേദനിക്കുന്നവരേയും പരദേശികളെയും സഹായിക്കുന്നതാണ്, നീതിനിഷ്ഠമായ ജീവിതമാണ് സർവ്വോപരി പരി ദൈവ സംസർഗ്ഗത്തിലേക്കുള്ള പ്രവേശനവുമാണ്. സ്വാർത്ഥകമായി നോമ്പും അനുഷ്ഠിക്കുവാൻ ദൈവം ഇടയാക്കട്ടെ.

## ശുഭചിന്തകൾ

**മറ്റുള്ളവരുടെ തെറ്റുകുറ്റങ്ങളുടെ മാത്രം പുറകെ പോകാതെ സ്വന്തം തെറ്റുകളും പോരായ്മകളും പരിഹരിക്കാൻ ശ്രമിക്കുക, അപ്പോൾ മനസ്സിന് ശാന്തിയും സമാധാനവും ലഭിക്കും.**

**മുന്നോട്ടുള്ള വഴിയിലെ പ്രതിബന്ധങ്ങൾ ആയി നമുക്ക് തോന്നുന്നവ, പലപ്പോഴും മറ്റൊരു ദിശയിലേക്ക് മാറുന്നതിനുള്ള ദിശാഫലകമായി മാറാറുണ്ട്. അതുകൊണ്ട് ഒന്നിനെയും അവഗണിക്കുകയോ വെറുക്കുകയോ ചെയ്യാതിരിക്കാം.**

## 50-ാം വിവാഹവാർഷികം

**07-02-2022**



## ഏബ്രഹാം കുറിയാക്കോസ് (കുഞ്ഞുമോൻ) & ജോളി ഏബ്രഹാം

**പൂവത്തുംപറമ്പിൽ, ഇരുവള്ളിപ്ര, തിരുവല്ല**

ആശംസകളോടെ-മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

Advt -O

## നവതി നിറവിൽ

**01-02-2022**



**Rev. Dr. A. T. Abraham**

Alummoottil

മുൻ ചീഫ് എഡിറ്റർ

**ക്നാനായദീപത്തിന്റെ ആശംസകൾ**


FIVELAND MULTI SERVICES PVT LTD MANPOWER CONSULTANCY

IMMEDIATE INTERVIEW

NHS -Hospitals
Nursing Home

IELTS -7, OET -7 Needed
GNM -BSC -MSC Nurses

IELTS/OET PASSED
as per NMC criteria

NHS FREE RECRUITMENT FOR NURSES

SKYPE/TEAMS INTERVIEWS

Fiveland Multi Services (Pvt) Ltd

Send Your CV to:
fivelandgroup@gmail.com
Address:Room No 10/127A, CKAR Building
Opp. Federal Bank
Pallickachira P.O., Paipapd. 686537
Kottayam Dist. Kerala State, India
+91 9048030090
Call: 9846071158
8281638270

FIVELAND CONSULTANCY LTD. REG. NO. U74994DL2018PTC33881




Advt -O

## വിവാഹിതരായി



വാകത്താനം കൊക്കരവാലയിൽ ബേബിയുടെയും കുഞ്ഞുമോൾ ബേബിയുടെയും മകൻ **റ്റിനോ കെ. ബേബിയും** ചാന്നാനിക്കാട് കീച്ചേരിൽ രാജുവിന്റെയും ലീലാമ്മ രാജുവിന്റെയും മകൾ **ലിന്റു രാജുവും** തമ്മിലുള്ള വിവാഹം 2022 ഫെബ്രുവരി 5-ാം തീയതി വാകത്താനം സെന്റ് സൈമൺസ് പുതുശ്ശേരി പള്ളിയിൽ റവ. ഫാ. ജേക്കബ് കല്ലുകുളത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

## 7th Death Anniversary
25 – 2 – 2022

## 19th Death Anniversary
21 – 7 – 2022



**Mariamma Chacko**
(Retd. H. M. St. Thomas HSS, Ranny)

**Dr. P. T. Philip**
(Retd. Joint Director, AHD - Kerala)

**Paranickal, Vaikom, Ranny**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

---

17 – ാം ചരമവാർഷികം
11 – 2 – 2022

10 – ാം ചരമവാർഷികം
12 – 2 – 2022





**ഏബ്രഹാം തോമസ്**
(കുഞ്ഞവറാച്ചൻ)

**അന്നമ്മ ഏബ്രഹാം**
(അമ്മിണി)

ചിറമേൽപറമ്പിൽ, വള്ളംകുളം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

---

5 – ാം ചരമവാർഷികം
25 – 2 – 2022

51 – ാം ചരമവാർഷികം
26 – 2 – 2022





**എൻ. സി. ചാണ്ടി**

**പുന്നൂസ് ചാണ്ടി**

നായിക്കമഠത്തിൽ, കുറിച്ചി

"നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

ഭാര്യ – അച്ചാമ്മ ചാണ്ടി (W/o എൻ. സി. ചാണ്ടി)
മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 40 –ാം ചരമവാർഷികം

14 – 2 – 2022



Advt - O

# K.S. കുറിയാക്കോസ് (കൊച്ചപ്പൻ)

കുന്നിരിക്കൽ, റാന്നി

“കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ”

*സന്തപ്ത കുടുംബാംഗങ്ങൾ*

## 2 –ാം ചരമവാർഷികം

7-2-2022



Advt -S

# കെ. എൻ. രാജൻ

ഇരണയ്ക്കൽ, തുരുത്തിക്കാട്

“കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ”

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1 –ാം ചരമവാർഷികം

28 – 2 – 2022



Advt -O

# M.P. SCARIA (കറിയാച്ചൻ)

മാലത്തുശ്ശേരിൽ, ചിങ്ങവനം

“കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ”

*സന്തപ്ത കുടുംബാംഗങ്ങൾ*

## 6th Death Anniversary

03-02-2022

## 9th Death Anniversary

17-02-2022



Advt - O

# K.I. UNNI        SOSAMMA M.O.

## MANACHERIL (KIZHAKETHIL)

## Thiruvananthapuram

Blessed are those who die in the Lord..... for they will rest
from their hard work; for their good deeds follow them!
(Revelation 14:13)

By Sorrowing Family

# 26 –ാം ചരമവാർഷികം

25 – 2 – 2022



# മാത്തൻ ഉതുപ്പാൻ

കടക്കേത്ത് (മുരിക്കേത്ത്)

പുല്ലൂപ്രം, റാന്നി

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൻ വലഭാഗത്തിൽ "

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S



# 40 – ാം ചരമദിനം

**09 – 02 – 2022**

## മാത്തുക്കുട്ടി തോമസ്

(ജോയി) USA

കണ്ടല്ലുമണ്ണിൽ പാറയ്ക്കാട്ട്,
ഇരവിപേരൂർ

Advt - O

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

ഭാര്യ – സാലമ്മ മാത്യു വേലുക്കിഴക്കേതിൽ
മക്കൾ – മഞ്ജു, മിന്റു
മരുമക്കൾ – അനൂബ് എരിച്ചിപ്പുറത്ത്, രെജു തൈയ്യിൽ പുത്തൻവീട്
കൊച്ചുമക്കൾ – എലീന, എൽക്കാന, ഏലിയാസ്, ഡിയാന, ഡെവീന

*സന്തപ്ത കുടുംബാംഗങ്ങൾ*

## 4th Death Anniversary

**20 - 02 - 2022**

## 7th Death Anniversary

**20 - 09 - 2022**



## ഏലിയാമ്മ മാത്യു (ലീലാമ്മ)

## മാത്തുക്കുട്ടി കെ. ഇ. (മാത്തുക്കുഞ്ഞ്)

കറയക്കള്ളിൽ, തിരുവൻവണ്ടൂർ

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവർ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

17-ാം ചരമവാർഷികം
1-02-2022

22-ാം ചരമവാർഷികം
23-01-2022



**പി.കെ. ചാക്കോ**
(പാപ്പച്ചൻ)

**കുഞ്ഞൂഞ്ഞമ്മ ചാക്കോ**

പാറശ്ശേരിൽ, ചിങ്ങവനം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

Advt - O

*സന്തപ്ത കുടുംബാംഗങ്ങൾ*

9-ാം ചരമ വാർഷികം
28-02-2022



**എം. എ. തങ്കച്ചൻ**

മഠത്തിൽ ഗ്രേസ്, നാലാഞ്ചിറ, തിരുവനന്തപുരം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

By Sorrowing Family

Advt -O

16-ാം ചരമ വാർഷികം
28-2-2022

22-ാം ചരമ വാർഷികം
29-1-2022



**N. U. Thomas**

**Chinnamma Thomas**

**Neduvoppil, Eara**

മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

Advt - R

# ആദരാഞ്ജലികൾ



**റവ. സി. മഗ്ദലന മാർഗ്രറ്റ് (83) USA**

**കുറിച്ചി മഗ്ദലനമറിയം**
**കോൺവെന്റിന്റെ അനുശോചനം**

---

**1st Death Anniversary**
28-02-2022




## Moey Jacob

W/O Late. T. C. Jacob
Puthenchirayil, Eara
By Sorrowing Family

Advt -O

---



## 40 – ാം ചരമദിനം

**08- 02- 2022**

# M.C. ABRAHAM


## (കുഞ്ഞവറാച്ചൻ)

**Manjumankal**
**Angadi, Ranni**

Advt -O

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

| 34 – ാം ചരമവാർഷികം 29 – 02 – 2022 | 15 – ാം ചരമവാർഷികം 29 – 05 – 2022 | 12 – ാം ചരമവാർഷികം 14 – 05 – 2022 | 55 – ാം ചരമവാർഷികം 07 – 01 – 2022 |
|---|---|---|---|
|  |  |  |  |
| എം. യു. ഉതുപ്പാൻ (ഉപ്പായിച്ചായൻ) | ചാച്ചിയമ്മ ഉതുപ്പാൻ | എം. ഒ. ഏബ്രഹാം (പ്രസാദ്) | ഉണ്ണിട്ടൻ ഉതുപ്പാൻ |

**മണിമലേത്ത് ഏജൻസി, റാന്നി**

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O



## 14 – ാം ചരമവാർഷികം

17 – 3 – 2022

# കെ. സി. ജോസഫ്

(അനിയൻകുഞ്ഞ്)

കോയിക്കൽ, അങ്ങാടി, റാന്നി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

കോയിക്കൽ സോമിൽ, അങ്ങാടി, റാന്നി.

കോയിക്കൽ ഫർണിച്ചർ മാർട്ട്, മാമൂക്ക്, റാന്നി
9446708529

കോയിക്കൽ ഫർണിച്ചേഴ്സ്, അങ്ങാടി, റാന്നി
9447395775

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S




# ഐകമത്യം മഹാബലം

ഒരു കൃഷിക്കാരനു നാലുമക്കളുണ്ടായിരുന്നു. എന്നാൽ അവർ തമ്മിൽ എന്നും വഴക്കായിരുന്നു. പിതാവിന്റെ ഉപദേശങ്ങൾക്കോ, ശകാരങ്ങൾക്കോ ഒന്നും അവരെ രമ്യതയിലെത്തിക്കാൻ സാധിച്ചിരുന്നില്ല. ഒരിക്കൽ പിതാവ് അവരോട് കുറെ വിറകു കൊള്ളികൾ ശേഖരിച്ചുകൊണ്ടു വരുവാൻ ആവശ്യപ്പെട്ടു. ശേഖരിക്കപ്പെട്ട വിറകുകൊള്ളികൾ ഒന്നിച്ചു കൂട്ടിക്കെട്ടി ഒരു വലിയ കെട്ടാക്കിയിട്ട് പിതാവ് മക്കളോടു പറഞ്ഞു. “നിങ്ങൾ ഈ കെട്ട് വിറക് ഒന്ന് പൊട്ടിക്കൂ.” മക്കൾ ഓരോരുത്തരായി ആ കെട്ടിലെ വിറക് ഒടിക്കാൻ ശ്രമിച്ചു നോക്കി. സാധിക്കാതെ വന്നപ്പോൾ അവർ ഒരുമിച്ചു ശ്രമിച്ചു. എന്നിട്ടും സാധിച്ചില്ല. അപ്പോൾ പിതാവ് ആ കെട്ടഴിച്ചു, വിറകുകൊള്ളികൾ ഒന്നൊന്നായി എടുത്ത് മക്കൾക്കു കൊടുത്തിട്ട് അത് ഒടിക്കാൻ പറഞ്ഞു. ഏവർക്കും അത് നിഷ്പ്രയാസം സാധിച്ചു. ആ പിതാവ് മക്കളോട് പറഞ്ഞു “നിങ്ങൾ ഓരോരുത്തരും വെവ്വേറെ നിന്നാൽ ആർക്കും നിങ്ങളെ തോല്പിക്കാൻ സാധിക്കും. എന്നാൽ ഒറ്റക്കെട്ടായി നിന്നാൽ ഏതു ശക്തരേയും നിങ്ങൾക്കു നേരിടാം.”

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

**ഫെബ്രുവരി മാസത്തിലെ ചോദ്യങ്ങൾ**

1. ബൈബിളിൽ പറഞ്ഞിരിക്കുന്ന ഒരു സ്ഥലവും നമ്മുടെ ഒരു സമയവും ഒന്നാണ്. ഏതാണ് ഈ സ്ഥലം?
2. പേരിൽ മൂന്നക്ഷരം ഉള്ള ഒരു വൃക്ഷം, നടുവിലെ ഒരക്ഷരം മാറ്റിയാൽ കേരളീയരുടെ ആഹാരം ഏതാണ് ഈ വൃക്ഷം?
3. ശരീരത്തിന്റെ അവയവവുമായി ബന്ധപ്പെട്ട ഒരു ഗോപുരം ബൈബിളിലുണ്ട് ഏതാണ് ഗോപുരം?
4. ബൈബിളിൽ ഒരു ഭൂതം മറ്റൊരു ഭൂതത്തെ വിളിക്കുന്നു. രണ്ടിനും പേര് ഒന്നാണ്. ഇതിന് കാടുമായി ബന്ധമുണ്ട് ഭൂതത്തിന്റെ പേരെന്ത്?
5. വേരില്ലാതെ പൂവും ഫലവും ഉണ്ടായിരുന്ന വസ്തു ഏത്?
6. ഉത്തമഗീതം ഒന്നാം അദ്ധ്യായത്തിൽ ഒരു സ്ത്രീയുടെ പേരോടുകൂടിയ ഒരു മരമുണ്ട്. മരം ഏത്?
7. എന്റെ പേര് ബൈബിളിലെ ഒരു പുസ്തകത്തിൽ മാത്രമേയുള്ളു. ഞാൻ യഹോവയുടെ ദൂതനെ നേരിട്ട് കണ്ടിട്ടുണ്ട്. എന്റെ പേരിൽ ഒരു പ്രവാചകൻ ഒളിഞ്ഞു കിടപ്പുണ്ട്. ഞാൻ ആരാണെന്നു പറയാമോ?
8. ഒരു സർക്കാർ വാഹനത്തിന്റെ പേരിൽ അവസാനിക്കുന്ന ഒരു പേര് ബൈബിളിൽ ഉണ്ട്. പേരെന്ത്?
9. വേദപുസ്തകത്തിലെ ആദ്യത്തെ സംഘനൃത്തത്തിന് നേതൃത്വം നൽകിയ വ്യക്തിയുടെ പേര്?
10. യിസ്രായേൽ മക്കൾ ഉണ്ടാക്കി ചുട്ടെടുത്ത ഒരു സാധനം തിന്നാൻ കൊള്ളില്ലായിരുന്നു. എന്താണ് അത്?

**ജനുവരി മാസത്തിലെ ഉത്തരങ്ങൾ**

1. 1189
2. യെശയാവ്
3. ചെറിയവൻ
4. ബെന്യാമിൻ
5. ഹോമയാഗം
6. എസ്ഥേർ, ഉത്തമഗീതം
7. യോവേൽ
8. കൂടാരപെരുന്നാൾ
9. ആശയറ്റവന്റെ
10. സിംഹം

# കരയുന്ന മാനസം

